# സുപ്രതീക്ഷാവിജയം

(നാടകം)

ഗ്രന്ഥകർത്താവ്,
കവി. വി. എസ്. അൻഡ്റൂ
അവർകൾ.

T62
An26

"S. H. League."  Nos. 241-242.
Dec. 1941. & Jan. 1942.

# സുപ്രതീക്ഷാവിജയം നാടകം,

അഥവാ,

# ജോൺബോസ്ക്കോചരിതം.

HOUSE OF STUDIES O.C.D. MANGALORE
CANCELLED.

ഗ്രന്ഥകർത്താവ്,
സരസഗായകകവി. വി. എസ്. അൻഡ്രൂ
അവർകൾ.

DHARMARAM COLLEGE LIBRARY, BANGALORE.
7161
P21
T.62
Am.26

*St. Joseph's Apostolic Seminary,*
*ALWAYE.*

NIHIL OBSTAT.

Fr. JOHN JOSEPH, O. C. D.

Ap. Seminary Alwaye.

5-11-1941.

IMPRIMATUR.

✠ JOSEPH ATTIPETTY,

*Ernakulam, 15-11-1941.* *Abp., Verapoly.*

# പ്രസ്താവന.

സാഹിത്യനഭസ്സിൽ സർവ്വോപരിയായ ഒരു സ്ഥാനം ദൃശ്യകാവ്യത്തിനു സിദ്ധിച്ചിട്ടുണ്ട്. നാടകം ഇവയിൽ പ്രാധാന്യത്തെ അർഹിക്കുന്നു. തന്മയത്വത്തോടുകൂടി നാടകം എഴുതിഫലിപ്പിക്കുക എന്നുള്ളതു പ്രായേണ സൂരീന്ദ്രന്മാർക്കുപോലും ദുഷ്കരമത്രെ. അതിനാലാണു "നാടകാന്ത്യം കവിത്വം" എന്നു പൂർവ്വസൂരികൾ ഈ വിഷയത്തിൽ വിധിത്തീർപ്പു കല്പിച്ചിട്ടുള്ളതു്. സാഹിത്യപരമായ വിവിധശാഖകളിൽ പ്രവർത്തിച്ചു തഴക്കവും പഴക്കവും സമ്പാദിച്ചതിതിനുശേഷം കവി അവസാനമായി തന്റെ സാഹിത്യപരിശ്രമത്തിനു നാടകംകൊണ്ടു മകുടം ചാർത്തണമെന്നാണ് അഭിജ്ഞസിദ്ധാന്തം. കാളിദാസന്റെ ശാകുന്തളവും ഭവഭൂതിയുടെ ഉത്തരരാമചരിതവും ഇതിനു ദൃഷ്ടാന്തങ്ങളാണ്. പ്രതിഭാസമ്പന്നരായ ചിലർക്കുമാത്രമേ ഇതിൽ വിജയംനേടാൻ സാധിച്ചിട്ടുള്ളൂ. അതിന്റെ രഹസ്യം നാടകകർത്താവു്, 'നാടകം' (നാട്ടിന്റെ അകം) നന്നായി പഠിച്ചിരിക്കണം എന്നുള്ളതാണ്. നാടകത്തിലുള്ള വിവിധപാത്രങ്ങളെ വൈവിധ്യത്തോടുകൂടെ പ്രദർശിപ്പിക്കുവാനുള്ള ലോകപരിചയവും താദാത്മ്യഭാവത്തിൽ രസാത്മകങ്ങളായ സംഭാഷണങ്ങൾകൊണ്ടു രംഗസ്ഥിതരെ ആകർഷിക്കുവാനുള്ള പാടവവും നാടകകർത്താവിനുണ്ടായിരിക്കണം. ചക്രവർത്തിമുതൽ യാചകൻ വരെയുള്ള മനുഷ്യപ്രകൃതിയെ അയാൾ ഹൃദിസ്ഥമാക്കുകയും അതതു പാത്രങ്ങൾക്കനുഗുണമായ ഭാഷയിൽ അവരെക്കൊണ്ടു പറയിക്കുകയും ചെയ്യുന്നതിൽ കവി മനസ്സിരുത്തണം. അപ്രകാരം എഴുതുന്നതിൽക്കൂടെ നാടകത്തിന്റെ സ്ഥായിയായ "രസം" ക്രമാനുഗതം പുരോഗമിച്ച് അതിന്റെ പരമകാഷ്ഠയിൽ എത്തത്തക്കവിധത്തിലുള്ള ഔചിത്യം ദീക്ഷിക്കണം. എഴുത്തുകാരൻ കരയുന്നില്ലെങ്കിൽ പ്രേക്ഷകരും കരയുന്നതല്ല; എഴുത്തുകാരൻ ചിരിക്കുന്നില്ലെങ്കിൽ പ്രേക്ഷകരും തഥൈവ. ച

രുക്കിപ്പറഞ്ഞാൽ നാടകമെഴുത്തുകാരൻ എല്ലാ പാത്രങ്ങളുടേയും ഭാഗം ആദ്യമായി തന്റെ അന്തരംഗംകൊണ്ട് അഭിനയിച്ചു ഫലിപ്പിക്കുവാൻ കഴിവുള്ള ഒന്നാംതരത്തിലൊരു നടൻതന്നെ ആയിരിക്കണം. പ്രേക്ഷകനും നടനും താൻതന്നെ ആയി നാടകത്തിന്റെ കലാപരമായ സൗകുമാര്യം സാധിതപ്രായമാക്കിയാൽ ആ നാടകം രംഗപ്രയോഗാർഹമാണെന്നു പറയാം.

അനുഭവരസാത്മകത-ത്തോടുകൂടെ ഇപ്രകാരം എഴുതപ്പെടുന്ന നല്ല നാടകങ്ങൾ പ്രഹസനങ്ങൾ മുതലായവ മാതൃഭാഷയിൽ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ഉള്ളവയിൽ പലതും കേരളീയസംസ്കാരത്തിനു ബാധകവും സദാചാരവിധ്വംസകവും ആണെന്നു പറയാതെ നിവൃത്തിയില്ല. ചില നല്ല നടന്മാർ അഭിനയിക്കുന്നതുകൊണ്ടു പ്രേക്ഷകർ രസിക്കുന്ന പല നാടകങ്ങളും നമ്മുടെ ഇടയിലുണ്ട്. നടന്മാരുടെ വ്യക്തിമാഹാത്മ്യംകൊണ്ടുമാത്രമാണ് അത്തരം നാടകങ്ങളെ ജനസാമാന്യം ആദരിക്കുന്നത്.

പത്തിനെട്ടും സംസ്കൃതപദങ്ങളായിരുന്നാൽ "നല്ലനാടകം! പ്രൗഢമായ ഭാഷ!" എന്നും മററും പ്രശംസിച്ചുപറയുന്ന ചിലരുണ്ട്. ഇക്കൂട്ടർക്കുപോലും അതിന്റെ അർത്ഥം എന്തായിരുന്നു എന്ന് ഒരു രൂപവും കാണുകയില്ല. കേൾക്കുന്നമാത്രയിൽ അർത്ഥം സുഗ്രഹമാകത്തക്കവിധത്തിലുള്ള ലാളിത്യം നാടകത്തിലെ ഭാഷയ്ക്കു കൂടിയേ കഴിയൂ. അപ്രകാരമല്ലെങ്കിൽ "ലാക്കുതെററിയ വില്ലാളി തന്റെ വല്ഗിത"മെന്നപോലെയായി പരിണമിക്കയേ ഉള്ളൂ. ചരിത്രപരങ്ങളും കല്പിതങ്ങളും മററുമായി വന്ന–ൽപ്പരം നാടകങ്ങളും പ്രഹസനങ്ങളും ഞാൻ രചിച്ചിട്ടുണ്ട്. ഇവയിൽ പലതും ഇതേവരെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. "കല"യും "കമല"യുമായുള്ള മത്സരം സുപ്രസിദ്ധമാണല്ലോ. ഈ വിഷമസ്ഥിതി പരിഹരിക്കുന്നതിലേക്ക്, സവ്ഥാ എന്റെ അഭ്യുദയകാംക്ഷിയും ഒരു സാഹിത്യപ്രണയിയുമായ ബഃ ഫാദർ ജേക്കബ് മാവുങ്കൽ ഒരു പ്രതിവിധി കണ്ടുപിടിച്ചു. എസ്. എച്ച്. ലീഗ് ഭാരവാഹികളുമായി എന്നെ

പരിചയപ്പെടുത്തുക എന്നുള്ളതായിരുന്നു അതു്. ലീഗിൻെറ ജീവനാഡിയായ ശാസ്ത്രകോവിദൻ ബ. ഫാദർ സഖറിയാസ്, വൈദികവര്യന്മാർ മാത്യു വടക്കേൽ, തോമസ് കൊച്ചുയ്യങ്കാനാൽ, ജോർജ് പുത്തൻപുര, ജോൺ കുന്നപ്പള്ളി, എന്നിവരുമായി ഞാൻ പരിചയപ്പെട്ടു. അതിൻെറ സ്മാരകമായിട്ടാണു് ഈ "സുപ്രതീക്ഷാവിജയ"ത്തിൻെറ പുറപ്പാടെന്നു പറയാം.

ലീഗുവകയായി പ്രസിദ്ധീകരിച്ചിട്ടുള്ള വി. ജോൺബോസ്കോയുടെ ജീവചരിത്രത്തെ അധികരിച്ചു രചിച്ചിട്ടുള്ളതാണു് ഈ"സുപ്രതീക്ഷാവിജയം"നാടകം. മംഗലപ്പുഴ വൈദികമഹാവിദ്യാലയത്തിലേ മലയാളപണ്ഡിതർ ഫാദർ കുന്നപ്പള്ളി അവർകളും, ആലപ്പുഴ സെൻറ് ആൻറണീസ് അനാഥമന്ദിരത്തിൻെറ ഡിറക്ടറും സാൻറാക്രൂസ് പ്രസ്സുമാനേജരുമായ ഫാദർ റെയിനോൾഡ് അവർകളും ഇതു രചിക്കുന്നതിൽ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്.

എൻെറ സാഹിത്യപരിശ്രമങ്ങളെ സകൗതുകം വീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വെരി റവറണ്ടു ഫാദർ ജെ. ഗുഡീഞ്ഞോ, റവ. ഫാദർ ചാറത്സ് നെറോഞ്ഞ എന്നിവരേയും ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത ബ. വൈദികന്മാർ ഓരോരുത്തരോടും എനിക്കുള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

വൈദികന്മാരുടെ മാതൃകാപുരുഷനും ഒരു സിദ്ധനുമായ കഥാനായകൻെറ സുദീർഘമായ ചരിത്രത്തിൽനിന്നു പലതും ഈ നാടകത്തിൽ വിട്ടുകളയേണ്ടതായി വന്നിട്ടുണ്ടു്. നമ്മുടെ സമകാലികൻ എന്നുതന്നെ പറയാവുന്ന ഈ പുണ്യപുരുഷൻ വളരെ ലഘുവായ തോതിൽ സമാരംഭിച്ച ഓറട്ടറിപ്രസ്ഥാനം വിജശ്രീലാളിതമായി, ആയിരത്തിയഞ്ഞൂറിൽപ്പരം അനാഥബാലന്മാരുടെ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങൾ ഭംഗിയായി നിർവ്വഹിച്ചുപോരുന്നതു പാർലിമെൻറംഗങ്ങൾ സന്ദർശിച്ചു് അത്ഭുതപരതന്ത്രന്മാരാകുന്ന ഘട്ടംവരെ—ഏതാണ്ടു

മൂന്നുമണിക്കൂറുകൊണ്ടു് അഭിനയിച്ചുതീക്കുവാൻ വേണ്ടേടത്തോളം—മാത്രമേ ഇതിൽ സ്വീകരിച്ചിട്ടുള്ളു. ചരിത്രം പൂർത്തിയാവണമെങ്കിൽ രണ്ടാംഭാഗമായി ഇത്രയും വലുപ്പത്തിലെങ്കിലും, ഒരു നാടകംകൂടി എഴുതിയേ കഴിയൂ. വേണ്ടിവന്നാൽ അതു പിന്നീടാവാം.

പ്രശസ്തമായ ലീഗ്ഗവഴിയായിത്തന്നെ, എഴുതിക്കഴിഞ്ഞിട്ടുള്ള എൻെറ മററു സാഹിത്യപരിശ്രമങ്ങളും മഹാജനസമക്ഷം സമർപ്പിക്കാൻ സാധിച്ചേക്കാം. ഈ "സുപ്രതീക്ഷാവിജയം" അതിൻെറ നാന്ദിയായും വൈദികലോകത്തിനു പൊതുവിൽ ഒരു ഉപഹാരമായും കേരളീയമഹാജനസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

ചെല്ലാനം.
13—12—1116.

ഗ്രന്ഥകർത്താവ്,

# സുപ്രതീക്ഷാവിജയം നാടകം,

അഥവാ,

# ജോൺബോസ്കോചരിതം.

## അങ്കം ൧

### രംഗം ൧

### ബോസ്കോവസതി.

(ക്രൂശിതരൂപത്തിൻമുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുന്ന മാർഗരററ്, അൻറണി, ജോസെഫ്, ജോൺ എന്നിവർ പ്രത്യക്ഷപ്പെടുന്നു.)

(കാരുണികനാം ദൈവമേ, or ഗോഡ് ഓഫ് മേഴ്സി എ. മ.)

ദ്യോവിൽ വാഴും ഞങ്ങളുടെ ദയയുള്ള പിതാവേ,
പാവനമാക്കീടുകണ്ടേ ഭവ്യമായ നാമത്തെ.
നിൻെറ രാജ്യം വന്നിടേണം നിൻെറ ദിവ്യമാനസം
സ്വർഗ്ഗരാജ്യം തന്നിലേപ്പോൽ ക്ഷോണിയിലുമാകണം.

(മേരി എത്ര മോദമിപ്പേരെൻറ കണ്ണുങ്ങൾക്ക്. എ. മ.)

അന്നന്നുള്ളോരപ്പം ഇന്നു ഞങ്ങൾക്കേകീടുക
അന്യായം ചെയ്തവരോടിഹ ഞങ്ങൾ ക്ഷമിക്കുംപോൽ
ദുർന്നയം ഞങ്ങൾ ചെയ്തതെല്ലാം ഓ! അങ്ങു ക്ഷമിച്ചരുൾക
ദുർന്നയം ഞങ്ങൾ ചെയ്തതെല്ലാം ഓ! അങ്ങു ക്ഷമിച്ചരുൾക.

(ഈശോ എൻസ്നേഹമേ. എ. മ.)

അന്യായപ്രേരണാവിധേയരാവാതെ
മന്നിൽ വിശേഷമായി എല്ലാ പാപത്തിൽനിന്നും
ഓ! ഓ! ദിവ്യതാതാ! അങ്ങുന്നു കാത്തു രക്ഷിച്ചരുൾക
ഓ! ഓ! ദിവ്യതാതാ! അങ്ങുന്നു കാത്തുരക്ഷിച്ചരുൾക.

(എല്ലാവരും എഴുന്നേററു യഥോചിതം ഇരുന്നിട്ട്)

മാർഗ— എൻെറ മക്കളേ! നിങ്ങളുടെ വത്സല പിതാവ് അന്തരിച്ചിട്ടു നാളെയ്ക്കു് എട്ടു കൊല്ലം തികയുന്നു. നമ്മുടെ ഈ നിർദ്ധനകുടുംബം ദൈവാനുഗ്രഹത്താൽ അബലയായ എൻേറയും കുട്ടികളായ നിങ്ങളുടേയും അദ്ധ്വാനംകൊണ്ടു പട്ടിണികൂടാതെ കഴിഞ്ഞുകൂടുന്നുണ്ടു്. എന്നാൽ, നാം ഇപ്രകാരം കഷ്ടപ്പെട്ടു അദ്ധ്വാനിക്കുന്നതിൻെറ ഫലം ഒരു കള്ളൻ അപഹരിക്കാൻ തുടങ്ങിയാൽ നിങ്ങൾ അവനെ എന്തുചെയ്യും?

ആൻറണി— എന്തു ചെയ്യുമെന്നോ? എൻെറ ഇരുമ്പുവടികൊണ്ടു് അവൻെറ തലയ്ക്കുതന്നെ വീക്കും. ആ ഒരടികൊണ്ടു തന്നെ അവൻ നിലംപതിക്കുമെന്നുള്ളതു തീർച്ചയാണ്. പിന്നെ, അടിമേലടി അടിച്ചു് അവൻെറ ദുഷിച്ച തലച്ചോറെല്ലാം പുറത്തേയ്ക്കു ചാടിക്കും.

ജോസെഫ്— കള്ളനെ കണ്ടുമുട്ടിയാൽ ഉടനെ പോലീസിൽ ഏല്പിക്കയല്ലേ അതിനെക്കാൾ നല്ലതു്?

ജോൺ— നമ്മുടെ പ്രയത്നഫലം കുറേ വല്ലതും നഷ്ടപ്പെട്ടുകയല്ലേ ചെയ്യുന്നുള്ളു. അതു നമുക്ക് ആദ്യമായി ക്ഷമിച്ചു്, മേലാൽ ഇത്തരം നീചകൃത്യം അനുഷ്ഠിക്കരുതെന്നു ഗുണദോഷിച്ചയച്ചാൽ പക്ഷേ അവൻ സദ്വൃത്തനായിത്തീരുമെങ്കിൽ അതല്ലേ ഉത്തമം.

ആൻറ-- പോടാ ഫോ! അതു നീ തനിച്ചു് അദ്ധ്വാനിക്കുന്ന സ്ഥലത്തു വരുമ്പോഴാകട്ടെ. അപ്പോൾ അവിടെ വരുന്ന കള്ളനു നീ പണക്കിഴികൂടെ കൊടുത്തയയ്ക്കു. വിഡ്ഢി! കള്ളനെ ഗുണദോഷിച്ചയയ്ക്കണംപോലും! നീ ഒരു ചുണ്ണാമ്പുതലയൻതന്നെ.

ജോൺ-- ചുണ്ണാമ്പെങ്കിലുമുണ്ടല്ലോ. ഒന്നുമില്ലാത്തതിനെക്കാൾ ഭേദമെന്നു ഞാൻ സമാധാനപ്പെട്ടേക്കാം.

ആൻറ-- (സകോപം) ഛടി! ചെറേറ! നീ എന്തുപറഞ്ഞു? ഞാൻ ഓട്ടത്തലയനെന്നല്ലേ നീ പറഞ്ഞതിൻെറ യുക്തി.

ജോൺ— എന്നു ഞാൻ പറഞ്ഞോ?

ആൻറ— എടാ, പട്ടീ, ഇതൊക്കെ മനസ്സിലാക്കാൻ എനിക്കും കഴിയും. ഞാനും എൻെറ അമ്മയുടെ മുലപ്പാലു നല്ലവണ്ണം കുടിച്ചുതന്നെയാണു വളർന്നതു്. മമ്മ നിന്നെ കുറെ അധികം ലാളിക്കുന്നുണ്ടു്. അതുകൊണ്ടു നീ വല്ലാതെ പുളയ്ക്കുന്നു. പക്ഷേ, ഈ ആൻറണിഃച്ചുട്ടനോടു കളിക്കുന്നതു സൂക്ഷിച്ചുവേണം, കേട്ടോ? ഞാൻ പറഞ്ഞിരിക്കുന്നു.

മാർഗ— എൻെറ മകനേ! ആൻറണീ! നീ എൻെറ ഭർത്താവിൻെറ ആദ്യഭാര്യയിലുള്ള പുത്രനാണെങ്കിലും എൻെറ മകനേ എന്നാണല്ലോ നിന്നേയും ഞാൻ വിളിക്കുന്നതു്. ജോസെഫിനേയും ജോണിനേയും അപേക്ഷിച്ചു കോപസ്വഭാവം നിനക്കു കൂടുതലായിട്ടുണ്ടു്. എൻെറ വത്സാ, അതിനെ നീ നിയന്ത്രിഃച്ചു മതിയാവൂ.

ആൻറ— ഓ! മമ്മയുടെ സ്വന്തംപുത്രന്മാർ രണ്ടുപേരും ഉത്തമന്മാർ! സത്സ്വഭാവന്മാർ! ഞാൻ ഒരു മുരടൻ! മുട്ടാളൻ!

മാർഗ— വത്സാ! ആൻറണീ! എൻെറ സ്വന്തം പുത്രന്മാരെപ്പോലെതന്നെയാണു നിന്നേയും ഞാൻ സ്നേഹിച്ചുപോരുന്നതു്. നീ ചിലപ്പോൾ പറയുന്ന മുള്ളുവാക്കുകൾ എൻെറ മാതൃഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്നുണ്ടു്. എൻെറ മക്കളേ! ഇതാ ക്ഷമയുടേയും സഹനത്തിൻേറയും ആദർശം! (ക്രൂശിതരൂപം ചൂണ്ടിക്കാണിക്കുന്നു.) അതേ, ക്രിസ്ത്യാനി മറെറാരു ക്രിസ്തുവായിരിക്കണം. വികാരങ്ങളാൽ നിങ്ങൾ പ്രലോഭിതരാകുമ്പോൾ ഈ ക്രൂശിതരൂപത്തെയെങ്കിലും ഓർമ്മിക്കണേ. (കൈകൾ കൂപ്പി ഭക്തിപൂർവ്വം) എൻെറ ദൈവമേ! പ്രലോഭനത്തിനു വിധേയരാക്കാതെ എൻെറ കുഞ്ഞുങ്ങളേയും എന്നേയും കാത്തുകൊള്ളേണമേ.

ജോൺ— വല്യേട്ടാ! ഞാൻ മാപ്പു ചോദിക്കുന്നു. മനഃപൂർവ്വം ചേട്ടനെ അധിക്ഷേപിക്കണമെന്നുള്ള ലാക്കോടുകൂടിയല്ല ഞാൻ അതു പറഞ്ഞതു്.

മാർഗ— ജോണീ, നന്നായി. ഞാനതു പറയാൻ വിചാരിക്കയായിരുന്നു. ഇരിക്കട്ടെ. മക്കളേ! ഞാൻ ആദ്യം കള്ളനെപ്പററി പ്രസ്താവിച്ചതു കാരണംകൂടാതെയല്ല. ഇന്നു നേരത്തേ ഒരുത്തൻ നമ്മുടെ മുന്തിരിത്തോട്ടം സശ്രദ്ധം നോക്കുന്നതായി ഞാൻ കണ്ടു. ആ മനുഷ്യൻ ഇന്നു രാത്രി തോട്ടത്തിൽ കടന്നു മോഷ്ടിക്കുമെന്നുതന്നെ ഞാൻ ഊഹിക്കുന്നു. പക്ഷേ, ഇപ്പോൾ അവൻ തോട്ടത്തിൽ കടന്നിരിക്കാനും മതി. ഏതായാലും നിങ്ങൾ മൂന്നുപേരും തോട്ടത്തിൻെറ മൂന്നു കോണുകളിലായി ഒളിച്ചിരിക്കണം. ഞാൻ തോട്ടത്തിൽ ചുററി നടന്നു നോക്കാം. അവനെ കാണുന്നതായാൽ "കള്ളൻ കള്ളൻ" എന്നു വിളിച്ചു പറയുമ്പോൾ നിങ്ങൾ അട്ടഹസിച്ചുകൊണ്ടു പാഞ്ഞുവരണം.

ആൻറ— അങ്ങനെതന്നെ. എന്നാൽ നിങ്ങൾ രണ്ടാളും കിഴക്കുഭാഗം തെക്കും വടക്കും കോണുകളിൽ പോയിരിക്കുവിൻ. ഞാൻ പടിഞ്ഞാറു വടക്കേ കോണിൽ പോയിരിക്കാം. മമ്മ പടിഞ്ഞാറു തെക്കേ കോണിൽക്കൂടെ തോട്ടത്തിൽ നോക്കണം. ഞാൻ എൻെറ ഇരുമ്പുവടിതന്നെ എടുക്കാം. നിങ്ങൾ രണ്ടാളും നമ്മുടെ ഉലക്ക രണ്ടും എടുത്തുകൊള്ളുവിൻ.

രണ്ടാളും (ഉത്സാഹത്തോടേ) അങ്ങനെതന്നെ.

(മൂന്നാളും പോകുന്നു.)

മാർഗ— വടിയും ഉലക്കയും കൈയിൽ പിടിക്കുന്നതല്ലാതെ അതുകൊണ്ടു് ആരും ഒന്നും പ്രയോഗിക്കരുതേ.

(എല്ലാവരും പോയി.)

## രംഗം ൨

## മുന്തിരിത്തോട്ടം

(ടോം എന്ന കള്ളൻ പ്രവേശിച്ചു വിചാരം.)

ഈ തോട്ടം ബോസ്കോവീട്ടുകാരിൽ ആ വിധവയുടേയും കുട്ടികളുടേയുമാണല്ലോ. അമ്മയും മക്കളുംകൂടെ നന്നായി പ്രയത്നിച്ചതിനാൽ മററുള്ളവയെ അപേക്ഷിച്ചു കേങ്കേമൻ കുല

കളാണ് ഈ തോട്ടത്തിലുള്ളതു്. ഇതിലുള്ള മുന്തിരിക്കുലകളു ടെ മുഴപ്പും തഴപ്പും കണ്ടാൽ ആർക്കാണു കൊതി തോന്നാത്ത തു്? നിത്യവൃത്തിക്കു നിവൃത്തിയില്ലാതെ ചിലർ മോഷ്ടിക്കാറു ണ്ടു്. ആ വക നിവൃത്തിക്കുറവൊന്നും എനിക്കുണ്ടായിട്ടല്ല ഞാ നിതു ചെയ്യുന്നതു്.

"വിശപ്പിന്നു വിഭവങ്ങൾ വെറുക്കോളമിരുന്നാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും."

ഇത്തരത്തിലുള്ള ഒരു കൊതിയല്ലാതെ എന്റെ ഈ പ്ര വൃത്തി ഒരു കളവല്ല. ഇപ്രകാരം പ്രയത്നിച്ച്, കാണുന്നവരുടെ കണ്ണും കരളും കവർന്നാൽ വാസ്തവത്തിൽ കവർച്ച നടത്താ തിരിക്കുന്നതെങ്ങനെ? അഥവാ, കണ്ടുമുട്ടിയാലും ഭരബലയും കു ട്ടികളും എന്തുചെയ്യാൻ? അതിനാൽ,

(യാരീക്കിഘരതപല എ. മ.)

വേണ്ടോളവും കൃസലെന്യേയെടുത്തങ്ങു മണ്ടീടുമീഞാൻ
കണ്ടാലുമൊന്നും വരാനില്ല സൊല്ല
വന്നാൽ ഒന്നങ്ങു നോക്കാം. (വേണ്ടോളവും)

(മട്ടുമാറി)

കുററാക്കുററിരുട്ടിതു ഗുണമായി എന്റെ
ഇഷ്ടംപോൽ തിന്നു ശേഷം കൊണ്ടുപോകാം.

(മട്ടുമാറി)

ഒട്ടുപേർ പഴിക്കാം ഇതു കട്ടുകൊണ്ടുപോയാൽ

(മട്ടുമാറി)

കണ്ടാൽ കൊതിക്കും മട്ടിതുണ്ടാക്കുവാനെന്തുകാര്യം
അലസനെന്റെ ജോലി അവർ ചെയ്തതിന്നീക്കൂലി.

(വേണ്ടോളവും.)

(മുന്തിരിക്കുലകൾ അറുത്തു കൊട്ടയിലാക്കുകയും ഇടയിടെ ഭക്ഷി ക്കുകയും ചെയ്യുന്നു.

മാർഗരററു പതുക്കെ അടുത്തുചെന്നു പെട്ടെന്നു തീപ്പെ ട്ടി ഉരച്ച് ഒരു മെഴുകുതിരി കത്തിച്ചിട്ട്)

മാർഗ— ആഹാ! നല്ല യോഗ്യൻതന്നെ. ഏതാനും മു

ന്തിരിക്കലകൾക്കുവേണ്ടി സ്വന്തം ആത്മാവിനെ അപകടത്തിലാക്കുവാനാണോ നിങ്ങൾ ഇവിടെ കടന്നു വന്നത്?

ടോം— പോടീ! ഫോ! ഈ തോട്ടം നിനക്കു സ്ത്രീധനം കിട്ടിയതാണോ?

മാർഗ— തരക്കേടില്ല. എനിക്കു സ്ത്രീധനം കിട്ടിയതല്ലെങ്കിൽ നിനക്കു മോഷ്ടിക്കാമെന്നോ?

ടോം— മോഷ്ടിക്കയോ? നീ കണ്ടില്ലേ ഞാൻ എടുക്കുന്നത്. ഇനി പോകരുതോ? ഉം—പൊയ്ക്കോളു.

മാർഗ— നല്ല നേരംപോക്കുതന്നെ. കട്ടിട്ടും കള്ളൻ മുന്നോട്ട് എന്നതുപോലെയാണല്ലോ ഇത്.

ടോം— അതേ. അതുതന്നെ. നീ പാട്ടിനു മിണ്ടാതെ പോകുന്നുണ്ടോ?

മാർഗ— ഇല്ലെങ്കിൽ—

ടോം— ഇല്ലെങ്കിലോ! നിന്നെ അയയ്ക്കും.

മാർഗ— നീയോ? ഇവിടെനിന്നോ?

ടോം— അതേടീ! നിന്നെത്തന്നെ. നീ പോയില്ലെങ്കിൽ അയയ്ക്കുന്ന വിദ്യ കാണണോ? (കൈ ചുരുട്ടി അടുക്കുന്നു.)

മാർഗ— (ഉച്ചത്തിൽ) ഇതാ! കള്ളൻ! കള്ളൻ!!

(അൻറണി മുതൽപേരു്)

"പിടിച്ചോടാ! കള്ളനെ പിടിച്ചോടാ! പിടിച്ചോ!"

(എന്നു മൂന്നുഭാഗത്തുനിന്നും ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ട് ഓടി വരുന്നു. കള്ളൻ പരിഭ്രമിച്ച് ഓടി മറയുന്നു.)

അൻറണി— എവിടെ? അവൻ എവിടെ? എങ്ങോട്ടാണ് ഓടിയത്?

മാർഗ — (ചിരിച്ചുകൊണ്ട്) അവൻ തൻെറ ജീവനും കൊണ്ട് എവിടെയെങ്കിലും പൊയ്ക്കൊള്ളട്ടേ. മേലാൽ ഇവിടെ വരുമെന്നു തോന്നുന്നില്ല. അത്രയ്ക്കു ഭയപ്പെട്ടിട്ടുണ്ട്. ഏതായാലും നമ്മുടെ സൂത്രം കണക്കിനു ഫലിച്ചു.

ആൻറ — ഛേ! കളഞ്ഞല്ലൊ നല്ലൊരവസരം! മേലാൽ അവൻആരുടേയും മോഷ്ടിക്കുകയില്ലായിരുന്നു. മമ്മ അവനെ ശരിക്കു കണ്ടോ? അവൻ എന്തുതരക്കാരനായിരുന്നു.

മാർഗ — നീണ്ട കൈകളും കറുത്തിരുണ്ടദേഹവും ഉള്ള ഒരു ഭീമൻ. അവനെ ഞാൻ നമ്മുടെ ചന്തയിൽവച്ചു മുമ്പേ കണ്ടിട്ടുണ്ട്. അന്ന് അവിടെ ചില ചില്ലറസ്സാധനങ്ങൾ വല്ലവരോടും മേല്ലാൽവാങ്ങി വിററു കഷ്ടിച്ചു നിത്യവും കഴിച്ചുകൂട്ടിയിരുന്ന ഒരു കൃശഗാത്രനായിരുന്നു. ചട്ടമ്പിത്തരവും വഞ്ചനയുംകൊണ്ട് ഇപ്പോൾ കുറേ കൈമുതലുള്ള കൂട്ടത്തിലായപ്പോൾ ഒരു തടിയനായിത്തീർന്നിട്ടുണ്ട്. ആരേയും ചീത്തപറയാനും ചട്ടമ്പിത്തരം പ്രവൃത്തിക്കാനുമുള്ള സന്നദ്ധതയും ശരീരത്തിനൊപ്പം സ്ഥൂലിച്ചിട്ടുണ്ട്. എന്നോടും അവൻ ധിക്കാരം പറയാതിരുന്നില്ല. അവൻെറ പേരു നിങ്ങളറിയേണ്ടാ. പോകട്ടെ.

ജോസെ — മമ്മാ, അങ്ങനെവിട്ടാൽ അവൻ കൂടുതൽ ചീത്തയാകും. അവനെ പോലീസിൽ ഏല്പിക്കണം.

ജോൺ — ഇത്തവണ മാപ്പുകൊടുക്കാം. ഇനിയും അവൻ കളവു തുടങ്ങിയാൽ വേണ്ടതു ചെയ്യാം.

മാർഗ — അതേ.

ഉപകാരികളിൽ സാധു എന്നാലെന്തുള്ളു സാധുത,
അപകാരികളിൽ സാധു ആയവൻതന്നെ സാധുവാം.

വരുവിൻ; നമുക്കു വീട്ടിലേക്കു പോകാം. കൊട്ടയും പഴങ്ങളും എടുത്തുകൊള്ളുവിൻ.

(മേൽപ്രകാരം ചെയ്തിട്ട് എല്ലാവരും പോയി).

രംഗം ൩

ബോസ്കോവീടിൻെറ മുൻഭാഗം

(നാലു ബാലന്മാർ പ്രവേശിക്കുന്നു)

൧-ാമൻ — എന്ത്? ഈ വീട്ടിലുള്ളവരൊക്കെ എവിടെപ്പോയി? ഇവിടെ ആരുമില്ലേന്നോ?

വ-ാമൻ — തീകായാൻ വിഷമിച്ചുവന്നപ്പോൾ വീട്ടകാരാരുമില്ല. പക്ഷേ, അവർ തോട്ടത്തിലായിരിക്കാം.

ന-ാമൻ — എനിക്കു തീകാഞ്ഞില്ലെങ്കിലും കളിച്ചാൽ മതി. നല്ല ഒന്നാംതരം പന്നിമറിപ്പൻ മറിഞ്ഞാൽ കുളിരു പമ്പകടക്കും.

തിത്തത്തത്തത്തെഹാ — എന്നു കുട്ടിക്കരണം മറിഞ്ഞു ര്-ാമന്റെ ദേഹത്തുമുട്ടി അവൻ വീഴുന്നു: എഴുന്നേററിട്ട്, വേദന നടിച്ചുകൊണ്ടു

ര്-ാമൻ — (സകോപം) കഴുവേറിക്കഴുവേറി! നീ കഴുവേറിപ്പോട്ടെ. കഴുവേറി. കഴുവേറി.

ന-ാമൻ —ഫ! പട്ടിക്കഴുവേറി, പട്ടിക്കഴുവേറി!

(മാർഗരററു മുതലായവർ വരുന്നു)

മാർഗ — ഛെ! നിങ്ങൾക്ക് ഈവക അശ്ലീലങ്ങളായ വാക്കുകളല്ലാതെ മറെറാന്നും പറയാനില്ലേ?

ര്-ാമൻ — എന്ത്? ഞങ്ങൾക്ക് ഒന്നും പറഞ്ഞുകൂടെന്നോ? ഈ മമ്മായെക്കൊണ്ടു തോററു. ഞങ്ങൾക്ക് ഇവിടെ ഉല്ലസിച്ചുകൂടയോ?

മാർഗ — തീർച്ചയായിട്ടും അവാം. പക്ഷേ, അതു മര്യാദകെട്ടവിധത്തിൽ ആയിരിക്കരുത്.

ന-ാമൻ— ഇതിലെന്തുമര്യാദകേടിരിക്കുന്നു. അപ്പോൾ കല്ലുവച്ച ചില തെറികളുണ്ടു്. അതുകേട്ടാലോ?

ര്-ാമൻ — ഇതിനെക്കാൾ എത്രയോ വലിയ ചീത്തവാക്കുകളാണു മററുള്ള കുട്ടികൾ സാധാരണ പറയാറുള്ളത്.

മാർഗ -- മററുള്ളവർ ആത്മഹത്യ ചെയ്യുന്നുവെങ്കിൽ നിങ്ങളും അപ്രകാരം ചെയ്യുമോ?

ന-ാമൻ -- എന്റെ മമ്മാ! നിങ്ങളോടോ മക്കളോടോ ഞങ്ങൾ വല്ലതും ചീത്തപറഞ്ഞോ? ഞങ്ങൾ തമ്മിൽ പറയുന്നതിനു നിങ്ങൾക്കെന്തു്?

മാർഗ -- നിങ്ങളെപ്പോലുള്ള ദുഷിച്ചകൂട്ടുകാരുടെ സംസർഗ്ഗം അവരേയും ദുഷിപ്പിക്കുമെന്നുള്ളതിനാൽ എനിക്കതു നിയന്ത്രിച്ചേ മതിയാവൂ.

ര-ാമൻ -- അതിനിപ്പോൾ ഞങ്ങളെന്തുവേണം?

മാർഗ -- നിങ്ങൾ ഇത്തരം ചീത്തവാക്കുകൾ പറയുകയോ കുസൃതികൾ പ്രവർത്തിക്കുകയോ മേലാൽ ചെയ്യാതിരിക്കണം.

ര-ാമൻ — അതു സാധിക്കയില്ല. നിങ്ങളുടെ മക്കളെ നിങ്ങൾ പുണ്യവാളന്മാരാക്കിക്കൊള്ളുക. ഞങ്ങൾക്കു ബോധിച്ചതൊക്കെ ഞങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യും. ഇതെന്തു, കന്യകാമഠമോ? അവിടേയും ചിലപ്പോൾ പെൺകുട്ടികളുടെ തകർപ്പുകേട്ടാൽ ചെവിടു പൊട്ടിപ്പോകും. മമ്മ ഒരു വല്ലാത്ത ശ്രേഷ്ഠത്തിയമ്മതന്നെ.

മാർഗ -- (സഗൌരവം) നിങ്ങൾ രണ്ടാളും വേഗം പുറത്തുപോകുവിൻ. എൻെറ വീട്ടിൽ ഇനി ഒരിക്കലും നിങ്ങൾ കടന്നുപോകരുത്.

ഒ-ാമൻ — ഇല്ല, ഇപ്പോൾ പോകുന്നില്ല. ഞങ്ങളെ അയയ്ക്കുന്നതൊന്നു കാണട്ടെ.

ര-ാമൻ — അതേ, ഞങ്ങൾക്കു മനസ്സില്ല. ഞങ്ങൾക്കു കൂട്ടില്ല്യ. ഇതാ! ഞങ്ങൾ പന്നിമറിച്ചൽ മറിയാൻ പോകുന്നു. മറിയിന്നെടാ.

ഒ-ാമൻ — അങ്ങനെതന്നെ. (കൈകൊട്ടിക്കൊണ്ടു്) തിത്ത ത്ത ത്ത ത്ത ത്ത ത്തേ ഹാ. (രണ്ടാളും കുട്ടിക്കരണം മറിയുന്നു).

ആൻറ — (സകോപം) എന്തു്? ഞങ്ങളുടെ വീട്ടിൽ കടന്നിട്ടു് അത്രയ്ക്കു ധിക്കാരമോ? എന്നാൽ, അതൊന്നു കണ്ടുകളയാം. (കൈ ചുരുട്ടി അടുക്കുന്നു).

(മാർഗരററും ജോസെഫും ജോണുംകൂടി ആൻറണിയെ തടുക്കുന്നു)

മാർഗ — മക്കളേ, നിങ്ങളാരും ഒന്നും ചെയ്യേണ്ടാ. ഞാൻ അതിനു നിവൃത്തിമാർഗ്ഗം ഉണ്ടാക്കാം. (പോയി).

൪-ാമൻ — ഈ സൊള്ളുകൊണ്ടൊന്നും പിള്ളേരു കൂട്ടാക്കുകയില്ല. (ഒന്നാമനോടും രണ്ടാമനോടും) നിങ്ങളും മറിയിനെടാ.

൧-ാമൻ -- ഛെര, മര്യാദകേട്; ഞാനില്ല.

൨-ാമൻ -- നിങ്ങൾ കാണിക്കുന്നതു മുട്ടാളത്തരമല്ലേ? ഇതിനൊന്നും ഞങ്ങളില്ല.

൩-ാമൻ — ഛ, ചുണയില്ലാത്ത പട്ടികൾ! നിങ്ങളും പുണ്യവാളന്മാരായിക്കൊള്ളൂ! ഇതാ മറെറാരഭ്യാസം ഞാൻ കാണിക്കാം. (തലകുത്തി കാലു മേലാക്കി നില്ക്കുന്നു)

൪-ാമൻ — എന്നാൽ തിരിഞ്ഞെ. (മേൽപ്രകാരം ചെയ്യുമ്പോൾ വീഴുകയും വീണ്ടും ശ്രമിക്കുകയും ചെയ്യുന്നു. മാർഗരററിനെ അനുഗമിച്ചു ൩-ാമൻേറയും ൪-ാമൻേറയും പിതാക്കന്മാർ ഓരോ വടിയുമായി പ്രവേശിക്കുന്നു. കുട്ടികൾ പരിഭ്രമിച്ച് ഓടുവാൻ ഭാവിക്കുന്നു. രണ്ടാളേയും ഓടിപ്പിടിച്ചിട്ട് അടിച്ചുകൊണ്ട്.)

ഒരുത്തൻ — ആഭാസക്കഴുതകളേ, ഇത്തരം വികൃതികൾ കാണിക്കുമോ? കാണിക്കുമോ? (അടിക്കുന്നു).

അന്യൻ — ഇവിടെവന്ന് ഇവരെ അലട്ടുമോ? അലട്ടുമോ?

കുട്ടികൾ -- ഇല്ല, ഇല്ല, ങ് ഹ്ഹ, (കരയുന്നു.)

രണ്ടാളും — നടക്കു വീട്ടിലേക്ക്. (അടിക്കുന്നു)

കുട്ടികൾ — കരഞ്ഞുകൊണ്ടു പോകുന്നു.

(എല്ലാവരും പോയി)

രംഗം ൪

ഫാദർ കലോസ്സോയുടെ വസതി.

ഫാ. കലോ— (വിചാരം) സ്വഭാവവൈശിഷ്ട്യം, അസാ

ധാരണമായ ഓർമ്മശക്തി, എന്നിവയാൽ അനുഗ്രഹീതനായ ആ ബാലൻ കേവലം കർഷകനായി കഴിഞ്ഞുകൂടേണ്ടവനല്ല. വിനയസമന്വിതമായ അവൻെറ സംഭാഷണത്താൽ ആകൃഷ്ടനായ ഞാൻ, ഒരു പരീക്ഷണത്തിനായി, അവൻ കേട്ടപ്രസംഗത്തിൽനിന്ന് എന്തെങ്കിലും ചിലതു പറയാൻ ആവശ്യപ്പെട്ടു. ആ മേധാസമ്പന്നൻ പ്രസംഗം മുഴുവൻ ഉദ്ധരിക്കുകയാണു ചെയ്തതു്. ഗഹനമായ ആ പ്രസംഗംപ്രത്യക്ഷരം ഉദ്ധരിച്ചുകേട്ടപ്പോൾ ഞാൻ അത്ഭുതപരതന്ത്രനായിപ്പോയി. അതിനാൽ, അവൻെറ ഭാവിയെപ്പററി ചിലതെല്ലാം ആലോചിക്കേണ്ടതിലേക്ക് അമ്മയേയും കൂട്ടിക്കൊണ്ടുവരുവാൻ ഞാൻ അവനെ പറഞ്ഞയച്ചിട്ടുണ്ട്. (നോക്കീട്ട്) ഇതാ! അവരാണല്ലോ വരുന്നതു്.

(മാർഗരററും ജോണും പ്രവേശിച്ചു വൈദികൻെറ കരം ചുംബിച്ചിട്ട മാറിനില്ക്കുന്നു)

ഫാദർ — കൊള്ളാം, എൻെറ മകനേ, നിൻെറ അമ്മയല്ലേ ഇതു്?

ജോൺ — അതേ.

ഫാദർ — നിങ്ങളുടെ പേരു്?

മാർഗ — പിതാവേ, എൻെറ പേരു് മാർഗരററ് എന്നാണു്.

ഫാദർ — സംഗതികൾ ഏതാണ്ടു ജോണിൽനിന്നും ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. ഇവനെ കുറെക്കൂടി പഠിപ്പിക്കുന്നതിനെപ്പററി ആലോചിക്കുന്നതിലേക്കാണു് നിങ്ങളെ കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞയച്ചതു്. ഇരിക്കട്ടെ; ജോണീ, നിനക്കു പഠിക്കാൻ ആഗ്രഹമുണ്ടോ?

ജോൺ — ഉണ്ടു് പിതാവേ, തീർച്ചയായിട്ടും.

ഫാദർ — എന്നാൽ, പിന്നെ നീ എന്തുകൊണ്ടാണു് സ്കൂളിൽ പോകാത്തതു്?

ജോൺ — വല്ല്യേട്ടൻ അതിനു വിരോധിയാണു്.

ഫാദർ — എന്തുകൊണ്ടു്?

ജോൺ — കർഷകരായി കഴിഞ്ഞുകൂടിയാൽ മതിയെന്നാണു ചേട്ടൻ പറയുന്നതു്.

ഫാദർ — എന്നാൽ, നീ എന്തിനാണു പഠിക്കാൻ ആഗ്രഹിക്കുന്നതു്?

ജോൺ — ദൈവം അനുഗ്രഹിക്കുമെങ്കിൽ ഒരു വൈദികനാവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഫാദർ — എന്തിനാണ് ഒരു വൈദികനാകുന്നതു്?

ജോൺ — കുട്ടികളെ എന്റെ അടുക്കൽ വരുത്തി അവരെ വേദോപദേശം പഠിപ്പിക്കുന്നതിനും അവർ ചീത്തയാവാതെ സൂക്ഷിക്കുന്നതിനും. അവർ ചീത്തയായിപ്പോകുന്നതു് ആരും അവരുടെ കാര്യം അന്വേഷിക്കാത്തതുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു.

ഫാദർ — കൊള്ളാം. പ്രിയ മാർഗരററ്, ജോണിനെ നമുക്കു പഠിപ്പിക്കണം. കഴിവുള്ള എല്ലാ സഹായങ്ങളും ഞാൻ അതിലേയ്ക്കു ചെയ്യാം. നിങ്ങൾ എന്തുപറയുന്നു?

മാർഗ — വന്ദ്യപിതാവേ, എനിക്കും ഈ ആഗ്രഹം ഇല്ലാതില്ല. ഞങ്ങളുടെ നിർദ്ധനത്വം അതിനൊരു വിഘാതമായിട്ടുണ്ട്. എന്നാൽ, അഗതികളായ ഞങ്ങളുടെ വിഷയത്തിൽ അവിടുത്തെ ശ്രദ്ധ ആകർഷിക്കപ്പെട്ടതിനാൽ ഇതു ദൈവഹിതാക്രുടിയാണെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ, ദൈവതിരുമനസ്സുപോലെയാകട്ടെ.

ഫാദർ — ശരി. എങ്കിൽ നാളെമുതൽതന്നെ ജോൺ ഇവിടെവന്നു ലത്തീൻ പഠിച്ചുതുടങ്ങട്ടെ. എല്ലാം ദൈവം നിവർത്തിച്ചുതരും. നിങ്ങളുടെ ബെച്ചിയിൽനിന്ന് ഈ മുറിയാൾഡോയിലേക്കു എട്ടുനാഴികയുള്ളതിനാൽ ഇവിടെ താമസിക്കേണ്ടതായിവരുമല്ലോ.

ജോൺ — പിതാവേ, അതു സാരമില്ല. ഞാൻ നടന്നുതന്നെ അതു സാധിച്ചുകൊള്ളാം. പരീക്ഷ സമീപിക്കുമ്പോൾ മാത്രം ഒന്നോ രണ്ടോ മാസം ഇവിടെ താമസിച്ചു പഠിച്ചുകൊ

ള്ളാം. അല്ലാത്തപക്ഷം, അതിലേക്കുള്ള ചെലവിന്റെ കാര്യ്യത്തിൽ എന്റെ മമ്മ വളരെയധികം വിഷമിക്കേണ്ടതായിവരും.

ഫാദർ -- ആ കാര്യ്യം നിന്റെ ഉത്സാഹത്തേയും മനഃസ്ഥൈര്യ്യത്തേയും ആശ്രയിച്ചിരിക്കുന്നു. നിന്റെ പഠനച്ചെലവിൽ പകുതി ഞാൻ നിർവ്വഹിച്ചുകൊള്ളാം.

ജോൺ -- (മുട്ടുകുത്തി വൈദികന്റെ കരം ചുംബിച്ചിട്ട്) എന്റെ പിതാവേ, അവിടുത്തെ സന്മനസ്സിനും ഔദാര്യ്യത്തിനും ദൈവംതന്നെ അങ്ങേയ്ക്കു സംഭാവന നല്കട്ടെ. (തൊണ്ടയിടറി വിരമിക്കുന്നു)

ഫാദർ -- എന്റെ കുഞ്ഞേ, സമാധാനമായിപ്പോവുക. എല്ലാം യഥാകാലം ദൈവം ശരിയാക്കിത്തരും.

(എല്ലാവരും പോയി)

രംഗം ३

തോട്ടം

(ആൻറണിയും ജോസെഫും തോട്ടത്തിൽ ജോലിചെയ്തുകൊണ്ടു നില്ക്കുന്നു.)

ആൻറ— (കൈക്കോട്ട് എടുത്തു നിലത്തു വെട്ടിക്കൊണ്ട്) അധ്വാനിക്കാൻ ഏതാനുംപേർ; അനങ്ങാതെയിരുന്ന് ഈയുള്ളവരുടെ പ്രയത്നഫലം തിന്നുമുടിക്കാൻ ബാക്കിയുള്ളവർ. ആ വികൃതിച്ചെറുക്കൻ ജോണിന്റെ താളത്തിനൊപ്പിച്ചു തുള്ളാൻ മമ്മയും ഒരുക്കംതന്നെ. ഇതൊക്കെ അത്ര നല്ലതിനൊന്നുമല്ല.

ജോസെ— ചേട്ടാ, അവൻ നമ്മുടെ ഇളയ സഹോദരനല്ലേ? അനാവശ്യത്തിനൊന്നുമല്ലല്ലോ അവൻ നടക്കുന്നത്. പ്രതിദിനം പതിനാറുനാഴിക നടന്നാണു പഠിക്കുന്നത്.

ആൻറ— എടാ, അവൻ മുപ്പത്തിയാറു നാഴിക നടക്കുന്നു എന്നുതന്നെ വിചാരിക്കുക! അതുകൊണ്ടു കുടുംബത്തിൽ

അരക്കാശിൻെറ പ്രയോജനമുണ്ടോ എന്നാണു ഞാൻ ചോദി ക്കുന്നതു്.

ജോസെ— ദൈവാനുഗ്രഹത്താൽ അവൻെറ പഠനം പൂത്തിയായാൽ—

ആൻറ—് പഠനം പൂത്തിയായാൽ—?

ജോസെ—എന്തെങ്കിലും പ്രയോജനം ഇല്ലാതിരിക്കുമോ?

ആൻറ— എടാ കഴുതേ! അവൻ പഠിച്ചാൽ അവനു കൊള്ളാം. ഇപ്പറയുന്ന നിനക്കോ എനിക്കോ അതുകൊണ്ടു് അരക്കാശിൻെറ അനുഭവംപോലും കിട്ടുകയില്ല. നമ്മുടെ അധ്വാനത്തിൻെറ ഫലം അവൻെറ പഠനച്ചെലവിനുംമററുമായി ചെലവാകയും ചെയ്യും.

ജോസെ— പഠനച്ചെലവിൻെറ നേർപകുതി നിവ്ഹിച്ചുകൊള്ളാമെന്നു മുറിയാറംഡോയിലേ വികാരിയച്ചൻ സദയം സമ്മതിച്ചിട്ടുണ്ടു്.

ആൻറ— പകുതി നിൻെറ തലയിൽ നിന്നെടുക്കുമോ? ഇപ്പോറംതന്നെ അവൻകൂടെ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഈ ജോലി തീരുമായിരുന്നില്ലേ? അവൻ അധ്വാനിക്കേണ്ടതു കൂടെ നാം ചെയ്യുക! നമ്മുടെ പ്രയത്നഫലംകൊണ്ടു് അവനെ തീററിപ്പോററുക! ഇതിനുംപുറമേ പഠനച്ചെലവിനായി ഗണ്യമായ ഒരു സംഖ്യ ചെലവു ചെയ്യുക! ഇതൊക്കെ അവൻെറ നാശത്തിനുണ്ടാക്കിത്തീർക്കുന്ന കാര്യങ്ങളാണെന്നു ഞാൻ തീത്തു പറയുന്നു.

ജോസെ— ചേട്ടൻ ഇത്ര നിർദ്ദയമായി സംസാരിക്കരുതേ. ഓരോരുത്തൻെറ വാസന അനുസരിച്ചുള്ള വിഷയങ്ങളിൽ പ്രവേശിച്ചു് ഉന്നതിക്കായി ശ്രമിക്കുന്നതിൽ അപ്രകാരമുള്ളവരെ പഴിക്കയല്ല പ്രോത്സാഹിപ്പിക്കയാണു വേണ്ടതു്. നമ്മുടെ സഹോദരനെ അന്യന്മാർ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്യുമ്പോറം നാം അതിനീചമായ സ്വാത്മമനഃസ്ഥിതിയോടുകൂടെ അവൻെറനേർക്കു വത്തിക്കുന്നതു കഷ്ടമല്ലേ?

ആൻറ— (സകോപം) എടാ പട്ടീ! നീ എന്തു പറഞ്ഞു? ഞാൻ നീചനും സ്വാത്ഥപരനും എന്നല്ലേ നീ പറഞ്ഞതിൻെറ യുക്തി. എങ്കിൽ ഈ നീചൻെറ നീചത്തം നിനക്കും അനുഭവമായിരിക്കട്ടെ. (കഴുത്തിനുപിടിച്ചു താഴ്ത്തി ജോസെഫിൻെറ മുതുകിൽ ഇടിക്കുന്നു.)

ജോസെഫ് (കരഞ്ഞുകൊണ്ടു്) അരുതേ. വല്യേട്ടാ! വല്യേട്ടാ! വല്യേട്ടാ —

(നിലത്തു വീണിട്ട് എഴുന്നേററുനിന്നു തേങ്ങിത്തേങ്ങി കരയുന്നു.)

(മാർഗരററുവരുന്നതുകണ്ടു ജോസെഫ് പൊട്ടിക്കരയുന്നു.)

മാർഗ— (അടുത്തു ചെന്ന് ആശ്ലേഷിച്ചിട്ട്) മകനേ, നീ എന്തിനാണു കരയുന്നതു്? ആൻറണീ! എന്താണിതു്?

ആൻറ— അവനോടുതന്നെ ചോദിക്കണം. അല്പംതന്നെ മക്കളെ മയ്യാദ പഠിപ്പിക്കു! അധ്വാനിച്ചു കുടുംബം പുലത്തുന്നതിൻെറ —അതേ, മൂരിയെപ്പോലെ വേലചെയ്യുന്നതിൻെറ കൂലി എനിക്കു കിട്ടി. അവൻ എന്നെ ചീത്ത പറഞ്ഞതിനു ഞാൻ ഒന്നുരണ്ടു കൊടുത്തു. അതിനു പട്ടിമോങ്ങുന്നതുപോലെ ഇപ്പോൾ എത്ര നേരമായി മോങ്ങാൻ തുടങ്ങീട്ട്.

മാർഗ— ജോസെഫ്, നീ ചേട്ടനോടെന്തുപറഞ്ഞു?

ജോസെ— ഞാൻ ചേട്ടനോടു ചീത്ത ഒന്നും പറഞ്ഞില്ല. ജോണിയുടെ പഠനക്കാര്യത്തിൽ വിരോധമായി ചേട്ടൻ പലതും പറഞ്ഞു. അതിനുത്തരമായി ഞാൻ, "നമ്മുടെ സഹോദരനെ അന്യന്മാർ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്യുമ്പോൾ നാം അതിനീചമായ സ്വാത്ഥമനഃസ്ഥിതിയോടുകൂടി വത്തിക്കുന്നതു കഷ്ടമല്ലേ" എന്നുമാത്രമാണു പറഞ്ഞതു്. (സഗൽഗദം) ഉടനെ ചേട്ടൻ ഓടിവന്നു എൻെറ മുതുകിൽത്തന്നെ വളരെ ശക്തിയോടുകൂടി ഇടിക്കയാണു ചെയ്തതു്. (കരയുന്നു )

മാർഗ— ആൻറണി, നീ ചെയ്തതു ഒട്ടും ശരിയായില്ല. നിൻെറ കോപം നിന്നെ മോശമാക്കുന്നു. ഞാൻ നിന്നെ സദാ എൻെറ മകൻ എന്നു വിളിക്കുന്നെങ്കിൽ നിന്നെ അപ്രകാരം കരുതുന്നതുകൊണ്ടാണ്.

ആൻറ— ഓ! അതൊക്കെ എനിക്കു മനസ്സിലായിട്ടുണ്ട്. എൻെറ മമ്മാ! നിങ്ങൾ അധികം തത്വജ്ഞാനം തുടങ്ങുമ്പോൾ ചിലതൊക്കെ ഞാനും പറഞ്ഞുപോകും. "പത്തമ്മ ചമഞ്ഞാലും പെററമ്മയാകുമോ?"

മാർഗ— ഇരിക്കട്ടെ. ഞാൻ ദേഡബുദ്ധിയോടുകൂടി എന്തെങ്കിലും നിന്നോടു പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു പറയണം.

ആൻറ— അധ്വാനിച്ച പണിയെടുക്കുന്ന മൂരിയോടുള്ള സ്നേഹംപോലെ, ഞാനും അധ്വാനിക്കുന്നതുകൊണ്ടു എന്നോടും കണ്ടേക്കാം.

മാർഗ — എൻെറ മകനേ, നിൻെറ മുള്ളുവാക്കുകൾ എന്നെ അത്യധികം വേദനപ്പെടുത്തുന്നു. നീ എന്തുതന്നെ പറഞ്ഞാലും എൻെറ അന്തഃകരണം ശുദ്ധമാണെന്ന് എനിക്കറിയാം. നിൻെറ ഈ കുററത്തിനു തക്കശിക്ഷ നൽകുന്നതിന് എനിക്കു സാധിക്കുമെങ്കിലും ഞാൻ അതു ചെയ്യുന്നില്ല. എൻെറ മക്കൾ ഇത്തരം തെററു ചെയ്തിരുന്നുവെങ്കിൽ ഞാൻ അവർക്കു നല്ല ശിക്ഷ കൊടുക്കുമായിരുന്നു. എന്നാൽ, നിന്നോടു ഞാൻ അതു ക്ഷമിക്കയും നിൻെറ ഈ കോപപ്രകൃതിയെ നിയന്ത്രിക്കുവാൻ വീണ്ടും ഗുണദോഷിക്കയും ചെയ്യുന്നു.

ആൻറ— അതൊക്കെയിരിക്കട്ടെ. ജോണിനെ പഠിപ്പിക്കാൻതന്നെയാണോ തീർച്ചയാക്കിയിരിക്കുന്നതു്? വെറുതെ കുടുംബത്തിൽ നാശമുണ്ടാക്കേണ്ടാ എന്നു ഞാൻ മമ്മയോടു പറയുന്നു. അല്ലെങ്കിൽ, ജാതകത്തിൻെറ ഫലം അനുഭവംകൊണ്ടറിയും.

(ജോൺ പുസ്തകങ്ങളുമായി പ്രവേശിക്കുന്നു)

(ജോണിനോട്) എടാ! നിൻെറ പഠിത്തമെല്ലാം മതിയാക്കുക.

ഈ പുസ്തകങ്ങളൊന്നും മേലാൽ എൻെറ കണ്ണിന്നു കാണരുതു് എന്നു ഞാൻ പറയുന്നു.

ജോൺ— ചേട്ടൻ പുസ്തകങ്ങൾ നോക്കേണ്ടാ.

ആൻറ— അതല്ല പറയുന്നതു്. ഈ പുസ്തകങ്ങൾ ഒന്നും ഇനി ഇവിടെ കാണുവാൻ ഞാൻ സമ്മതിക്കയില്ല. കണ്ടാൽ കരിച്ചു ചാമ്പലാക്കും.

ജോൺ— വല്ല്യേട്ടനു പുസ്തകങ്ങളോട്ട് ഇത്രയ്ക്കു വിരോധം എന്താണാവോ?

ആൻറ— എടാ, കഴുതേ! അവകൊണ്ടു് ഉപജീവനത്തിനു വല്ലതും ഉപകാരമുണ്ടോ? ഞാൻ ഇത്രയ്ക്കു ശക്തനും ആരോഗ്യവാനുമായി വളർന്നുവരുന്നതു പുസ്തകങ്ങൾ ഒന്നും വായിച്ചിട്ടല്ല.

ജോൺ — ചേട്ടൻ പറയുന്ന ന്യായങ്ങൾ ശരിയാണെന്നു തോന്നുന്നില്ല.

ആൻറ— എന്നാൽ ശരിയായ ന്യായം നീ പറയൂ.

ജോൺ— അതിനാണോ വിഷമം. നമ്മുടെ കഴുത ചേട്ടനെക്കാൾ ശക്തിയുള്ളതാണ്. അതും സ്കൂളിൽ പോയിട്ടില്ല. അതിനെപ്പോലെയായിത്തീരുവാനാണോ ചേട്ടൻ ആഗ്രഹിക്കുന്നതു്.

ആൻറ— ഛഃ പട്ടീ! നീ എന്തുപറഞ്ഞു? (കോപാവേശത്തോടേ കൈ ചുരുട്ടിക്കൊണ്ടു ജോണിൻെറ നേർക്കു പായുന്നു. ജോൺ ഓടുന്നു. പുറകേ ആൻറണിയും ഓടുകയും അവിടവിടെ വീണു് എഴുന്നേററുനിന്നു കിതയ്ക്കുകയും ചെയ്തിട്ട്,)

ആൻറ— എടാ, നായേ! നിന്നെ ഞാൻ ഇടിച്ചുകൊല്ലും. നശിച്ച പട്ടീ!നിന്നെ എന്നെങ്കിലും എൻെറ കൈയിൽ കിട്ടും. അന്നു നിനക്കു് ഇതിൻെറ മുതലും പലിശയുംകൂട്ടിത്തന്നില്ലെങ്കിൽ എൻെറ അപ്പൻ ഫ്റാൻസിസ്ബോസ്കോ അല്ല. ഓർമ്മിച്ചുകൊള്ളുക പട്ടീ!

മാർഗ— മകനേ, ആൻറണീ! അവനെ പഠിപ്പിക്കുന്നതു

നിനക്ക് അഹിതമെങ്കിൽ മേലാൽ ഞാൻ അവനെ അയയ്ക്കുന്നില്ല. നിങ്ങൾ സമാധാനത്തോടുകൂടി ജീവിച്ചുകാണുവാനാണു ഞാൻ ആഗ്രഹിക്കുന്നത്. വരൂ! വീട്ടിലേക്കു പോകാം.

ആൻറ— കൊച്ചുമകൻ പറഞ്ഞതു കേട്ടല്ലോ. പൊയ്ക്കൊള്ളൂ, പൊയ്ക്കൊള്ളൂ! ഞാൻ വന്നുകൊള്ളാം. അവനും ഞാനും അത്ര യോജിച്ചു കഴിഞ്ഞുകൂടുമെന്നു വിചാരിക്കേണ്ട. ആ അധികപ്രസംഗിയെ ഞാൻ...... ഉം—ഇരിക്കട്ടെ.

മാർഗ— എൻെറ മകനേ, നിൻെറ മന:സ്ഥിതിയെപ്പററി ഞാൻ വളരെ ദു:ഖിക്കുന്നു. വത്സാ, ഉത്തമനായ ഒരു ക്രിസ്തീയബാലനു് അനുയോജ്യമായ മനോഭാവം നിനക്കു ദൈവം പ്രദാനം ചെയ്യട്ടെ. ഞാൻ അതിനായി നിത്യം പ്രാർത്ഥിക്കുന്നുണ്ടു്. വത്സാ, വരണം പോകാം. (കൈയേൽ പിടിക്കുന്നു.)

ആൻറ— മമ്മാ! പോകണം: ഞാൻ വന്നുകൊള്ളാം.

(എല്ലാവരും പോയി.)

രംഗം ൩

മാർഗരററിൻെറ ശയനമുറി

(ചിന്താനിമഗ്നയായി മാർഗരററ് ഒരു കട്ടിലിൽ ഇരിക്കുന്നു. അടുത്തുതന്നെ ഒരു സോഫായിൽ ജോൺ കിടന്ന് ഉറങ്ങുന്നു)

മാർഗ-- (വിചാരം) കുടുംബസമാധാനത്തെ ലാക്കാക്കി ആൻറണിയുടെ അഭീഷ്ടപ്രകാരം ജോണിയുടെ പഠനം നിറുത്തിയെങ്കിലും, സാധുവായ എൻെറ കുട്ടിയുടെ നേർക്കുള്ള അവൻെറ വിദ്വേഷം തെല്ലുപോലും ശമിച്ചിട്ടില്ല. എൻെറ പ്രത്യേക കരുതൽകൊണ്ടു പറയത്തക്ക അനിഷ്ടസംഭവങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. പക്ഷേ, കോപിഷ്ഠനും പ്രതികാരേച്ഛുവുമായ ആൻറണിയെ എപ്പോഴും ഭയപ്പെടേണ്ടിയിരിക്കുന്നു. എന്തെങ്കിലും കൈയേററം അവൻ ചെയ്യാതിരിക്കുകയില്ല. അപ്രകാരമുള്ള അത്യാഹിതം വല്ലതും സംഭവിക്കുന്നതിനുമുമ്പായി അതിനു നിവൃത്തി

മാൎഗ്ഗം തേടുകയാണല്ലോ വേണ്ടതു്. (ആലോചിച്ച്) അതേ, ജീവരക്ഷാൎത്ഥം ജോണി ഇവിടെനിന്നും എവിടെയെങ്കിലും പോകുന്നതുതന്നെയാണു് ഉത്തമം. (സഗൽഗദം) എൻെറ ദൈവമേ, എൻെറ മകൻെറ മുഖം കാണാതെ ഞാൻ കഴിച്ചുകൂട്ടേണ്ടതെങ്ങനെ? ഇനിയും ബാല്യം മാറിയിട്ടില്ലാത്ത എൻെറ വത്സനെ ഞാൻ എവിടേയ്ക്കാണു പറഞ്ഞയയ്ക്കേണ്ടതു്. എൻെറ ഉറക്കത്തിൽപ്പോലും എന്നെ വന്നു ചുംബിച്ച് ആശ്ലേഷിക്കാറുള്ള ഈ മാതൃവത്സലനോട്, അവൻെറ വത്സലമാതാവായ എന്നെയും, കുഞ്ഞേട്ടനെന്ന് അവൻ അഭിസംബോധനംചെയ്തു സ്നേഹിച്ചുപോരുന്ന സാധുവായ ജോസെഫിനേയും വിട്ടുപിരിഞ്ഞു പോകുവാൻ പറയുന്നതെങ്ങനെ? എന്നു മാത്രമല്ല, അവൻ സ്നേഹിക്കുന്ന എല്ലാവരേയും ജന്മദേശത്തേയും പിതാവിൻെറ ഭവനത്തേയുംകൂടെ വിട്ട് അന്യരാജ്യത്തുപോയി അലഞ്ഞു തിരിഞ്ഞു തെണ്ടിയായി നടക്കണം എന്നു വരുന്നതു് എത്രയോ ദുസ്സഹം! (കരയുന്നു)

ഇതാ, അവൻ ഉണർന്നുതുടങ്ങുന്നു. ധൈൎയ്യം അവലംബിച്ചു വത്സനെ കാൎയ്യം ധരിപ്പിക്കുകതന്നെ. (കണ്ണുനീർ തുടച്ചു ധൈൎയ്യം അവലംബിക്കുന്നു. ജോൺ ഉണർന്നു് എഴുന്നേററു് മാർഗരററിൻെറ അടുത്തുചെന്നു് ആശ്ലേഷിച്ചുകൊണ്ടു സസ്മേരവദനനായി.)

ജോൺ— അല്ല! മമ്മാ ഉണർന്നിരിക്കയാണോ? നന്നായി. എനിക്കൊരു വിശേഷം പറയാനുണ്ടു്.

മാർഗ— മകനേ, നിനക്കെന്താണു പറയാനുള്ളതു്?

ജോൺ-- മമ്മ ശ്രദ്ധിച്ചുകേൾക്കണേ!

ചെഞ്ചുരുട്ടി ആദി. (നമതണയിൻ കാലിൻ എ. മ)

പ. അതിസുന്ദരമായൊരു ദർശനമേ—അമ്മേ—
മമനിദ്രയിൽ കണ്ടു ചെമ്മേ. (അതി)
അതുലവികൃതികളായനവധി ബാലകന്മാർ
അട്ടഹാസം മുഴക്കിയും ബഹളമാർന്നും
ആയവർ തമ്മിൽ കലഹം കൂട്ടിടുന്നതും കണ്ടു ഞാൻ

ഓതി സാന്ത്വനങ്ങളെന്നാൽ നിഷ്ഫലങ്ങളായ്.
(അതിസുന്ദര)

൨. എതിർത്തുമുഷ്ടിപ്രയോഗം തുടങ്ങവേയൊരുദിവ്യൻ
എന്നെ നിരോധിച്ചുചൊന്നാൻ ശാന്തിയുണ്ടാവാൻ
സൗമ്യമായ് വർത്തിച്ചവരെ സ്നേഹരൂപത്തിൽ ജയിപ്പിൻ
തൽക്ഷണം കുഞ്ഞാടുകളായീ കസൃതികൾ. (അതി)

൩. രണ്ടിടത്തിവരെ മേച്ചിൽസ്ഥലമതിൽ നയിക്കുവിൻ
ദർശനസാരംപിന്നെ നീ ഗ്രഹിക്കുമെന്നായ്.
ചൊന്നൊരു നാരീനിനദം സുവിശദം കേൾക്കാറായി
ഇന്നധുനാ നിദ്രയിൽനിന്നുണർന്നിതു ഞാൻ. (അതി)

മാർഗ-- എന്റെ വത്സാ, ഇതു കേവലം ഒരു സ്വപ്നമെങ്കിലും, നിന്റെ ഭാവിയെസ്സംബന്ധിച്ചുള്ള ഗഹനങ്ങളായ തത്ത്വങ്ങൾ പക്ഷേ, ഇതിൽ അന്തർലീനങ്ങളായിരിക്കാം. (ആശ്ലേഷിച്ച്) എല്ലാം ദൈവഹിതംപോലെ സംഭവിക്കട്ടെ.

എന്നാൽ, മകനേ, നിന്റെ ഭാവിയെസ്സംബന്ധിച്ചുതന്നെ നിനക്കും എനിക്കും മർമ്മഭേദകമായ ഒരു സംഗതി എനിക്കു നിന്നോടു പറയാനുണ്ട്.

ജോൺ-- മമ്മാ, അതെന്താണ്?

മാർഗ-- നിന്റെ നേർക്കുള്ള അൻറണിയുടെ വിദ്വേഷം ഇനിയും ശമിച്ചിട്ടില്ലെന്നു നിനക്കറിയാമല്ലോ.

ജോൺ-- ശമിക്കയോ? സൗകര്യംകിട്ടിയാൽ അയാൾ എന്നെ ഉപദ്രവിക്കുവാൻ മടിക്കയില്ല. ഇന്നലെത്തന്നെ ഇരുമ്പുവടിയുമായി എന്റെ പുറകെ പാഞ്ഞുവന്നു. ഞാൻ ഓടി മമ്മയുടെ മുറിയിൽ കയറിയതുകൊണ്ടു രക്ഷപെട്ടു.

മാർഗ-- (സാശ്ചര്യം) ഇന്നലെയോ? ഈ സംഗതി നീ എന്നോടു പറയാതിരുന്നതെന്ത്?

ജോൺ-- എപ്പോഴും ഓരോ അനിഷ്ടസംഭവങ്ങൾ പറഞ്ഞുകേൾപ്പിക്കുന്നതെന്തിന്? കേട്ടാൽ മമ്മ വ്യസനിക്കും: അയാൾ മമ്മയെ അനുസരിക്കുന്നില്ലല്ലോ.

മാർഗ-- എന്റെ പ്രിയപ്പെട്ട മകനേ, എന്നാൽ, ഇനി ഒട്ടും നീ ഇവിടെ താമസിച്ചുകൂടാ. നിന്റെ ജീവരക്ഷയെ ഉദ്ദേശിച്ച് ഇന്നുതന്നെ നിന്റെ പിതൃഭവനത്തേയും ജന്മദേശത്തേയും വിട്ടേ മതിയാവൂ. എന്റെ വത്സാ, നിനക്ക് ഏതെങ്കിലും അത്യാഹിതം സംഭവിച്ചു ഞാൻ കാണുന്നതിനെ അപേക്ഷിച്ചു നീ എവിടെയെങ്കിലും ജീവിക്കുന്നു എന്നുള്ള വിചാരം എനിക്കു കൂടുതൽ ആശ്വാസപ്രദമാണ്.

ജോൺ— മമ്മാ, ഇന്നുതന്നെ ഞാൻ പോകണമോ?

മാർഗ — അതേ, എന്റെ വത്സാ, ദൈവപരിപാലനയ്ക്കു വിധേയനായി നീ ഇപ്പോൾതന്നെ പുറപ്പെടണം എന്നാണു ഞാൻ പറയുന്നത്.

ജോൺ— എങ്കിൽ എന്റെ പുസ്തകങ്ങൾകൂടെ കൊണ്ടുപോകട്ടേ മമ്മാ!

മാർഗ — എന്റെ തങ്കമേ, നിന്റെ പുസ്തകങ്ങളും ഉടുപ്പുകളും എടുത്തു നമുക്ക് ഒരു ഭാണ്ഡമായി കെട്ടാം.

(രണ്ടാളുംകൂടെ മേൽപ്രകാരം ചെയ്യുന്നു. അനന്തരം ക്രൂശിതരൂപത്തിൻ മുൻപിൽ മുട്ടുകുത്തി കൈകൾകൂപ്പി രണ്ടാളും പ്രാർത്ഥിക്കുന്നു)

ആൻറ-- (പങ്ങിപ്പങ്ങി ഇരുമ്പുവടിയുമായി വന്നു മുറിയിലേക്ക് എത്തിനോക്കീട്ട്)

ഈ ദുഷിച്ച മമ്മ പുറത്തേയ്ക്കു പോയിരിക്കുമെന്നാണു ഞാൻ വിചാരിച്ചതു്. ആ ശുണ്ഠിപ്പയ്യനെ എന്റെ ഇരുമ്പുവടിയുടെ ചൂടൊന്നറിയിക്കാൻ ഇതേവരെ സാധിക്കുന്നില്ലല്ലോ. ആ കുറുനരി എന്റെ കണ്ണിയിൽനിന്നെല്ലാം ചാടിക്കളയുന്നു. ചുണ്ണാമ്പുതലയൻ എന്നു ഹാസ്യമായി അവനെ ഞാൻ സംബോധനചെയ്യുന്നെങ്കിലും അവന്റെ ബുദ്ധിതൈക്ഷ്ണ്യം വിചാരിച്ചാൽ അതു അനപത്ഥമായിട്ടുണ്ട്. ഈ ആൻറണിയുടെ സാക്ഷാത്തായ പ്രകൃതി അല്പം പ്രകടിപ്പിച്ചപ്പോൾ പഠനം പാടേ നിറുത്തി. ഇല്ലെങ്കിൽ പുസ്തകങ്ങളെല്ലാം ഞാൻ ചു

ട്ട ചാമ്പലാക്കമായിരുന്നു. എന്നെ അവൻ കഴുതയോടല്ലേ ഉപമിച്ചതു്! ഇന്നു് ഈ ബോസ്കോകുടുംബത്തിലെ നാഥനും നായകനുമായ എന്നെ— കുടുംബസംരക്ഷണാർത്ഥം രാപകൽ അത്യദ്ധ്വാനം ചെയ്തുപോരുന്ന എന്നെ—പിതാവിന്റെ ആദ്യജാതനും അദ്ദേഹത്തോടുകൂടെ ബാല്യംമുതൽ പ്രയത്നിച്ചു കുടുംബോദ്ധാരണം സാധിച്ചവനുമായ എന്നെ— ഇന്നും രണ്ടു വ്യക്തികളാൽമാത്രം സാധിക്കാവുന്ന ജോലി ഏകനായി നിർവ്വഹിച്ച് ഇവരെയെല്ലാം തീററിപ്പോററുന്ന ഈ എന്നെ—പൗരുഷപ്രകൃതിനിമിത്തം ചട്ടമ്പികളെല്ലാം തലകുലുക്കി സമ്മതിക്കത്തക്കവിധത്തിൽ കുടുംബശ്രേയസ്സുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ ആൻറണിബോസ്കോയെ അല്ലേ ആ ദ്രോഹി കഴുതയോടുപമിച്ചതു്. ബോസ്കോകുടുംബത്തിലെ ആദ്യജാതൻ ഞാനെങ്കിൽ— അതേ ഫ്റാൻസിസ് ബോസ്കോയുടെ പ്രഥമസന്താനം ഈ ആൻറണിയെങ്കിൽ എന്റെ ഈ ഇരുമ്പുവടിയുടെ സ്വാദു് ആ ധിക്കാരിയെ അറിയിക്കാതെ ഇന്നു സൂര്യൻ അസ്തമിക്കയില്ല.

(മുറിയിലേക്കു് എത്തിനോക്കിയിട്ടു്)

ഇവൻ മാറാപ്പുമായി എവിടേയോ കടക്കാൻ ഭാവിക്കയാണു്, ശരി മമ്മ മകനെ പറഞ്ഞയയ്ക്കുകയായിരിക്കണം. ഭേഷ്: പുറത്തേക്കു വരട്ടെ. ആ ഇടവഴിയിലുള്ള ഒരു വൃക്ഷത്തിനു മറഞ്ഞിരുന്നു നമ്മുടെ ഈ ഇരുമ്പുവടികൊണ്ടു് ഒന്നു കൊടുക്കണം. ഇപ്പോൾ ഇവിടെ മറഞ്ഞുനിന്നു് ഏതുവഴിക്കാണു പുറപ്പാടെന്നു നോക്കാം. (മറയുന്നു)

(രണ്ടാളും മുട്ടിന്മേൽനിന്നു് എഴുന്നേററു് ആശ്ലേഷിക്കുന്നു)

ജോൺ-- (സഗൽഗദം) മമ്മാ, ഞാൻ എവിടേയ്ക്കാണു പോകേണ്ടതു്?

മാർഗ-- (സഗൽഗദം) ഓമനേ, ദൈവം നിന്നെ നയിക്കുന്ന സ്ഥലത്തേക്കു് എന്നല്ലാതെ ഞാൻ മററൊന്നും പറയുന്നില്ല. (തൊണ്ടയിടറി വിരമിക്കുന്നു)

ജോൺ-- (സധൈര്യം) മമ്മാ, എന്നെക്കുറിച്ചു അവിടുന്നു വ്യസനിക്കരുതേ. ദൈവപരിപാലനയെ ലാക്കാക്കിയാണല്ലോ ഞാൻ പോകുന്നതു്. എവിടേയ്ക്കായാലെന്തു്? അവിടുന്നു് എന്നെ കാത്തുരക്ഷിച്ചുകൊള്ളും.

മാർഗ-- അതേ, നിശ്ചയമായി ദൈവം നിന്നെ കൈവിടുകയില്ല. എന്നാൽ മകനേ, ആദ്യം അടുത്തുതന്നെ വല്ല വയലുകളിലും ജോലി ലഭിക്കുവാൻ ശ്രമിച്ചുനോക്കുക: അതു സാധിച്ചില്ലെങ്കിൽ മണ്ണുക്കോയിലേ മോഗ്ളിയാസ് വീട്ടുകാരുടെ പക്കൽ എന്തെങ്കിലും ജോലിക്കു് അപേക്ഷിക്കുക. അവർ ധനികരും ദയാലുക്കളുമാണു്. നിന്നെ അവർ സ്വീകരിക്കാതിരിക്കുകയില്ല.

ജോൺ--എങ്കിൽ ഞാൻ പോകട്ടെ. ഇതാ, നേരം വെളുത്തുതുടങ്ങി. കുഞ്ഞേട്ടനെ ഇപ്പോൾ ഞാൻ കാണുന്നില്ല. അയാൾ ഇതറിഞ്ഞാൽ വല്ലാതെ കരയും. അമ്മച്ചി സൗകര്യംപോലെ അയാളോടു പറഞ്ഞാൽമതി. എനിക്കുവേണ്ടി നിത്യവും പ്രാൎത്ഥിക്കണേ. എന്നാൽ, അവിടുന്നു എന്നെ ആശീർവദിക്കുക. ഇതാ! ഞാൻ അവിടുത്തെ കരചരണങ്ങൾ ചുംബനം ചെയ്യുന്നു.

(ജോൺ മുട്ടുകുത്തി അപ്രകാരം ചെയ്യുന്നു. മാർഗരററു് മകനെ ആശ്ലേഷിച്ചു ചുംബിക്കുന്നു)

മാർഗ-- എന്റെ തങ്കമേ, സൎവ്വേശ്വരൻ നിന്നെ അനുഗ്രഹിക്കട്ടെ. പരിശുദ്ധജനനിയുടെ സഹായം സൎവ്വദാ നിനക്കുണ്ടായിരിക്കട്ടെ. (രണ്ടാളും മറയുന്നു.)

(ആൻറണി പ്രവേശിച്ചു നോക്കീട്ടു്)

സാധു! ഞാൻ കാരണമാണല്ലോ നാടും വീടും വിട്ടു പോകേണ്ടിവന്നതു്. പോകട്ടെ, ഇത്രയും മതി; ഉപദ്രവിക്കേണ്ടാ.

(എല്ലാവരും പോയി.)

രംഗം ൭

(വിളഞ്ഞുകിടക്കുന്ന ധാന്യവയൽ. കവിണയുമായി മധ്യത്തിൽ
നിന്നു പറവകളെ ആട്ടിക്കൊണ്ടു ജോൺ
പ്രത്യക്ഷപ്പെടുന്നു.)

ജോൺ--

എതുകുലക്കാംബോധി. ആദി. (പാഹി രാമ ചന്ദ്രശേഖരാ എ. മ.)

പ. പോക ദൂരെ കീരജാലമേ ഹൂയ്യോ.
പോക പോക പോ ജവം ഹൂയ്യോ. ഛേരാ!
ച. പഞ്ചവർണ്ണപക്ഷിജാലമേ ഹൂയ്യോ
പ്രാവുകളേ, പോ ജവം ഹൂയ്യോ. ഛേരാ! ഛേരാ!
൩. കാടകളെ കുരുവിജാലമേ ഹൂയ്യോ.
ആററകളെ പോ ജവം ഹൂയ്യോ: ഛേരാ! ഛേരാ ഛേരാ!

എൻെറ വത്സലമാതാവിൻെറ നിർദ്ദേശപ്രകാരം ഞാൻ ഈ മങ്കുക്കോയിലേ മോഗ് ളിയാസ് ഭവനത്തിൽ എത്തുകയും തത്കാലം എൻെറ സ്ഥിതിക്കനുയോജ്യമായ ഈ ജോലിയിൽ എന്നെ അവർ നിയമിക്കയും ചെയ്തിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ചിന്തയോ മതപരമായ വിശ്വാസലേശമോ അറിവോ ഇല്ലാതെ നിരവധി ചെറുപ്പക്കാർ ഈ പ്രദേശങ്ങളിലുണ്ട്. അപ്രകാരമുള്ളവർക്കു മതബോധനം നല്കുവാനായി എൻെറ വിശ്രമസമയങ്ങളെ ഞാൻ വിനിയോഗിച്ചു പോരുന്നു. വിനോദങ്ങളാൽ അവരെ ആകർഷിച്ചു വിജ്ഞാനം നല്കുക എന്നതാണ് എൻെറ പ്രായോഗികപദ്ധതി. 'സാനന്ദസമാജം' എന്നാണ് അതിനു ഞങ്ങൾ കൊടുത്തിരിക്കുന്ന നാമധേയം. ഈ പരിമിതകാലഘട്ടത്തിനുള്ളിൽത്തന്നെ പലരും അതിൻെറ അംഗങ്ങളായിട്ടുണ്ട്. വെയിലു ശമിച്ചുതുടങ്ങുമ്പോൾ ഇവിടെ ധാന്യസംഹാരികളായ പറവകളുടെ ശല്യം കലശലാണ്. എൻെറ ചങ്ങാതിമാരായ 'സാനന്ദസമാജ'ക്കാരെക്കൊണ്ടു അതിനും ചില സഹായങ്ങൾ ഇല്ലാതില്ല. ഇതാ അവർ ഓരോരുത്തരായി വന്നുതുടങ്ങി.

ജോൺ— (പോകട്ടെരെ എന്ന പല്ലവി പാടുന്നു)

ഹൂയ് ഹൂയ്. ഹൂയ്. (എന്ന് ഏററുപാടി കവിണയുമായി ഏതാനും കുട്ടികൾ പ്രവേശിച്ചു പക്ഷികളെ ആട്ടുന്നു.)

ഫ—ാമൻ— ജോണി, ഇനിയെങ്കിലും മതിയാക്കരുതോ? പക്ഷികളെല്ലാം പോയല്ലോ.

റ—ാമൻ— പക്ഷികൾ ഒന്നില്ലാതെ ചേക്കയിലേക്കു പോയിക്കഴിഞ്ഞു. ഇനി വരുക ജോണി, നമുക്ക് ഉല്ലസിക്കാം.

ജോൺ— നിങ്ങൾ പറഞ്ഞതു ശരിയാണ്. നിങ്ങൾ വന്നതുകൊണ്ട് ഇനി വന്നിട്ടു പ്രയോജനമില്ലെന്നു പക്ഷികൾക്കും അറിയാം.

ന—ാമൻ— എന്നു മാത്രമല്ല, ഇതാ കലപ്പയും തോളിലേന്തി കാളകളെയും ആട്ടിക്കൊണ്ടു കർഷകന്മാരും തങ്ങളുടെ വസതികളിലേക്കു പോകുന്നല്ലോ. താനും ഒരു കർഷകനല്ലേ? മതിയാക്കീട്ടു വരുക.

ജോൺ— സ്നേഹിതന്മാരേ, ഒരു യജമാനൻ ആഗ്രഹിക്കുന്നതു തൻെറ ഭൃത്യൻ അധികം പണിചെയ്തു കാണുവാനല്ലേ? എൻെറ കണക്കപ്രകാരം ഇനി അഞ്ചുനിമിഷംകൂടി കഴിയേണ്ടതുണ്ട്.

ര—ാമൻ— ഇല്ല. ഇന്നു തൻെറ കണക്കു ഞങ്ങൾ തെററിക്കും. കൂട്ടരെ, ഈ അഞ്ചു നിമിഷക്കാരനെ നമുക്കെല്ലാവർക്കുംകൂടെ പൊക്കിയെടുത്തു കൊണ്ടുവരണം.

എല്ലാവരും (ഉത്സാഹത്തോടെ) ഹാ! അങ്ങനെതന്നെ.

രസം. രസം. തത്തത്തേഹാ!

(എല്ലാവരുംകൂടി ജോണിയെ പൊക്കിയെടുത്തുകൊണ്ടു നൃത്തംചെയ്യുന്നു)

ജോൺ— (ചിരിച്ചുകൊണ്ട്) എന്നെ നിറുത്തുക.

ഞാൻ വരാം. ഇപ്പോൾ അഞ്ചുമിനിട്ടുനഴിഞ്ഞു.

ഫ-ാമൻ— എന്നാൽ, നിറുത്താം. (നിറുത്തുന്നു)

ഇന്നത്തെ കാര്യപരിപാടി പ്രാചീനം നൃത്തം ആടിക്കാണിക്കാം എന്നല്ലേ അതൊന്നു കാണട്ടേ. ഞങ്ങളും അപ്രകാരം ആടിനോക്കാം.

ജോൺ— അതു ഞാൻ ചെയ്യാം. എന്നാൽ മുട്ടുകുത്തി ഭക്തിപൂർവ്വം ഞാൻ പാടുന്ന സങ്കീർത്തനം ഏററുപാടാത്തവരെ കളിയിൽ കൂട്ടുകയോ പ്രാചീനനൃത്തം ആടിക്കാണിക്കയോ ചെയ്യുകയില്ല.

ഫ-ാമൻ— ശരി: എല്ലാവരും മുട്ടുകുത്തുവിൻ.

(എല്ലാവരും മുട്ടുകുത്തുന്നു)

(ജോൺ പാടുന്നതിനെ ഏററുപാടുന്നു)

(ശ്രീ ശിവഷൺമുഖ. എ. മ.)

വാഴ്ത്തിടും ഞാൻ സർവേശനെ വാഴ്ത്തുമെന്നേരവും മുദാ
സ്തോത്രസങ്കീർത്തനങ്ങൾകൊണ്ടു സ്തുത്യനാം സർവ്വനാഥനെ
൧. ഭക്തിയാർന്നേവരും സദാ ഭവ്യമേകുന്നൊരാമഹാ
വ്യക്തിയെ സാനന്ദം വാഴ്ത്തുവിൻ വിശിഷ്ടഗാനങ്ങൾ
പാടുവിൻ.
൨. പ്രാർത്ഥനയാലെ തോഷമാർന്ന ഭവ്യമേകും ദയാപരൻ
ആർത്തികളാകെ നീക്കുവോൻ ആശ്രിതർക്കഭയമേകുവോൻ
(വാഴ്ത്തിടും ഞാൻ.)

ഫ-ാമൻ — ഇനി നൃത്തമല്ലേ?

ജോൺ— സുവിശേഷം വായനയും ഉപദേശവും കഴിഞ്ഞിട്ടു നൃത്തം.

വ-ാമൻ— ഛാ, ഉപദ്രവം! ഇത്രയും സമയം ഒന്നും മിണ്ടാതെ ഊമയെപ്പോലെ ഇരിക്കാൻ എനിക്കു സാധിക്കയില്ല.

ജോൺ— അപ്രകാരം വൈഷമ്യമുള്ളവരെ കളികളിലും നൃത്തത്തിലും കൂട്ടുകയില്ലെന്നുമാത്രം.

വാ—മൻ എങ്കിൽ എങ്ങിനെയെങ്കിലുമാകട്ടെ. എത്രനേരം പിടിക്കും?

ജോൺ——ഇല്ല, വളരെ കുറച്ചുസമയംമാത്രം. പത്തുമിനിട്ടിൽ ഒട്ടും കൂടുകയില്ല.

ഫ—ാമൻ— പത്തുമിനിട്ടല്ലേ ഉള്ളൂ. അതു സാരമില്ല. എല്ലാവരും ഇരിക്കുവിൻ.

ജോൺ— വെറുതെ ഇരുന്നാൽ പോരാ! പറയുന്നതു ശ്രദ്ധയോടുകൂടെ കേട്ടിട്ട് അതിൻെറ രത്നച്ചുരുക്കമെങ്കിലും ഓരോരുത്തരും പറയണം. അവർക്കുമാത്രമേ നാളത്തെ കാര്യപരിപാടിയിൽ സംബന്ധിക്കുവാൻ സാധിക്കയുള്ളൂ.

ഫ—ാമൻ— അങ്ങനെതന്നെ. എല്ലാവരും സൂക്ഷിച്ചു കേൾക്കണം, കേട്ടോ. ഇല്ലെങ്കിൽ നാളെ ചുരുക്കം പറയുമ്പോൾ ബബ്ബബ്ബ ആയിപ്പോകും.

ജോൺ—എന്നാൽ, എല്ലാവരും ഇരിക്കുവിൻ.

(സന്ദർഭോചിതം സുവിശേഷം വായനയും ഉപദേശവും നടത്തുന്നു)

(അവസാനത്തിൽ എല്ലാവരും ഹസ്തതാഡനം ചെയ്തിട്ട്, ആർത്തുവിളിച്ചുകൊണ്ട് എഴുന്നേററ്) പ്രസംഗകൻ ജോൺ ബോസ്കോ കീ ജെ!

(ചിലർ കുട്ടിക്കരണം മറിയുകയും മററും ചെയ്യുന്നു)

ഫ—ാമൻ— ഏ, ഫേ! നിറുത്തു! നമുക്ക് ആ പ്രാചീനനൃത്തം ആടാം.

എല്ലാവരും— അങ്ങനെതന്നെ. ബോസ്കോ ആടിത്തുടങ്ങട്ടെ.

ജോൺ— എല്ലാവരും നിരന്നുനിന്ന് എന്നെ അനുകരിച്ച് ആടിക്കൊള്ളുവിൻ. (ആടുന്നു)

കർതികതാം കർതികു തൊങ്കത്തരികിട
തോക തരികിട തക തിങ്ങിണാങ്കു തക തിത്തിത്തൈ.
തിമൃതത്തരികിട തൊകതരികിട തക തിങ്ങിണാങ്കു

തക തിത്തിത്തെ. തൊങ്കത്തരികട— തൊക
തരികിട തക തത്തടീങ്കുതാ തകതടീങ്കുതാ
തൊങ്കത്ത് ളാങ്കു തളിങ്ങിണത്തോം. തിന്തത്താം.

(എല്ലാവരും നിരന്നുനിന്നു ബോസ്കോയെ അനുകരിച്ച് ആടുന്നു.)

(എല്ലാവരും പോയി)

രംഗം ൭

തെരുവ്.

(ഭക്ഷ്യങ്ങളോടുകൂടിയ ഒരു കൊട്ട കൈയിൽ തൂക്കിപ്പിടിച്ചു കൊണ്ടു മാർഗരററ് പ്രവേശിക്കുന്നു).

മാർഗ— (വിചാരം) എൻെറ സഹോദരൻ മൈക്കൾ, ജോണിയെ കൂട്ടിക്കൊണ്ടുവന്ന് ആൻറണിയുടെ വിരോധം ശമിപ്പിച്ചുവെങ്കിലും അവൻ വീണ്ടും കലഹം ആരംഭിക്കയാൽ, നീതിന്യായക്കോടതിയുടെ സഹായത്തോടുകൂടി ആൻറണിയുടെ ഓഹരി കുടുംബസ്വത്ത് അവനു ഞാൻ ഭാഗിച്ചുകൊടുത്തതിനാൽ ആ ഉപദ്രവം അവസാനിച്ചു എന്നു പറയാം. ജോണി പഠനം തുടരുന്നുണ്ടെങ്കിലും, ഞങ്ങളുടെ നിർദ്ധനത്വം നിമിത്തം ചില ദാസ്യജോലികൾകൂടെ ചെയ്തും പട്ടിണിനിന്നും വളരെ കഷ്ടപ്പെട്ടിട്ടാണ് എൻെറ വത്സൻ അതു നിർവ്വഹിച്ചത്. ഞങ്ങളുടെ വികാരിയച്ചൻെറ ഉപദേശം അനുസരിച്ചു വൈദികാധ്യയനം നടത്തുന്ന ജോണി ഇന്ന് ഇവിടെ എത്തുന്നതായിരിക്കും. സാധുവായ എൻെറ മകൻ ജോസെഫ് പണിയെടുത്തു നന്നേ ക്ഷീണിച്ചിട്ടുണ്ട്. പണിയെടുത്തുതുടങ്ങിയാൽ ഭക്ഷണകാര്യംപോലും അവൻ വിസ്മരിച്ചുകളയും. മണി മൂന്നുകഴിഞ്ഞിട്ടുണ്ട്. ഇതേവരെ അവനെ കാണാഞ്ഞതുകൊണ്ടാണു ഞാൻ ആഹാരവുമായി പുറപ്പെട്ടതു്. ഇതാ! വയൽ! അങ്ങോട്ടു ചെല്ലാം.

(വയലിൽ പണിയെടുത്തുകൊണ്ടു നില്ക്കുന്ന ആൻറണിയും ജോസെഫും പ്രത്യക്ഷപ്പെടുന്നു)

ജോസെ— ചേട്ടൻെറ ഓഹരിപ്രകാരമുള്ളതിൽനിന്ന് ഒരു കോലിൽ അധികം ഇങ്ങോട്ടു കടന്നിട്ടുണ്ടല്ലോ.

ആൻറ— ഒരു കോലല്ല. ചിലപ്പോൾ രണ്ടുകോലും കടക്കും.

ജോ— അതു മര്യ്യാദയാണോ?

ആൻറ— മര്യ്യാദകേടാണെങ്കിൽ നീ കൊണ്ടുപോയി വ്യവഹാരം കൊടുക്കെടാ!

ജോസെ— കോർട്ടുമുഖേനയാണല്ലോ ഭാഗം നടന്നിരിക്കുന്നത്.

ആൻറ— അതേ, ആ ഭാഗം അവഗണിച്ചു ഞാൻ ഇപ്പോൾ പ്രവർത്തിക്കുന്നു എന്നു മനസ്സിലായില്ലേ?

ജോസെ— അതാണല്ലോ ചേട്ടനോടുതന്നെ പറയുന്നത്.

ആൻറ— എനിക്കിപ്പോൾ അതു കേൾക്കാൻ മനസ്സില്ല.

ജോ— അതു മര്യാദയാണോ?

ആൻറ— മുട്ടാളത്തരമാണ്. (ഉച്ചത്തിൽ) എടാ! അതല്ലേ പറഞ്ഞതു കേസുകൊടുക്കാൻ.

ജോ— വ്യവഹാരപ്പെടാതെ നിവൃത്തിയില്ലാത്ത ഘട്ടം വരുമ്പോൾ മാത്രമല്ലേ അതു ചെയ്യേണ്ടതുള്ളൂ.

ആൻറ— ആ ഘട്ടത്തിൽ എത്തീട്ടില്ലെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഇതാ! ഈ കൈക്കോട്ടുകൊണ്ടു നിൻെറ തലയ്ക്കുതന്നെ വീക്കാം. (ഓങ്ങുന്നു)

(മാർഗരററ് പരിഭ്രമിച്ച് ഓടിവന്നു തടുത്ത് ആൻറണിയെ പിടിച്ചിട്ട്)

മാർഗ— മകനേ! ആൻറണീ! അരുത്. എന്താണു കാര്യം?

ആൻറ— ഇവൻ എൻെറ പേരിൽ അന്യായം കൊടുക്കാൻ പോകുന്നുപോലും. ഈ തെണ്ടി!

മാർഗ— ജോസെഫ്! ചേട്ടനോടു നീ എന്തുപറഞ്ഞു?

ജോ— ചേട്ടൻ നമ്മുടെ ഓഫരിയിൽ കടന്നു വിളവിറക്കിയതു മര്യാദയാണോ എന്നു ഞാൻ ചോദിച്ചു. കേസുകൊടുക്കാൻ ചേട്ടനാണു പറഞ്ഞതു്. മറെറാരു നിവൃത്തിയുമില്ലെങ്കിലല്ലേ വ്യവഹാരപ്പെടേണ്ടതുള്ളു എന്നുമാത്രമാണു ഞാൻ പറഞ്ഞതു്.

മാർഗ— ഇതാണോ കാര്യം? ഇത്രയും നിസ്സാര്യകാര്യത്തിനു നിങ്ങൾതമ്മിൽ കലഹിക്കയോ? ഒരിക്കലും പാടില്ല. ഏതായായാലും ആൻറണി, നിൻെറ ഓഹരിയിൽ കവിഞ്ഞു വിളവിറക്കിയതു മര്യാദയല്ല. പക്ഷേ നിനക്കതുകൂടെ വേണമെങ്കിൽ എടുത്തുകൊള്ളുക. പരസ്പരവ്യവഹാരം നടത്തി മുടിയുന്നതിനെ അപേക്ഷിച്ച് ഒരു കൂട്ടർ ക്ഷമിക്കുകയാണല്ലോ നല്ലതു്. എന്നാൽ, തൻെറ സഹോദരനെ വഞ്ചിക്കുന്നവൻ ദൈവസന്നിധിയിൽ തന്നെത്തന്നെ നീതീകരിച്ചുകൊള്ളട്ടെ. സമയം വളരെ ആയി. ആൻറണീ, നീയും ഉച്ചഭക്ഷണം കഴിച്ചിട്ടില്ലെന്നു തോന്നുന്നു. വരുക.

ആൻറ— എനിക്ക് ആരുടെ ഔദാര്യവും വേണ്ടാ. പെററമ്മയില്ലെങ്കിലും ഉച്ചഭക്ഷണം ഉച്ചയ്ക്കുതന്നെയാണു ഞാൻ കഴിക്കാറുള്ളതു്.

മാർഗ— എൻെറ ഉദാസീനതയല്ല മകനേ, ഈ ജോസെഫ്തന്നെയാണ് ഇതിനു കുററക്കാരൻ.

ജോസെ— അമ്മച്ചി എന്തിനിങ്ങോട്ടുവന്നു. ഞാൻ അങ്ങോട്ടു വരുമായിരുന്നല്ലോ.

മാർഗ— (നോക്കീട്ടു സസന്തോഷം) അല്ല നമ്മുടെ ജോണിയല്ലേ ഈ വരുന്നതു്? ഇന്നു വരുമെന്ന് എനിക്കെഴുതിയിരുന്നു. എന്നാൽ, മക്കളേ, ഇനിയിപ്പോൾ പണിയെടുത്തതു മതി. നമുക്കൊന്നിച്ചു വീട്ടിലേക്കു പോകാം. അയ്യാളും നടന്നു ക്ഷീണിച്ചിട്ടുണ്ടു്.

ജോസെ— ഹാ! സാധുവായ ബ്രദർ! പുസ്തകഭാണ്ഡം അ

യാൾക്കൊരു വലിയ ഭാരമാണ്. ഏതായാലും ഞാൻ ചെന്ന് അയാളെ ഒന്നു സഹായിക്കട്ടെ. (പോയി)

ആൻറ— (വിരസതയോടെ) വല്ലതും പണിയെടുക്കാനു ള്ള പിള്ളേരെ ഈ വക വേഷംകെട്ടിച്ചു കാളകളിപ്പിക്കുന്നതു് ഒരുവക കിറുക്കുതന്നെ.

മാർഗ— എൻെറ മകനേ, ആൻറണീ! ജീവിച്ചിരുന്ന പ്പോൾ ലോകദൃഷ്ടിയിൽ കിറുക്കരും പരിഹാസ്യരുമായിരുന്ന പരേതരായ നിരവധി മഹാത്മാക്കളെ നാം ഇന്നു സിദ്ധരായി പൂജിക്കുന്നില്ലേ?

ആൻറ— നാട്ടിനും വീട്ടിനും കൊള്ളാത്ത ഇത്തരം കഴുത കളാണോ സിദ്ധന്മാരാകുന്നതു്.

മാർഗ— "എന്നിൽ വിശ്വസിക്കയും ജീവിക്കയും ചെയ്യു ന്നവൻ ഒരിക്കലും മരിക്കയില്ല" എന്നുണ്ടല്ലോ. ലോകായതിക ന്മാർ തങ്ങളുടെ ജീവനാശത്തോടുകൂടെ എന്നേയ്ക്കും നശിക്കുന്നു.

ആൻറ— ഈ വൈദികവേഷം കാണുമ്പോൾതന്നെ പ രിഷ്കാരികൾക്കു വലിയ പുച്ഛമായിട്ടാണു തീർന്നിരിക്കുന്ന തു്. മതത്തിൻെറ പേരിൽ സാമാന്യജനതയെ ചൂഷണം ചെ യ്തു് ഉപജീവിക്കുകയല്ലേ ഇക്കൂട്ടർ ചെയ്യുന്നതു്.

മാർഗ— എൻെറ വത്സാ, നമ്മുടെ പരിശുദ്ധമതത്തെ നീ വിശ്വസിക്കുന്നുണ്ടോ?

ആൻറ— ഇല്ലെന്നാരുപറഞ്ഞു?

മാർഗ— എങ്കിൽ ആ മതസ്ഥാപകൻെറ നിർദ്ദേശങ്ങളെ നന്നായി പഠിക്കുക. ലോകം ഭിന്നരുചിയാണ്. 'വിശ്വാസമ ല്ലോ വിളക്കു മനുഷ്യനു്' എന്നില്ലേ?

(ബ്രദർ ജോൺ പുസ്തകഭാണ്ഡവും പേറിക്കൊണ്ടു ജോസെഫ് ഒന്നിച്ചു പ്രവേശിക്കുന്നു.)

ജോൺ—എൻെറ ഭാണ്ഡം കുഞ്ഞേട്ടൻ എടുക്കാൻ ഞാൻ ഒരിക്കലും സമ്മതിക്കയില്ല.

(മാർഗരററിൻെറ അടുത്തുചെന്നു കരചുംബനം മുതലായവ ചെയ്തിട്ട് ആൻറണിയുടെ അടുത്തുചെന്നു മുട്ടുകുത്തീട്ട്)

ജോൺ— ദുസ്സ്വഭാവിയായ ഞാൻ വല്യേട്ടനോടു പറഞ്ഞുപോയ ധിക്കാരവാക്കുകൾ എന്നോടു ക്ഷമിക്കണേ.

ആൻറ— ചെകിട്ടത്തുതന്നെ കണക്കിനു പ്രഹരിച്ചിട്ട് ഇപ്രകാരം മാപ്പുചോദിച്ചാൽ മതിയല്ലോ?

ജോൺ—വല്യേട്ടൻ എന്നോടു ഹൃദയപൂർവ്വം ക്ഷമിച്ചിരിക്കുന്നു എന്നു പറയാതെ ഞാൻ ഇവിടെനിന്നും എഴുന്നേല്ക്കയില്ല.

ആൻറ— മനസ്സിലായി: വേഷം കെട്ടിയാൽ അതനുസരിച്ചു നടിക്കണമല്ലോ.

ജോ— വല്യേട്ടനു് ഇനിയും എന്നിൽ അനുകമ്പയുണ്ടാകുന്നില്ലെങ്കിൽ അതുണ്ടാകുന്നതുവരെ ഈ പാദങ്ങൾ ചുംബിച്ചുകൊണ്ടു ഞാൻ കരയും.

(പാദങ്ങൾ ചുംബിക്കാൻ കുനിയുന്നു)

ആൻറണി (തടുത്തിട്ട്)

മതി മതി. എഴുന്നേല്ക്കു! ക്ഷമിക്കണമെങ്കിൽ ക്ഷമിക്കാം.

ജോൺ പോരാ. ക്ഷമിച്ചു എന്നു പറയണം.

ആൻറ— ഓ! ക്ഷമിച്ചു. (ജോൺ എഴുന്നേല്ക്കുന്നു)

മാർഗ — എന്നാൽ, പ്രിയവത്സാ, ജോണീ, ഞാൻ നിനക്ക് ഒരു ഉപദേശം നല്കുന്നു. നീ ഇതാ! വൈദികവസ്ത്രം ധരിച്ചുകഴിഞ്ഞു. ഈ സംഗതി എൻെറ ഹൃദയത്തെ സന്തോഷത്താലും സമാശ്വാസത്താലും പൂരിപ്പിക്കുന്നു എന്നു നിനക്ക് ഊഹിക്കാമല്ലോ. നിൻെറ ഈ പുതിയ ജീവിതാവസ്ഥയ്ക്കു ഭൂഷണമായിരിക്കേണ്ടതു് ഈ വസ്ത്രമല്ല. പ്രത്യുത, സുകൃതാനുഷ്ഠാനമാണെന്നു സദാ സ്മരിച്ചുകൊള്ളണം. നിൻെറ ദൈവവിളിയെപ്പററി എന്തെങ്കിലും സംശയം ജനിക്കുന്നെങ്കിൽ, ഉടൻതന്നെ ഈ വസ്ത്രം ഊരിക്കളയണം എന്നാണു് എൻെറ അപേ

ക്ഷ. എന്റെ പുത്രൻ സ്വകൃത്യങ്ങളിൽ വിമുഖനായ ഒരു പുരോഹിതനാകുന്നതിനെക്കാൾ വിനീതനായ ഒരു കർഷകനാകുന്നതാണു് എനിക്കു കൂടുതൽ ഇഷ്ടം. ഇനി നമുക്കെല്ലാവർക്കും കൂടി വീട്ടിലേയ്ക്കു പോകാം. മകനേ, ആൻറണീ, വരുക.

ആൻറ— ഞാൻ പിന്നീടു വന്നുകൊള്ളാം.

മാർഗ— ഇന്നു് അത്താഴം നിങ്ങൾ മൂന്നുപേരും ഒന്നിച്ചു തന്നെ കഴിക്കണം. ഞങ്ങൾ നിന്നെ കാത്തിരിക്കും. എന്നാൽ വരുക.

(എല്ലാവരും പോയി)

## രംഗം ൯.

(ഏതാനും തെണ്ടികളായ ചെറുപ്പക്കാർ പ്രവേശിക്കുന്നു)

൧-ാമൻ— ചൂതുകളിയെപ്പററി ചിലരൊക്കെ ദൂഷിക്കാറുണ്ടല്ലോ. നിങ്ങളുടെ അഭിപ്രായം എന്താണു്?

൨-ാമൻ— അതിൽ രസിക്കാൻ അറിഞ്ഞുകൂടാത്തവർ മാത്രമേ അതിനെ ദൂഷിക്കയുള്ളു. നാടകത്തിനു സംഗീതമേ ആവശ്യമില്ല എന്നു ചിലർ പറയുന്നില്ലേ? ആ പറയുന്നകൂട്ടരെക്കൊണ്ടു് ഒന്നു പാടിച്ചുനോക്കുമ്പോൾ അറിയാം അക്കൂട്ടർ പറയുന്നതിലേ കഴമ്പു്.

൩-ാമൻ— നിങ്ങളുടെ ഈ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഒരു കഥ തന്മയത്വത്തോടെ നടത്തുമ്പോൾ ഇടയിൽ പാട്ടുപാടുന്നതു് അസംബന്ധംതന്നെ.

൪-ാമൻ— എന്നാൽ, സ്റ്റേയിജ്ജും രംഗവിധാനങ്ങളും ഒക്കെ അസംബന്ധംതന്നെ.

൫-ാമൻ— അഭിപ്രായവ്യത്യാസക്കാരൻ ഒന്നു പാടട്ടെ.

൩-ാമൻ— അങ്ങനെ എന്നെ കളിയാക്കുകയും മററും

വേണ്ടാ. പാട്ടു് എത്രവേണമെങ്കിലും ഞാൻ പാടാം.

വ-ാമൻ— തത്കാലം ഒന്നുമതി. എന്നാൽ നടക്കട്ടെ.

ന-ാമൻ— എങ്കിൽ കേട്ടോളൂ.

(മുരടനക്കീട്ടു് അപശ്രുതിയിലും അവതാളത്തിലും പാടുന്നു)

വാതാപിഗണപതിം ഭജേഹം... സോജാ
രാജകുമാരീ സ്വപ്നമേ—മായപ്രപഞ്ചത്തിൽ—
പിടിച്ചു ഞാൻ ചാടി.

എല്ലാവരും. (ഹാസ്യമായി ചിരിച്ചുകൊണ്ടു്) പൂ! പൂ!! മതി. മതി പൂ! പൂ!

ന-ാമൻ— അല്ല! ഇപ്പോഴാ ഓർമ്മിച്ചു. ഇനി സുഖിപ്പിച്ചു നന്നായി പാടാം. (പാടിത്തുടങ്ങുന്നു)

"പണ്ടൊരുകാലം പലപലതരുവിൽ പിടിച്ചു
ഞാൻ ചാടി. സഹജരേ, വാ! വാ വാ"

ര-ാമൻ— വേണ്ടാസനമിതുകേട്ടാലാരും പിടിച്ചുടൻ തള്ളും പോ പോ പോ! (കഴുത്തിനുപിടിച്ചു തള്ളുന്നു).

ന-ാമൻ—ഛ: തെണ്ടി! നീ എന്നെ തള്ളാൻവേണ്ടുമായോ? (കൈചുരുട്ടി അടുക്കുന്നു).

ഫ-ാമൻ— (തടുത്തിട്ടു്) കളയൂ; പോകട്ടെ. ഇന്നുരാത്രിയിലെ കാര്യപരിപാടിയെപ്പററി ആലോചിക്കാം. ഇന്നലെ ആ മദ്യഷാപ്പിൽനിന്നും ചൂണ്ടിയ സാധനം എവിടെവച്ചാണു കുടിക്കേണ്ടതു്?

വ-ാമൻ— വീടില്ലാത്ത നമുക്കു കാടേ ഗതി. മണക്കുവാൻ ഒന്നുമില്ലല്ലോ.

ഒ-ാമൻ — ആ വൃദ്ധയുടെ അപ്പക്കടയിൽനിന്നും ഞാൻ കുറേ അപ്പം മോഷ്ടിച്ചെടുത്തിട്ടുണ്ടു്.

ര-ാമൻ — ഹാ, സമർത്ഥാ! കൈതരുക! (കൈപിടിച്ചു കുലുക്കുന്നു).

൧-ാമൻ-- (നോക്കീട്ട്) അല്ല! നമ്മുടെ സിൽവെസ്റ്ററല്ലേ വരുന്നതു്? കഴുവേറി കണക്കിനെടുത്തിട്ടുണ്ടു്.

(മൂന്നു കുപ്പികൾ കൈയിൽ പിടിച്ചുകൊണ്ടു വേച്ചു വേച്ചു സിൽവെസ്റ്റർ പ്രവേശിക്കുന്നു)

സിൽ— കേട്ടോ ക്രൂഡ്ഡരെ, ഒരു ഗ്ലപ്പിയിൽനിന്നും ഒരു തുള്ളി ഞാൻ ഉള്ളിലാക്കി. പൊഡി പൊടിയൻ!!

൨-ാമൻ-- കള്ളക്കഴുവേറീ! നീ ഞങ്ങളെ ചതിച്ചെന്നു തോന്നുന്നു. കൊണ്ടുവരൂ; നോക്കട്ടെ. (നോക്കീട്ട്) ഇതാണോ നിന്റെ ഒരു തുള്ളി! കാൽ കുപ്പിയിലധികം നീ കുടിച്ചുകളഞ്ഞല്ലോ.

എല്ലാവരും— ഇടിക്കണം തെണ്ടിയെ, ഞങ്ങൾ സമ്മതിക്കയില്ല.

സിൽ - ഇഡിയെങ്കിൽ ഇടി. തൊഴിയെങ്കിൽ തൊഴി!! നിന്റെയൊക്കെ അഹന്റെ വഹയാണോടാ! ഇതു്?

എല്ലാവരും— പിടിക്കു ഇടിക്കു തെണ്ടിയെ!

൧-ാമൻ - (തടുത്തിട്ട്) വരട്ടെ വരട്ടെ. ഇതിന്റെ ഓഹരിപ്രകാരം നമുക്കും കഴിക്കാം. എല്ലാവരും ഇരിക്കുവിൻ.

എല്ലാവരും-- അതു ശരി. എന്നാൽ, നടക്കട്ടെ ന്യായം! ന്യായം!! (എല്ലാവരും ഇരിക്കുന്നു)

൧-ാമൻ-- (എല്ലാവർക്കും ഒഴിച്ചുകൊടുക്കുന്നു. എല്ലാവരും കുടിക്കുന്നു).

൨-ാമൻ-- (നോക്കീട്ട്) ഹാ! ഇന്നലേ ക്രൂവിവിട്ട ആ കൊച്ചച്ചൻ വരുന്നുണ്ടു്. ഇദ്ദേഹത്തിന്റെ പേരു് ആരോ പറഞ്ഞല്ലോ?

൩-ാമൻ-- വിസ്കി എന്നല്ലേ?

൪-ാമൻ— വിസ്കിയല്ല. ബോസ്കോ എന്നാണ്. കുടുംബം വളരെ പാപ്പരാണ്. വീട്ടുവേലചെയ്തും സത്രം അടിച്ചുവാരിയും മറ്റും കിട്ടിയ നിസ്സാരപ്രതിഫലംകൊണ്ടു വളരെ ക്ലേ

ശീച്ച് പഠിച്ചാണു കുർബാനചൊല്ലിയതു്. ഇപ്പോൾ ഇദ്ദേഹം ഇവിടത്തെ വൈദികകോളേജിൽ ചേർന്നു് ഉപരിപഠനം നടത്തുന്നു.

൨-ാമൻ— ഈ വേഷക്കാരെ കാണുന്നിടത്തുവച്ചു കല്ലെറിയണം. മനുഷ്യചൈതന്യത്തോടുകൂടി ജീവിക്കാൻ ഇവർ സമ്മതിക്കയില്ല. കുമ്പസാരം, കുർബാന, ദൈവപ്രമാണം, വിശ്വാസം, കൂദാശ എന്നും മററും പറഞ്ഞുകൊണ്ടു് അടുത്തുകൂടി എത്രയെത്ര കൊലകൊമ്പന്മാരെയാണു് ഇവരുടെ പാവകളാക്കാറുള്ളതു്?

൧-ാമൻ— ഈ കൊച്ചച്ചൻ ചങ്ങാതിക്കു നമ്മെ സമീപിച്ചു നമ്മുടെ മാനസാന്തരം സാധിച്ചുകളയാം എന്നു് ഉദ്ദേശമുണ്ടെന്നു തോന്നുന്നു. ഇപ്പോൾ രണ്ടുമൂന്നുദിവസമായല്ലോ ഈ വഴി പങ്ങിപ്പങ്ങി നടക്കാൻ തുടങ്ങീട്ടു്.

൩-ാമൻ— ആ കാര്യം സ്വപ്നം കാണുകയേയുള്ളൂ. ഇന്നലെ കൂവിവിട്ടിട്ടും കൂട്ടാക്കാൻ ഭാവമില്ലല്ലൊ. ഇന്നു കുറെ തെറി പറയണം.

൯-ാമൻ— അതിൽ ഞാനില്ല. ഇതാ, അദ്ദേഹം! ഞാൻ തത്കാലം ഒന്നു മാറും. (പോകുന്നു)

൪-ാമൻ— എന്നാൽ ഓടിച്ചെന്നു കൈമുത്തി ഒന്നു കുമ്പസാരിക്കരുതോ? ചുണയില്ലാത്ത ശ്ശല്.

൫-ാമൻ – ഇതാ അദ്ദേഹം അടുത്തു. ആരും എഴുന്നേല്ക്കാതെ കാണാത്തഭാവത്തിൽ ഇരുന്നു ചീട്ടുകളിക്കാം.

എല്ലാവരും— അങ്ങനെ തന്നെ.

(ചീട്ടുകളിച്ചുകൊണ്ടിരിക്കുന്നു)

(ഡോൺബോസ്കോ പ്രവേശിച്ച്-വിചാരം)

എന്റെ അന്നത്തെ ആ സ്വപ്നം സാത്ഥകമായിത്തുടങ്ങുന്നതല്ലേ ഞാനീകാണുന്നതു്? എന്റെ ദൈവമേ! ആദ്ധ്യാത്മികമായ യാതൊരു ചിന്തയും കൂടാതെ ദുർവൃത്തരായി കഴിഞ്ഞുകൂടുന്ന ഇത്തരം ചെറുപ്പക്കാരെ സദ്വൃത്തരാക്കിത്തീർത്തു് അവരു

ടെ ആത്മരക്ഷ സാധിക്കുന്നതിലേക്കുള്ള എന്റെ ആകാംക്ഷയെ അവിടുന്ന് അനുഗ്രഹിച്ചരുളേണമെ. സ്വാമിൻ, എന്റെ വാക്കുകൾ ആകർഷകങ്ങളും ഇത്തരം ചെന്നായ്ക്കളെ കുഞ്ഞാടുകളാക്കുവാൻ പര്യാപ്തങ്ങളുമാക്കിയരുളേണമേ. ഇവരുടെ ഇന്നത്തെ പരിതഃസ്ഥിതി ഇന്നലത്തേതിൽനിന്നും അനാശാസ്യമായിരിക്കുന്നു. അതിനാൽ ഇവരെ സമീപിക്കുവാനുള്ള സന്ദർഭം ഇതല്ല. ഇപ്പോൾ പോവുകതന്നെ. (നടക്കുന്നു).

ഫ്രാമൻ — ഈ ജാതി വേഷം കണ്ടാൽ ഞങ്ങളാരും ഒരു പുല്ലോളം വകവയ്ക്കുകയില്ല.

റാമൻ— ഹൈസെ ഫാദർ, എന്തിനാക്രുവേ! താൻ ഈ സി. ഐ. ഡി. യെപ്പോലെ നടക്കുന്നതു്? ഇനി ഈ വഴി വരുന്നതായാൽ കൽമഴയുണ്ടാകും, കേട്ടോ?

സിൽ— അല്ലെങ്കിൽ അവിടെ നില്ക്കൂ. ഒരു ഗ്ലാസു ഗുഡിഗ്ലിട്ടു പൂവാം. അവിടെ നില്ലെടോ പൂഹേ!

(എല്ലാവരുംകൂടി ഉച്ചത്തിൽ)

പൂഹേ! പട്ടക്കാരനായ പട്ടാളക്കാരൻ വരുന്നേ! പൂഹേ! പൂഹേ!

(ഒരു പോലീസുകാരൻ പ്രവേശിച്ചു ചൂളം അടിച്ചുകൊണ്ടു്)

പോലീ— ആരെടാ തെണ്ടികളേ! (എല്ലാവരും ഓടിമറയുന്നു.) എന്തു്? മനുഷ്യർക്കു വഴി നടന്നുകൂടെന്നോ? (അച്ചനോടായി) ഗുഡീവിനിംഗ് ഫാദർ. അവിടുന്ന് ഇന്നലെ ഇതിലേ കടന്നുപോയ സന്ദർഭത്തിലും ഈ തെണ്ടികൾ അങ്ങയെ അവമാനിച്ചതായി കേട്ടു. ഒരു പെററിഷൻ എഴുതി ഇങ്ങു തരൂ. ഈ തെണ്ടിപ്പരിഷകളെ ഇനി ഇപ്രകാരം കളിപ്പിച്ചുകൂടാ.

ബോ— എനിക്കതിൽ യാതൊരു സങ്കടവുമില്ല. ഞാൻ അവരെ സസ്നേഹം സമീപിക്കാൻ ശ്രമിക്കയാണു്.

പോലീ— ഈ ഏഭ്യന്മാരെ സ്നേഹിക്കയൊ? അസ്ഥി നുറുങ്ങെ ഇടിക്കണം; അതാണു വേണ്ടതു്. അങ്ങു് ഒരു ഹർജി എഴുതി ഇങ്ങു തരൂ. സംഗതിയെല്ലാം ഞാൻ ഏററു.

ബ്രോ — എന്നെ അവർ ഇപ്രകാരം അവമാനിക്കുന്നതിൽ എനിക്കു സങ്കടമില്ലെന്നു ഞാൻ പറഞ്ഞുവല്ലോ. അവരെ ഇക്കാര്യത്തിനായി യാതൊരുവിധത്തിലും ഉപദ്രവിക്കരുതെന്നു കൂടി എനിക്കൊരപേക്ഷയുണ്ടു്. ഞാൻ അവരെ സ്നേഹിക്കുന്നു. അതേ, ഹൃദയപൂർവ്വം സ്നേഹിക്കുന്നു.

പോലീ— ഫാദർ തെരഞ്ഞെടുത്തിരിക്കുന്ന സ്നേഹിതന്മാർ തരക്കേടില്ല. അപ്പോൾ ഞാൻ ഇതു് ഒതുക്കിത്തീർക്കണം എന്നാണു് ഫാദർ പറയുന്നതു്. അപ്പോൾ ഒരു കാര്യം തീർക്കുമ്പോൾ.........

ബ്രോ— തീർക്കുമ്പോൾ?

പോലീ— അല്ല അതിനു് ഒരു മുറയൊക്കെയുണ്ടു്.

ബ്രോ— ആ മുറയെന്താണു്. എനിക്കു നിശ്ചയമില്ല.

പോലീ— വാദിയോ പ്രതിയോ, ചിലപ്പോൾ രണ്ടുകൂട്ടരും കൂടെയോ ഒരു കൂട്ടം ഒക്കെ ചെയ്യാറുണ്ടു്.

ബ്രോ— ഓഹോ! ക്ഷമായാചനമായിരിക്കും; അതുവേണ്ടാ. ഞാൻ ക്ഷമിച്ചുകഴിഞ്ഞു.

പോലീ— അതൊന്നുമല്ല. ഉദ്യോഗസ്ഥന്മാരെ അവർ രണ്ടു കൂട്ടരുംകൂടിയോ തനിച്ചോ അറിയണം.

ബ്രോ— നിങ്ങളെ അറിഞ്ഞിട്ടാണല്ലോ അവർ ഓടിക്കളഞ്ഞതു്. ഞാനും നിങ്ങൾ ഒരു പോലീസുദ്യോഗസ്ഥനാണെന്നു് അറിഞ്ഞുകഴിഞ്ഞു.

പോലീ— ഫാദർ ചെറുപ്പക്കാരനായതുകൊണ്ടു ലോകപരിചയം കുറയും. അതിനാൽ ഞാൻ തുറന്നു പറയാം. എനിക്കു കാപ്പി കുടിക്കാനെങ്കിലും വല്ലതും കിട്ടണം.

ബ്രോ— ഓഹോ! ഇതാണോ സംഗതി? ഇപ്പോൾ മനസ്സിലായി. സമാധാനപാലകന്മാരായി നിയമിതരായിരിക്കുന്ന നിങ്ങളെപ്പോലുള്ളവരുടെ മനഃസ്ഥിതിയെപ്പററി വ്യസനിക്കാതെ നിവൃത്തിയില്ല. എന്നാൽ, എൻെറ ആ സ്നേഹിതന്മാരെ നിങ്ങൾ ഒരുവിധത്തിലും ഉപദ്രവിക്കാതിരിക്കുന്നതിലേക്കായി

ഞാൻ ഇപ്പോഠ നിങ്ങളുടെ നിർദ്ദേശപ്രകാരം ഒരു ലഘുവായ സംഭാവന തരാം.

(ഏതാനും നാണയങ്ങഠ കൊടുക്കുന്നു)

പോലീ— (വാങ്ങി കൂപ്പുകൈയോടെ) അങ്ങേ മനോമാഹാത്മ്യത്തിനായി നമസ്കാരം.

(എല്ലാവരും പോയി)

## രംഗം ൧൦

(ഒരു ദൈവാലയത്തിലേ ബലിപീഠം. ഒരു ഭാഗത്തു മുട്ടുകുത്തി ധ്യാനനിരതനായി ഫാദർ ബോസ്ക്കോ പ്രത്യക്ഷപ്പെടുന്നു. ഗരേളി ഒരു ഭാഗത്തു മെല്ലെ പ്രവേശിച്ചു കൌതുകാത്ഭുതപരതന്ത്രനായി ചിലതെല്ലാം സ്പർശിച്ചുനോക്കുകയും മററും ചെയ്യുന്നു.)

ഗരേ— (വിചാരം) പത്തുകൊല്ലത്തിനിപ്പുറം പള്ളിയുടെ പുറമല്ലാതെ അകം ഞാൻ കണ്ടിട്ടില്ല. ഈ അച്ചൻ വളരെ നല്ലമനുഷ്യനാണ്. ഇദ്ദേഹത്തിൻെറ സാന്ത്വനമല്ലായിരുന്നെങ്കിൽ ആ പോലീസുകാരൻ ഞങ്ങളെ അറസ്ററുചെയ്തു കൊണ്ടുപോകുമായിരുന്നു. അതിന് അദ്ദേഹത്തോടു കൃതജ്ഞത പറയാനാണ് ഞാൻ ഇവിടെ വന്നതു്. ഇവിടെ കാണുന്നതെല്ലാം ഒരു പുതുമയായിട്ടാണ് എനിക്കു തോന്നുന്നതു്. ഈ വടിപോലെയുള്ളതു കത്തുന്നതു് എന്തൊരു സൂത്രം? അതിൽനിന്നു ഒഴുകിവരുന്നതു് വെള്ളമോ എണ്ണയോ എന്നു നോക്കട്ടെ. (പീഠത്തിനടുത്തുചെന്നു മെഴുകുതിരിയിൽ തൊട്ടുനോക്കി കൈപെട്ടെന്നു വലിച്ചെടുത്തു കുടഞ്ഞിട്ടു് അസ്വാസ്ഥ്യം നടിക്കുന്നു.) കപ്യാർ ഒരു വടിയുമായി വന്നിട്ടു്

കപ്യാ— എടാ, നീ ഇവിടെ എന്തെടുക്കുന്നു?

ഗരേ— ഞാനൊന്നും എടുക്കുന്നില്ല. (പുറകിലേക്കു നീങ്ങുന്നു.)

കപ്യാ— അമ്പടാ, നീ മെഴുകുതിരിയിൽ പിടിച്ചതു ഞാൻ കണ്ടതല്ലേ?

ഗരേ— ആ ഒഴുകിവരുന്നതു വെള്ളമോ എണ്ണയോ എന്നറിയാൻവേണ്ടി ഞാൻ അതൊന്നു തൊട്ടുനോക്കിയതാണ്.

കപ്യാ-- എൻെറ ദൈവമേ, ഇത്തരത്തിലുമുണ്ടല്ലോ ജന്തുക്കൾ! ഈ കാട്ടുമൃഗം എവിടന്നു വന്നോ? എടാ, മെഴുകുതിരി കത്തുന്നതു നീ കണ്ടിട്ടില്ലെന്നോ?

ഗരേ— കൊഴുപ്പുതിരി കണ്ടിട്ടുണ്ട്. മുട്ടൻ കുറുവടിപോലെയുള്ള ഈ ജാതി ഞാൻ ആദ്യം കാണുകയാണ്.

കപ്യാ— കണ്ടതൊക്കെ മതി. കള്ളക്കൂട്ടം. വേഗം ഇറങ്ങു പുറത്ത്. ഈ ജാതി കുറെ അധികം എവിടന്നോ ഈ പട്ടണത്തിൽ കടന്നുകൂടീട്ടുണ്ട്. ഇറങ്ങെടാ പുറത്ത്: ഉ—ം (വടിഓങ്ങുന്നു. ഗരേളി ബോസ്കോയുടെ സമീപത്തുകൂടി ഓടി പുറത്തേക്കു പോകുന്നു. ബോസ്കോ എഴുന്നേററു)

ബോ— എന്തിനാണു താൻ ആ കുട്ടിയെ ഓടിക്കുന്നത്? എൻെറ സ്നേഹിതന്മാരോട് ഇപ്രകാരം പെരുമാറുന്നത് എനിക്ക് അത്ര ഇഷ്ടമല്ല.

കപ്യാ— ഈ റൌഡി അങ്ങയുടെ സ്നേഹിതനോ?

ബോ— മററുള്ളവരുടെ പരിഹാസത്തിനു വിഷയമാകുന്നവരെല്ലാം എൻെറ സ്നേഹിതന്മാരാണ്. താൻപോയി അവനെ കൂട്ടിക്കൊണ്ടു വരുക.

(കപ്യാർപോയി- ഗരേളി ഒന്നിച്ചു പ്രവേശിക്കുന്നു)

ബോ എൻെറ കുഞ്ഞേ, ഇങ്ങോട്ടു വരുക. നിൻെറ പേരെന്താണ്?

ഗരേ—എൻെറ പേർ ബർത്തലോമ്യോ ഗരേളി എന്നാണ്.

ബോ— നിനക്കെന്തെങ്കിലും ജോലി അറിയാമോ?

ഗരേ—എനിക്കു കല്പണി അറിയാം.

ബോ— നിൻെറ മാതാപിതാക്കന്മാർ ജീവിച്ചിരിപ്പുണ്ടോ?

ഗരേ— ഇല്ല; രണ്ടാളും മരിച്ചുപോയി.

ബോ— നീ എഴുത്തും വായനയും അഭ്യസിച്ചിട്ടുണ്ടോ?

ഗരേ— ഇല്ല.

ബോ— പാട്ടുപാടാൻ അറിയാമോ?

ഗരേ— (ചിരിച്ചുകൊണ്ടു) ഞാൻ ഇന്നലെ ഒരു പാട്ടു പാടിയതിൻെറ ഫലമായി എനിക്കു കിട്ടിയ പിടലിതകർപ്പൻ തല്ലിൻെറ വേദന ഇപ്പോഴും തീർന്നിട്ടില്ല.

ബോ— ഇരിക്കട്ടെ, നീ വിശുദ്ധ കർബാന സ്വീകരിച്ചിട്ടുണ്ടോ?

ഗരേ— ഇല്ല.

ബോ— എന്നെങ്കിലും കുമ്പസാരിച്ചിട്ടുണ്ടോ?

ഗരേ— എനിക്ക് ആറുവയസ്സുണ്ടായിരുന്നപ്പോൾ കുമ്പസാരിച്ചതാണ്. ഇപ്പോൾ പതിനേഴ വയസ്സായി. ഇതിനിടയിൽ ഒരിക്കലും കുമ്പസാരിച്ചിട്ടില്ല.

ബോ— വേദോപദേശം വല്ലതും അറിയാമോ?

ഗരേ— എനിക്ക് ഇപ്പോൾ ഒന്നും അറിഞ്ഞുകൂടാ. ചെറുപ്പത്തിൽ, അമ്മ പഠിപ്പിച്ചതന്നതു ചിലതൊക്കെ അറിയാമായിരുന്നു. ഇപ്പോൾ എല്ലാം മറന്നുപോയി.

ബോ— ആകട്ടെ, ഞാൻ നിന്നെ പഠിപ്പിച്ചാൽ പഠിക്കുമോ?

ഗരേ— എന്നെ തല്ലുകയില്ലെങ്കിൽ തീർച്ചയായും ഞാൻ പഠിക്കാം.

ബോ— ഞാൻ നിന്നെ തല്ലുകയില്ല. എന്നാണ് ആരംഭിക്കേണ്ടതു്?

ഗരേ— അങ്ങേയ്ക്കു് ഇഷ്ടമുള്ളപ്പോൾ.

ബോ— എന്നാൽ, ഇപ്പോൾതന്നെയായാലോ?

ഗരേ— എനിക്കു വിരോധമില്ല.

ബോ— ശരി. എന്നാൽ കുരിശടയാളം വരയ്ക്കു, കാണട്ടെ.

ഗരേ-- "വിശുദ്ധ കുരിശിന്റെ" (എന്നു പറഞ്ഞിട്ടു നെററിയിൽ നിന്നു പൊക്കിൾക്കുഴിവരെ എത്തുന്ന ഒരു നെടിയ വരവരയ്ക്കുന്നു)

ബോ— ഇങ്ങനെയല്ല കുരിശടയാളം വരയ്ക്കുന്നതു്.

ഗരേ— ഇനി വിലങ്ങനെ മുറിച്ചാൽ മതിയല്ലോ. അതു സാരമില്ല. ഇതാ ഇപ്പോൾ കഴിച്ചേക്കാം. എന്നാൽ,മുറിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ മറന്നുപോയി.

ബോ -- (മന്ദഹസിച്ചുകൊണ്ടു്) എന്റെ കുഞ്ഞേ, കുരിശിന്റെ അടയാളം ഇപ്രകാരമല്ല വരയ്ക്കേണ്ടതു്. നീ എന്നെ ശ്രദ്ധിച്ച് അനുകരിക്കുക. (ബോസ്കോ കുരിശിന്റെ അടയാളം വരയ്ക്കുന്നതിനെ ഗരേളി അനുകരിക്കുന്നു.)

ബോ — ഇനി നീ തന്നെ ഓർമ്മിച്ചു ചെയ്തു ശീലിക്കുക. ഇന്നിതുമതി. പോയിട്ടു തിരിച്ചുവരുമല്ലോ?

ഗരേ-- നിശ്ചയമായും വരും.

ബോ-- എന്നാൽ, ഇനി വരുമ്പോൾ നിന്റെ കൂട്ടുകാരിൽ ചിലരെക്കൂടി കൊണ്ടുവരുവാൻ ശ്രമിക്കണം.

ഗരേ-- അങ്ങനെതന്നെ. (ഗരേളിപോയി)

(ബോസ്കോ മുട്ടുകുത്തി ഭക്തിപൂർവ്വം)

ബോ-- പരിശുദ്ധ ജനനീ, പാപികളുടെ സങ്കേതമേ, അങ്ങേ മഹനീയകരുണയിൽ സമാശ്രയിച്ചുകൊണ്ടു് അയോഗ്യനായ ഈ ദാസൻ സമാരംഭിച്ചിരിക്കുന്ന ഈ വിനീതപരിശ്രമം അഭിവൃദ്ധിപ്പെടുത്തുവാനും അപഥസഞ്ചാരികളായ ചെറുപ്പക്കാരെ സന്മാർഗ്ഗനിരതരാക്കി അവരുടെ ആത്മരക്ഷ സാധിക്കുവാനും ദയയുള്ള അമ്മേ, എനിക്കു വേണ്ടത്ര ധൈര്യം നല്കേണമേ.

(എല്ലാവരും പോയി)

## രംഗം ൰൧

### ഡോൺ ട്രോസിയോയുടെ വസതി.

(ഒരു വേലക്കാരിയായ വൃദ്ധ പ്രവേശിച്ച്)

വൃദ്ധ— (വിചാരം) ഈ ബോസ്കോ അച്ചനു കിറുക്കായിപ്പോയെന്നാ തോന്നണേ. തെണ്ടിത്തിരിഞ്ഞു നടക്കുന്ന എന്ത്യാനിപ്പിള്ളേരെ ഒക്കെ കൂട്ടി ഇല്ലാത്ത കുലുമാലും വയ്യാവേലീം ഒക്കെ ഒണ്ടാക്കി മനുഷേരെ പ്രാന്താക്കാനാ ഈ പട്ടക്കാരൻ തൊടങ്ങണത്. അല്ലേ! പത്തുമുന്നൂറെണ്ണംകൂടെ പ്രാന്തുകളികളിക്കാൻ തൊടങ്ങിയാൽ കാട്ടിൽ കുറുക്കൻകൂടെ കെടക്കത്തില്ല. പിന്നല്ലേ മനുഷേൻെറ കത! ഏമാനെ അല്ലേ്യകം പറഞ്ഞു വശത്താക്കി അനുവാതം വാങ്ങി ഈ മാരണങ്ങളെ ഒക്കെ ഇങ്ങോട്ട കെട്ടിവലിച്ചു. ഓട്ടോം ചാട്ടോം കളീം തിമിപ്പും അട്ടകാഴതാം! ഞാമ്പറഞ്ഞില്ലേ ഒരുനേരം കണ്ണുതൊകം കിട്ടത്തില്ല. അതിനകത്തു ഏതാണ്ട് ഇത്തിരിനേരം നിഴ്കാരമോ പടാത്തകേക്കലോ ഒണ്ടത്രേ. ഈ നരകത്തീന്നുപോന്ന അറുകൊലകളെയല്ലേ നന്നാക്കാൻ പോണത്.

(കുട്ടികളുടെ ആരവം അണിയറയിൽ)

ങ്ഹ! തൊടങ്ങിയല്ലോ പടേനി. കണ്ടോ! കണ്ടോ!! ആ മരത്തേ കേറിയതാരെടാ! എറങ്ങുതെണ്ടികളെ താഴ്ത്തു! അതിൻെറ കൊമ്പെല്ലാം ചവിട്ടി ഒടിക്കും കുരുകുരുത്തംകെട്ട വക്കം! കൊരങ്ങിനെപ്പോലെ മൂന്നുനാലെണ്ണം കേറി മോളിലിരിക്കണു. എടാ, താഴെത്തെറങ്ങാൻ! എറങ്ങിനെടാ താഴ്ത്തു! അമ്പടാ! അവിടെയിരുന്നുകൊണ്ട് എന്നെ കൊഞ്ഞനം കാണിക്കുന്നോ! നിങ്ങടെ അമ്മമാരെ കൊഞ്ഞനം കാണിക്കിനെടാ പോയി.

(അത്തുവിളിച്ചുകൊണ്ടു് ഏതാനും ചെറുപ്പക്കാർ പ്രത്യക്ഷപ്പെടുന്നു.)

വൃദ്ധ— കരണംകൂടെ പൊട്ടിക്കും ഈ ചെകുത്താൻെറ തന്തതികള്! എടാ, മിണ്ടാതിരിക്കാൻ! മിണ്ടരുതെന്നല്ലേ പറഞ്ഞതു്. (വടി ഓങ്ങീട്ടു്) ഇതുകൊണ്ടു് എല്ലാത്തിന്േറം തലമണ്ട അടിച്ചുപൊട്ടിച്ചിവിടെയിടും ഞാൻ! എന്നെ ചൊവ്വേ മനത്തിലായിട്ടില്ല!

(കുട്ടികൾ പൂർവ്വാധികം ഉച്ചത്തിൽ അത്തുവിളിക്കയും ചിലർ കുട്ടിക്കരണം മറിഞ്ഞു വൃദ്ധയുടെ അടുത്തുചെല്ലുകയും ചെയ്യുന്നു.)

വൃദ്ധ— കണ്ടോ! കണ്ടോ!! തന്തയ്ക്കു പാലംവലിക്കണ മക്കളാ തവ്ത്തും. വിത്യകാണിക്കാൻ ഒരാളെ കണ്ടതേ. ഈ കഴുതലമാടമ്മാരെക്കൊണ്ടു് ഇരിക്കപ്പൊറുതി ഇല്ലാതായല്ലോ. എടാ, എന്ത്യാനികളേ, നില്ലവിടെ. നില്ലവിടെ! നിങ്ങളെ ഞാൻ– (വടി ഓങ്ങിക്കൊണ്ടു കുട്ടികളിൽ ചിലരുടെ പുറകേ ഓടുമ്പോൾ വൃദ്ധ കമന്നടിച്ചു നിലത്തു വീഴുന്നു.)

(കുട്ടികൾ ആത്തുവിളിക്കുന്നു).

(വൃദ്ധ വേദന നടിച്ചു പതുക്കെ എഴുന്നേററിരുന്നിട്ടു് സഗൽഗദം)

ആളുകളെ കൊല്ലാനല്ലേ എയമാനൻ ഇതിനെയൊക്കെ ഇവിടെ വരുത്തിയതു്. ഇത്ര നാളും സേവിച്ചതിനു തമ്മാനം കിട്ടി. വഴത്തായതുകൊണ്ടു ചത്താമതിയെന്നായിരിക്കാം. ഇതിനിക്കിരിപ്പുതാ. ശ പാതംകൂടി നേരേ ഓടുന്നില്ല. (എഴുന്നേററിട്ടു്) ഒന്നിനെയെങ്കിലും തല്ലിക്കൊന്നു് ഇവിടെയിടണം. എന്തും വരട്ടെ. ചെകുത്താൻെറ തന്തതികളേ, അണലിത്തർപ്പങ്ങളേ! നിങ്ങളെ ഞാൻ– (വടി ഓങ്ങി വീണ്ടും കുട്ടികളുടെനേർക്ക് അടുക്കുന്നു. കുട്ടികൾ ആത്തുവിളിച്ചുകൊണ്ടു് ഓടുന്നു.)

വൃദ്ധ— കണ്ടോ! കണ്ടോ!! പൊരുന്നയിലിരുന്ന കോഴി

യെക്കൂടെ പറപ്പിച്ചുകളഞ്ഞില്ലേ പ്രാക്കപെട്ട തന്തതികള്! എന്തൊരു നിർമ്മരിയാതക്കേടാണ് ഈ കാട്ടിയതു്. ബ്ബ ബ്ബ ബ്ബ! എവിടെ? അതു പമ്പകടന്നു. ബ ബ്ബ ബ്ബ! ...........

(ബോസ്കോ പ്രവേശിച്ചു് ഒരു ചൂളം ഊതുന്നു. എല്ലാവരും കളിനിറുത്തി നിശ്ശബ്ദരായി അദ്ദേഹത്തിൻെറ അടുത്തുവന്നു് അണിനിരന്നു പ്രാൎത്ഥനാലയത്തിലേക്കു പോകുന്നു.)

വൃദ്ധ— അതാരാണു്? അച്ചനല്ലേ? എൻെറ അച്ചാ, അച്ചനീ തെണ്ടിപ്പരിഷകളെ കൂട്ടിക്കൊണ്ടുനടന്നു് ആളുകളെ വെറുതെ കൊല്ലുമല്ലാ.

ബോ— എന്തു്? അവരെന്തുചെയ്തു?

വൃദ്ധ— എന്തുചെയ്തെന്നോ? കൊള്ളാം. ഈ കാട്ടാളപ്പരിഷകളുടെ കൂക്കിവിളിയും അപ്പം തിമിപ്പുമൊക്കെ ആരു സഹിക്കും? പൊരുന്നയിൽ ഇരുന്ന എൻെറ കോഴികൂടെ ഈ എന്ത്യാനികളുടെ കൂക്കിവിളി കേട്ടു പറന്നുകളഞ്ഞു.

ബോ— കുട്ടികളല്ലേ വല്യമ്മ, ഉല്ലസിക്കുവാൻ അവരെ നാം അനുവദിക്കുകമാത്രമല്ല, അതിലേക്കു വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുക്കയും ചെയ്യേണ്ടതാണു്.

വൃദ്ധ— വൃലോകത്തിൽ വല്ലെടത്തും നടക്കുന്ന പൂച്ചനാണമാണോ അച്ചനീപ്പറയുന്നതു്? തന്നേ കേറുന്ന കൊരങ്ങിനു് ഏണിവച്ചുകൊടുക്കുക; അല്ലേ? ഇവററകളെ ഓരോ എടങ്ങളിൽനിന്നും ഇപ്പം മൂന്നോ നാലോ കൂട്ടരു തുരത്തിവിട്ടില്ലേ? അത്ര കൊണമൊള്ള തന്തതികളാ ഇപ്പം പൂച്ചപോലെ മര്യാതരാമന്മാരായി അങ്ങോട്ടു പോയതു്. അച്ചനെന്തിനാ ഈ കരുത്തക്കൊള്ളികളേം കെട്ടിവലിച്ചുകൊണ്ടു അവമാനപ്പെടണതു്? ഏയമാൻ ഇവിടെ വരട്ടെ. ഇന്നു ഞായറാശ്ചയാണല്ലോ. ഈ പേക്കൂത്തു ഇന്നോടെ ഇല്ല: അടുത്ത ഞായറാശ്ച ഈ മാരണങ്ങളും അച്ചനും ഈ വയലിൽകിടന്നു കൂത്തുകാണിക്കയില്ലെന്നു ഞാൻ പറയുന്നു.

ബോ— എൻെറ വല്യമ്മേ, അടുത്ത ഞായറാഴ്ച നി

ങ്ങൾ ഇവിടെ ഉണ്ടാകുമെന്ന് ആരറിഞ്ഞു? നാം എല്ലാവരും ദൈവത്തിൻെറ തൃക്കരങ്ങളിൽ ആണല്ലോ സ്ഥിതിചെയ്യുന്നതു്.

വൃദ്ധ— അടുത്ത ഞായറാഴ്ച ഞാൻ ചാകണെങ്കില് അങ്ങു ചത്തോട്ടെ. എന്നാലും അച്ഛനേം പിള്ളേരേം ഇവിടെയിട്ടു തുള്ളിക്കത്തില്ല, എന്നു ഞാനാ പറയുന്നതു്. അല്ലെങ്കിൽ അച്ഛൻ കണ്ടോ. (പോയി)

ബോ— (വിചാരം) വൃദ്ധയുടെ ശപഥംപോലെതന്നെ സംഭവിക്കാതിരിക്കയില്ല. പ്രതിദിനം വർദ്ധിച്ചുവരുന്ന എൻെറ കുടുംബത്തിന് എവിടെയാണ് ഒരു പാർപ്പിടം കണ്ടെത്തേണ്ടതു്. ഇപ്പോൾതന്നെ നാന്തുറോളമായിരിക്കുന്ന എൻെറ കുഞ്ഞുങ്ങൾക്കു സ്വതന്ത്രമായി സഞ്ചരിക്കുവാനും വിഹരിക്കുവാനും തക്കവണ്ണം ഒരു വീടും സ്ഥലവും കൂടിയേ കഴിയൂ. ബറോളാപ്രഭ്വിയുടെ ധർമ്മസ്ഥാപനത്തിലേ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുകൊള്ളണമെന്നും, അല്ലെങ്കിൽ, കുട്ടികളെ പിരിച്ചയക്കണമെന്നും പ്രഭ്വി നിർബന്ധിച്ചതിനാൽ അതിൽനിന്നു ഞാൻ വിരമിച്ചിരിക്കുന്നു. തന്മൂലം, ഇതേവരെ എനിക്കു ലഭിച്ചിരുന്ന ശമ്പളം മേലിൽ ആശിക്കാവുന്നതല്ല. ഇവിടെനിന്നും ബഹിഷ്കരിക്കപ്പെട്ടാൽ ദൈവപരിപാലനയെ ലാക്കാക്കി ട്യൂറിനിലേക്കു പോകാം.

(കരയുന്ന ടോമി എന്ന ബാലനെ ഏതാനുംപേർ കൂട്ടിക്കൊണ്ടുവരുന്നു).

ഫ്രാമൻ— അച്ഛാ, ഈ ടോമി എത്രനേരമായെന്നോ കരയാൻ തുടങ്ങീട്ടു്. ഞങ്ങളാരു ചോദിച്ചിട്ടും കാര്യമൊന്നും പറയുന്നില്ല.

ബോ— എൻെറ കുഞ്ഞേ, എന്താണു നീ കരയുന്നതു്? വല്ലവരും നിന്നെ ഉപദ്രവിച്ചോ?

ടോമി— (തേങ്ങിക്കരഞ്ഞുകൊണ്ടു്) ഇല്ല.

ബോ— പിന്നെ എന്താണ്? എന്തുതന്നെയായാലും എ

ന്നോടു പറയുക. ഞാൻ അതിനു നിവൃത്തിയുണ്ടാക്കാം. നിനക്കു സങ്കടം വരത്തക്കവിധം നമ്മുടെ ഓററ്ററി അംഗങ്ങളിൽ ആരെങ്കിലും വല്ലതും പറഞ്ഞോ?

ടോമി–– (കരഞ്ഞുകൊണ്ടു്) ഇല്ല.

ബോ— ഇപ്രകാരം ഒന്നുമല്ലെങ്കിൽ പിന്നെയെന്താണു്? സുഖക്കേടുവല്ലതുമാണോ?

ടോമി— അല്ല.

ബോ— ഇതൊന്നുമല്ലെങ്കിൽ പിന്നെയെന്താണു്? മകനേ, എന്തുതന്നെയായാലും ശങ്കിക്കാതെ പറയുക. ഞാൻ അതിനു് ഉപശാന്തിയുണ്ടാക്കാം. എന്താണു നീ കരയുന്നതു്?

ടോമി–– (സഗൽഗദം). എന്റെ പാപങ്ങൾ കണ്ടില്ല.

(മററുള്ളവർ പൊട്ടിച്ചിരിക്കുന്നു)

ബോ— (ചിരിച്ചുകൊണ്ടു്) ഇതിനാണോ നീ കരയുന്നതു്? നിന്റെ പാപങ്ങൾ നഷ്ടപ്പെട്ടെങ്കിൽ നീ ഭാഗ്യവാൻ തന്നെ. വീണ്ടും നീ അവ കണ്ടെത്തുന്നില്ലെങ്കിൽ നീ കൂടുതൽ ഭാഗ്യവാനാണു്. എന്തുകൊണ്ടെന്നാൽ, പാപങ്ങൾ ഇല്ലെങ്കിൽ നീ നേരെ സ്വർഗ്ഗത്തിലേക്കു പോകും.

ടോമി— (സഗൽഗദം) ഞാൻ ഒരു മുഴുവൻ കുമ്പസാരത്തിനായി എന്റെ പാപങ്ങൾ എല്ലാം കുറിച്ചുവച്ചിരുന്ന നോട്ടുബുക്കു കാണാനില്ല.

ബോ–– ഇതാണോ സംഗതി? ആകട്ടെ, പേടിക്കേണ്ടാ. (കുപ്പായക്കീശയിൽനിന്നും ഒരു നോട്ടുബുക്കെടുത്തിട്ടു്) നിന്റെ പാപങ്ങൾ ഇതാ! സുരക്ഷിതങ്ങളായിരിക്കുന്നു. (കൊടുത്തിട്ടു്) ഇതുതന്നെയല്ലേ?

ടോമി— (ചിരിച്ചുകൊണ്ടു്) ഹാ! അവ അങ്ങയുടെ പക്കൽ ആയിരുന്നു എന്നു് അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ കരയുകയില്ലായിരുന്നു.

ബോ— ഇപ്പോൾ സന്തോഷമായല്ലോ? എന്നാൽ ഇനി പോവുക.

(കുട്ടികൾ എല്ലാവരും പോയി)

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ— ഡോൺട്രോസിയോയജമാനൻ അങ്ങയെ കണ്ടു് ഒരു കാര്യം പറയുവാനായി എന്നെ അയച്ചതാണ്.

ബോ— എനിക്കു മനസ്സിലായി. എൻെറ കുഞ്ഞുമക്കളും ഞാനും അദ്ദേഹത്തിൻെറ ഈ സ്ഥലത്തുനിന്നു ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു എന്നല്ലേ?

ഭൃത്യ— അതേ; അതുതന്നെയാണ് അദ്ദേഹം പറഞ്ഞയച്ചതു്.

ബോ— ശരി; അദ്ദേഹത്തിൻെറ വൃദ്ധയായ വേലക്കാരിയുടേയും അദ്ദേഹത്തിൻെറയും സുഖസൗകര്യങ്ങൾക്കു മേലാൽ ഞങ്ങൾ ബാധകമായിരിക്കുന്നതല്ലെന്നു് അദ്ദേഹത്തെ അറിയിക്കുക.

ഭൃത്യ— അങ്ങനെതന്നെ. (പോയി)

ബോ— (കൈകൾ കൂപ്പി സ്വർഗ്ഗത്തിലേക്കു ദൃഷ്ടിയായി) എൻെറ ദൈവമേ, ഞാൻ ഏകൻ! ദരിദ്രൻ! നിസ്സഹായൻ! ഇനി എൻെറ പാവപ്പെട്ട കുട്ടികളെ എവിടെ ഒന്നിച്ചുകൂട്ടണമെന്നു് എനിക്ക് ഒരു രൂപവുമില്ല. ഞാൻ എന്തു ചെയ്യണമെന്നു് അവിടുന്നുതന്നെ എനിക്കു നിർദ്ദേശം നല്കേണമെ. ദീനാവലംബമേ! ഭക്തവത്സലാ! അഗതികളായ എൻെറ കുഞ്ഞുമക്കളെ ഞാൻ അങ്ങേ തൃപ്പാദങ്ങളിൽ കാണിക്ക സമർപ്പിച്ചുകൊള്ളുന്നു. (ചിന്താമഗ്നനായി ചുററിനടക്കുന്നു).

(ഒരു വൃദ്ധൻ പ്രവേശിച്ചു്)

വൃദ്ധ— അച്ചാ! നമസ്ക്കാരം. അങ്ങു് ഒരു സ്ഥലം അന്വേഷിക്കുന്നുണ്ടെന്നു കേട്ടു. എൻെറ സ്നേഹിതനായ പിനാർഡിക്കു

ട്യൂറിനിൽ ഒരു ഒന്നാംതരം കൊട്ടക വാടകയ്ക്കു കൊടുക്കാനുണ്ട്. അങ്ങു വന്ന് അതൊന്നു നോക്കിയാൽ കൊള്ളാം.

ബോ — വാടകയ്ക്കോ? ഉദ്ദേശം എന്തു വാടക കൊടുക്കേണ്ടി വരും?

വൃ — കെട്ടിടത്തിനും ചുററുമുള്ള നിലത്തിനും എല്ലാംകൂടി പ്രതിവർഷം പന്ത്രണ്ടു പവൻ വാടകയ്ക്കു നമുക്കു സമ്മതിപ്പിക്കാം.

ബോ — കൊള്ളാം. എന്നാൽ, ഇപ്പോൾതന്നെ നമുക്കൊന്നിച്ചുപോയി സ്ഥലം നോക്കിക്കണ്ടിട്ട് ഏർപ്പാടു ചെയ്യാം.

വൃ — (സാശ്ചര്യം) ഇപ്പോൾതന്നെ പോവണമെന്നോ? എന്റെ അച്ഛാ, അവിടുത്തെ ആരോഗ്യം വല്ലാതെ ക്ഷയിച്ചിട്ടുണ്ട്. അശേഷം വിശ്രമംകൂടാതെ അവിടുന്നു ചെയ്യുന്ന അദ്ധ്വാനത്താൽ വല്ല രോഗവും ബാധിച്ചേക്കാൻമതി. ഇപ്പോൾ ഈ അഞ്ചുമാസത്തിനിടയ്ക്കുതന്നെ ഈ അനാഥരേയുംകൊണ്ടു അഞ്ചുസ്ഥലത്തേക്കു പോകുവാൻ അങ്ങു നിർബന്ധിക്കപ്പെട്ടതിനാലും, അവർക്കു വല്ല ജോലിയും ഉണ്ടാക്കിക്കൊടുക്കുന്നതിലുള്ള അന്വേഷണപര്യടനങ്ങളാലും അവിടുന്നു വല്ലാതെ ക്ഷീണിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, മതകർമ്മങ്ങൾക്കായും പ്രസംഗങ്ങൾക്കായും പ്രതിദിനം വളരെ സമയം അവിടുന്നു വ്യയം ചെയ്യുന്നു. കൂടാതെ, അന്നന്ന് ഊട്ടുകയും ഉടുപ്പിക്കയും പഠിപ്പിക്കയും ചെയ്യേണ്ടവരായ ബാലന്മാർ അനവധി. അവരെ പോററുന്നതിനായുള്ള ഭിക്ഷാടനങ്ങൾ മുതലായവയാൽ അങ്ങ് ഇപ്പോൾതന്നെ വളരെ അവശനായിരിക്കുന്നു. ഏതായാലും ഒന്നു വിശ്രമിച്ചിട്ടു സൗകര്യംപോലെ ട്യൂറിനിലേക്കു പോകുന്നതാണ് ഉത്തമം.

ബോ — മൂപ്പീന്നേ, ദൈവസഹായം അവലംബമാക്കിയുള്ള നിരന്തരയത്നത്താൽമാത്രം സാധിക്കാവുന്നവയാണ് എന്റെ വിനീതമെങ്കിലും മഹത്തായ ഈ പ്രസ്ഥാനം. ഇനിയും എനിക്കു

വിശ്രമിക്കാറായിട്ടില്ല. അതിനാൽ നമുക്ക പുറപ്പെടാം.

വൃ — എന്നാൽ, അങ്ങയുടെ ഇഷ്ടംപോലെയാകട്ടെ.

(എല്ലാവരും പോയി.)

രംഗം ൧൨

ഒരു മദ്യശാല.

(ഷാപ്പുടമസ്ഥനും ഏതാനും മദ്യപന്മാരും യഥോചിതം പ്രത്യക്ഷപ്പെടുന്നു.)

൧-ാമൻ: എടോ, ഷാപ്പുകാരൻചേട്ടാ! ഞാൻ ഒരു ശ്ലോഹം ചൊല്ലാം. തനിക്ക് അതിൻെറ അൎത്ഥം പറയാമോ?

ഷാപ്പുകാരൻ: തൻെറ ശ്ലോകത്തിൻെറ അർത്ഥംമാത്രമല്ല, ഭാവവുംകൂടെ പരപമ്പിരിയായി പറയത്തക്ക ആണുങ്ങൾ ഇക്കൂട്ടത്തിൽ ഇല്ലാഞ്ഞിട്ടുവേണമല്ലോ ഞാൻ പറയാൻ.

൧-ാമൻ: സകലരും കാണാതെ പഠിക്കേണ്ടതാ നമ്മുടെ ശ്ലോഹം; ഷാപ്പുകാരൻചേട്ടൻ പ്രത്യേകിച്ചും. ആരെങ്കിലും ആണുങ്ങളുണ്ടെങ്കിൽ അൎത്ഥം പറയൂ. ഞാൻ ശ്ലോഹം ചൊല്ലാം.

"മമതയ്ക്കുള്ളൊരമൃതം മനുഷ്യന്നിഹ മദ്യമാം
സന്തോഷസാധകം മദ്യം സന്ത്യജിപ്പോർ നപുംസകാഃ"

൨-ാമൻ: എഡോ! ഗ്രഡ്ഡുകാരാ! ഈ നപുംസകഃ ഹാ ഹാ എന്നു പറഞ്ഞാൽ എന്താഗ്രവേ?

൧-ാമൻ: അങ്ങനെ ചോദിക്കൂ: അതിൻെറ സാരം ഞാൻ പറയാം. മദ്യം കുടിക്കാത്തവൻ ആണും പെണ്ണുംകെട്ടവൻ എന്നാണതിൻെറ അൎത്ഥം: മനസ്സിലായോ?

൩-ാമൻ: അതൊക്കെയിരിക്കട്ടെ. ഷാപ്പുകാരൻ ചേട്ടാ! ഞങ്ങൾക്ക് ഒരഞ്ചുവെള്ളിയുടെ വഹ കടം തരാമോ?

ഷാ— ഇല്ലയില്ല. അ കാൎയ്യമേ ചോദിക്കേണ്ടാ. കടം എന്ന ഒരേർപ്പാടേ ഇനിയില്ല.

ര്-ാമൻ: കടംകൊടുക്കുന്നില്ലെങ്കിൽ താനും തന്റെരഷാപ്പും വെറും പടം! മനസ്സിലായോ?

ഷാ— പടമെങ്കിൽ പടം; എന്നാലും കടം ഒരുപൈപോലും മേലാൽ കൊടുക്കാൻ വിചാരിക്കുന്നില്ല.

ര-ാമൻ: എങ്കിൽ പിന്നെ ഈ കണക്കുപുസ്തകം എന്തിനാ? ഇതു വലിച്ചു കാണയിൽ എറിയണം. (പുസ്തകം എടുക്കാൻ ഭാവിക്കുന്നു)

ഷാ— (പിടിച്ചിട്ട്) ഏഹേ! അനാവശ്യം കാണിച്ചാലുണ്ടല്ലോ!

ര-ാമൻ: ആവശ്യം സാധിച്ചില്ലെങ്കിൽ അനാവശ്യം കാണിക്കാം.

ഷാ— അനാവശ്യം കാണിക്കുന്നവർക്കു ചില അനുഭവങ്ങൾ ഉള്ളതറിയാമോ?

ര്-ാമൻ: എടോ, ചേട്ടാ, എന്നാൽ കടം വേണ്ടാ. ഒരു പണയംവച്ചുകൊണ്ടു് ഒരു അഞ്ചു വെള്ളിയുടെ വഹ തരുന്നതിൽ വിരോധമുണ്ടോ?

ഷാ— പണയമോ? എന്തു പണയം? കാണട്ടെ.

ര്-ാമൻ: (കുപ്പായക്കീശയിൽനിന്നും ഒരു കടലാസു് എടുത്തിട്ട്) ഇതാ, രണ്ടായിരം വെള്ളിയുടെ ഒരു സമനാധാരമാ. വലിച്ചെറിഞ്ഞാൽ രണ്ടായിരം കിട്ടുന്നതാ സാധനം. നാളെ വന്നു രൊക്കം വെള്ളി അഞ്ചുതന്നു തിരിയെ വാങ്ങിക്കൊള്ളാം. എന്നാൽ, ഒരു കാര്യം: സാധനം നഷ്ടപ്പെട്ടാൽ രണ്ടായിരം വെള്ളി രൊക്കം എണ്ണിയെണ്ണി തരേണ്ടതായിവരും. അതും പറഞ്ഞേക്കാം.

ഷാ— സമനാധാരമോ? എവിടെ നോക്കട്ടെ. (വാങ്ങിനോക്കീട്ട്) ആഹാ! ഇതാണോ? ഇതു പണയം വച്ചാൽ രണ്ടായിരമല്ല നാലായിരം കിട്ടും. എഴുത്തു വായിക്കാൻ അറിഞ്ഞുകൂടാത്ത വല്ല മരത്തലയന്മാരേയും വഞ്ചിക്കാൻ സാധിച്ചെന്നുവരാം.

ര'-ാമൻ: എന്താ, അഞ്ചു വെള്ളിക്കപോലും ഇതു പിടി പ്പതല്ലെന്നോ?

ഷാ— എടോ, ഇതു കോടതിയിൽ ഹാജരാകുവാൻ അയ ച്ചിരിക്കുന്ന സമൻസല്ലേ?

ന—ാമൻ: ഇത്തരം സമൻസു പണയം വച്ചു ഞങ്ങൾ ഇ തിനുമുമ്പു കുടിച്ചിട്ടുണ്ടല്ലോ.

ഷാ— ആ കുടിച്ച സ്ഥലത്തുതന്നെ പോകുന്നതാണുത്തമം. സമനാധാരമാണത്രെ!

വ—ാമൻ: അപ്പോൾ മുമ്പു പണയം എടുത്തവർ മണ്ടന്മാ രാണെന്നോ? എങ്കിൽ പണയമായിട്ടുവേണ്ടാ, തീറായിട്ടുതന്നെ ഇതെടുത്തുകൊണ്ടു് എന്തെങ്കിലും തരാമോ?

ഷാ—കൈയിൽ പണമില്ലെങ്കിൽ ഇവിടെനിന്നു ഒന്നു പോ കാമോ?

ഫ—ാമൻ: മൈ ഡീയർ ബ്രദർ! ദയവായി അഞ്ചു വെള്ളിയു ടെ വഹ ഞങ്ങൾക്കു നിങ്ങൾ കടം തന്നേ കഴിയൂ. ഇല്ലെങ്കിൽ ഇന്നു ഞങ്ങൾ ചുററിപ്പോകും.

ഷാ— ചുററിപ്പോകയോ ചുററാതെ പോകയോ എങ്ങനെ യെങ്കിലും പോയാൽമതി.

വ—ാമൻ: വരണം ഹേ! ഈ വകതിരിവില്ലാത്തവൻെറ ഷാപ്പിൽ ഇനി നമുക്കു വരരുതു്. വരുവിൻ പോകാം.

ഷാ— വളരെ ഉപകാരം.

(എല്ലാവരും എഴുന്നേററു് ഒരു ഭാഗത്തേക്കു മാറുന്നു. ഷാപ്പു കാരനും ഷാപ്പും മറയുന്നു)

ഫ—ാമൻ: ഇന്നൊരു വഴിയും ഫലിക്കുന്നില്ലല്ലോ. ഇനി യെന്താ വേണ്ടതു്?

വ—ാമൻ: എഴുത്തറിഞ്ഞുകൂടാത്ത ആ ഷാപ്പുകാരിയെ ക ളിപ്പിച്ചു കോർട്ടുസമൻസ് സമനാധാരമാക്കി പണയംവച്ചു പററിച്ചതുപോലെ മററുള്ളവരോടു സാധിക്കുമോ?

൧-ാമൻ: (നോക്കീട്ട്) ഇതാ, ആ തെണ്ടിപ്പിള്ളേരുടെ അച്ഛനല്ലേ ഒരു വൃദ്ധനോടുകൂടെ ഇങ്ങോട്ടുവരുന്നത്?

൨-ാമൻ: അതേ, അദ്ദേഹംതന്നെ. നമുക്ക് അദ്ദേഹത്തോട് അടുത്തുകൂടി വല്ലതും തരണമെന്നു പറഞ്ഞാലോ?

൩-ാമൻ: അതെങ്ങനെ സാധിക്കും? എല്ലാവരെയും സന്മാർഗ്ഗികളാക്കാൻ നടക്കുന്ന അദ്ദേഹം നമുക്കു മദ്യപാനത്തിനു വക തരുകയോ?

൧-ാമൻ: ഒന്നു ചോദിച്ചുനോക്കാം. ചിലപ്പോൾ ബാധ ഒഴിയട്ടെ എന്നു കരുതി വല്ലതും തന്നെങ്കിലോ?

൪-ാമൻ: എന്നാൽ, ആദ്യം ഭീഷണിതന്നെ തുടങ്ങാം. മുട്ടാളന്മാരെ ആരും ഒന്നു വകവയ്ക്കാതെ കഴിയുമോ?

(ബോസ്ക്കോയും വൃദ്ധനും പ്രവേശിക്കുന്നു.)

൧-ാമൻ: (മുന്നോട്ടുവന്നു) അച്ഛനെ ഞങ്ങൾ നിരോധിക്കുന്നു. ഞങ്ങൾക്ക് എന്തെങ്കിലും തന്നല്ലാതെ ഇവിടെനിന്നും ഒരടിവയ്ക്കാൻ ഞങ്ങൾ സമ്മതിക്കയില്ല.

൨-ാമൻ: അച്ഛന്റെ തൊപ്പിയും കുടയും എടുത്താലും നമ്മുടെ ആവശ്യം സാധിക്കാം.

൩-ാമൻ: അതെന്തിനു? നമുക്കു സന്തോഷിക്കാനുള്ള വക അദ്ദേഹം തരുമല്ലോ. തന്നില്ലെങ്കിലല്ലേ കുടയും തൊപ്പിയും എടുക്കേണ്ടതുള്ളു.

൪-ാമൻ: തെണ്ടിപ്പിള്ളേരെ വശീകരിക്കാനുള്ള ഈ പുഞ്ചിരിയും ജാടയും ഇവിടെ എടുത്താൽ നടപ്പില്ല. എന്തു പറയുന്നു? വല്ലതും തരുമോ അതോ ഞങ്ങൾ ബലാത്കാരം പ്രവർത്തിക്കണോ?

വൃ— എടാ, പിള്ളേരെ! അദ്ദേഹം ഒരു പട്ടക്കാരനല്ലേ? നിങ്ങൾ ഇപ്രകാരം.........

൩-ാമൻ: എടോ! ദുഷിച്ച കിളവാ! മിണ്ടരുത്. ഇനി നീ ശബ്ദിച്ചിട്ടുണ്ടെങ്കിൽ.........

ബോ— സ്നേഹിതന്മാരേ, നേരിൽ കാണുന്നത് എന്തായാലും അതുകൊണ്ടു നേരംപോക്കുണ്ടാക്കി രസിക്കുന്ന രസികവർഗ്ഗത്തിൽ ചേർന്നവരായി നിങ്ങളെ കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ കേവലം മുട്ടാളന്മാരല്ല. മുട്ടാളത്തരം അഭിനയിക്കുന്നു എന്നേയുള്ളൂ. നിങ്ങളുടെ എന്നല്ല ലോകമഹാസമ്രാട്ടുകളുടെ ഭീഷണികൾപോലും ഒരു യഥാർത്ഥവൈദികനെ ചലിപ്പിക്കുവാൻ പര്യാപ്തമല്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നതിനാൽ നിങ്ങളുടെ അഭീഷ്ടം സാധിച്ചുതരുന്നതിൽ എനിക്കു സന്തോഷമുണ്ട്. എന്താണ് നിങ്ങൾക്കു വേണ്ടത്?

൧-ാമൻ: എന്റെ അച്ചാ, അങ്ങ് ഒരു അസാധാരണവൈദികൻതന്നെ എന്നു സമ്മതിച്ചേ കഴിയൂ. ഞങ്ങൾ ഒരു കാര്യം കൊണ്ടു വിഷമിച്ചു നില്ക്കുമ്പോഴാണ് അച്ചനെ കണ്ടത്.

ബോ— എന്താണത്?

൧-ാമൻ: മറ്റൊന്നുമല്ല. ഞങ്ങൾ സാധാരണ മദ്യപാനം ചെയ്യുന്നവരാണ്. മൂന്നോ നാലോ ദിവസം പട്ടിണിനില്ക്കാം. പക്ഷേ, ഒരുദിവസമെങ്കിലും ഈ മരുന്ന് എടുക്കാതെ കഴിച്ചുകൂട്ടുന്നതു പ്രാണസങ്കടമാണ്. ഇന്നു ഞങ്ങൾക്ക് ഓരോ ഡോസ് എടുക്കാനുള്ള വക അച്ചൻ തരണം.

ബോ— ഇതിനെന്തുവിരോധം? എന്നാൽ, ഞാൻ കൂടെ ഷാപ്പുവരെ വന്ന് അതു നിവർത്തിക്കാം.

൨-ാമൻ: അപ്പോൾ അച്ചനും കുറേശ്ശെ എടുക്കും! അങ്ങനെ വരട്ടെ. സന്തോഷം!

ബോ— എനിക്കു യാദൃച്ഛികമായി ലഭിച്ച യുവസ്നേഹിതന്മാരായ നിങ്ങൾക്കു ഞാൻ ചെയ്യുന്ന സത്കാരം ഞാൻകൂടെ നിന്നു നിർവ്വഹിക്കുന്നതാണല്ലോ നിങ്ങൾക്കു ബഹുമാനവും എനിക്കു തൃപ്തിയും.

൩-ാമൻ: അച്ചൻ ഞങ്ങളോടുകൂടെ സന്തോഷിക്കുന്നതാണു ഞങ്ങൾക്കു കൂടുതൽ സന്തോഷം!

ബോ— എന്റെ യുവമിത്രങ്ങളേ, നിങ്ങളുടെ പ്രകൃതിയെ ഞാൻ ആദരിച്ചതുപോലെ ഒരു വൈദികനായ എന്റെ ധർമ്മത്തേയും മാനത്തേയും നിങ്ങളും ആദരിക്കേണ്ടതല്ലേ?

ഫ-ാമൻ: വേണ്ടാ. ഷാപ്പിൽ കയറി അച്ചൻ കുടിക്കുന്നതു ശരിയല്ല. വടക്കേ ഷാപ്പിൽതന്നെ പോകാം.

റ-ാമൻ: തെക്കോട്ടു തലകാണിച്ചാൽ ആ സമനാധാരക്കാരി ഓടിയെത്തും.

ബോ— എങ്ങോട്ടാണു പോകേണ്ടതു്? മുമ്പേ നടക്കണം.

(എല്ലാവരും ചുററിനടക്കുന്നു)

മാന്യമിത്രങ്ങളേ, നാം ഇപ്പോൾ സ്നേഹിതന്മാരായിത്തീർന്നിരിക്കുന്നതിനാൽ നിങ്ങളെ സംബന്ധിച്ചുള്ള സംഗതികൾ കൂടുതൽ അറിയാൻ എനിക്കു് ആഗ്രഹമുണ്ടു്. നിങ്ങൾക്കു് എന്തെങ്കിലും ജോലിയുണ്ടോ?

ഫ-ാമൻ: എന്റെ അച്ചാ, ഈ നാട്ടിലെ വലിയ പ്രതാപമുള്ള കുടുംബങ്ങളിലെ അംഗങ്ങളാണു ഞങ്ങൾ. ഇപ്പോഴാകട്ടെ പ്രതാപം ഒക്കെ അസ്തമിച്ചു നിത്യവൃത്തി പട്ടിണികൊണ്ടു് എന്ന ദിക്കായിട്ടുണ്ടു്. എങ്കിലും ജോലിചെയ്വാൻ അഭിമാനം സമ്മതിക്കുന്നില്ല.

ബോ— സ്നേഹിതന്മാരേ, അതു ദുരഭിമാനമല്ലേ? ജോലിയില്ലാത്ത മനുഷ്യൻ, മനുഷ്യൻ എന്ന പേരിനുപോലും അർഹനല്ല. ചെറുപ്പക്കാരായ നിങ്ങൾ എന്തെങ്കിലും ജോലി ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ ഭാവി എത്രയോ നിർഭാഗ്യകരമായിരിക്കും. നാട്ടിനും സമുദായത്തിനും അഭിമാനസ്തംഭങ്ങളായി പരിലസിക്കേണ്ട നിങ്ങൾ, ഇപ്രകാരം പ്രവൃത്തിരഹിതന്മാരായി, പരോപദ്രവികളായി, അവഹേളനാപാത്രങ്ങളായിത്തീരുന്നതു് എത്രയോ പരിതാപകരം! നിങ്ങളുടെ വിക്രിയമൂലം നിങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാരും സഹോദരന്മാരും അന്യരുടെ മുമ്പിൽ ലജ്ജിച്ചു തലകുനിക്കേണ്ടിവരുന്നതു നിങ്ങൾക്കു് അഭിമാനകരമായിരിക്കുമോ? പേരും പെരുമയും സമാർജ്ജിച്ച ശ്രേഷ്ഠകുടുംബ

ങ്ങളിലേ അംഗങ്ങളായ നിങ്ങൾ മുട്ടാളന്മാരെന്ന നാമധേയമാണോ സമ്പാദിക്കേണ്ടതു്? ഉയർന്നവനെന്നു ലോകം അഭിമാനിക്കുന്ന ഒരുമനുഷ്യനെങ്കിലും പ്രവൃത്തിരഹിതനായിരിക്കുന്നുണ്ടോ?

വാ-മൻ: അവിടുന്നു പറയുന്നതു ശരിതന്നെ. എന്നാൽ, ഞങ്ങൾക്കു ചെയ്യത്തക്ക ജോലി ഇവിടെ ഒന്നുമില്ലച്ചാ!

ബോ— മനസ്സുള്ളവനു നിരന്തരം ജോലിചെയ്യത്തക്കവിധത്തിലാണു ദൈവം ഭൂമിയെ സൃഷ്ടിച്ചിട്ടുള്ളതു്. ദുരഭിമാനം കൊണ്ടു് അതു ചെയ്യാതിരിക്കുന്നവൻ ഒരുവിധത്തിൽ ദൈവദ്രോഹികൂടെയായിത്തീർന്നു ദാരിദ്ര്യത്തെ സ്വയം ക്ഷണിച്ചു വരുത്തുകയാണു ചെയ്യുന്നതു്.

"മനസ്സുണ്ടെന്നുവന്നീടിൽ മാർഗ്ഗവും മുന്നിൽ വന്നിടും
എനിക്കശക്യമെന്നുള്ളതൊരിക്കലുമുരയ്ക്കൊലാ."

എന്നില്ലേ? ഇരിക്കട്ടെ. എന്റെ നിയന്ത്രണത്തിൽ ഞാൻ എന്തെങ്കിലും ജോലി തരുന്നതായാൽ അതു ചെയ്തുകൊള്ളാം എന്നു് എനിക്കു വാക്കുതരാമോ?

എല്ലാവരും: നിശ്ചയമായും: അച്ചൻ എന്തു ജോലി തന്നാലും അതു ഞങ്ങൾ സസന്തോഷം ചെയ്തുകൊള്ളാം.

ബോ— ശരി. എന്നാൽ, ഷാപ്പിലേക്കു പോകുന്നതിനുമുമ്പായി ഈ കാണുന്ന ചാപ്പലിൽ കയറി അഞ്ചുമിനിട്ടുസമയം എന്നോടുകൂടി ഒരു ചെറിയ ജപം ചൊല്ലുന്നതിൽ നിങ്ങൾക്കു വിരോധമുണ്ടായിരിക്കയില്ലല്ലോ.

നൂ-ാമൻ: അച്ചൻ പുള്ളി തരക്കേടില്ല. അഞ്ചുമിനിട്ടിൽ കൂടുമോ?

ബോ— ഒരിക്കലും അതിൽ കൂടുകയില്ല.

ഫ-ാമൻ: അഞ്ചുമിനിട്ടല്ലേ? അതു സാരമില്ല.

ബോ— എന്നാൽ, വരണം.

(എല്ലാവരും പോയി.)

## രംഗം ൧൩

### ട്യൂറിനിലേ തെരുവു്.

(ഫാദർ ആൻറിണിയും ഫാദർ ജെയിംസും പ്രവേശിക്കുന്നു.)

ഫാ. ജെ— ഞാൻ പറഞ്ഞില്ലേ? അദ്ദേഹം കിറുക്കനാണ്. ചിത്തഭ്രമം പലതരത്തിലുണ്ട്. തൻെറ ശക്തിക്ക് അതീതമായ സംരംഭങ്ങളിൽ പ്രവേശിച്ചു കഷ്ടപ്പെടുന്നതു ഭ്രാന്തിൻെറ ഒരു വകഭേദമാണ്. അതിനാൽ, ഇഷ്ടനെ ഭ്രാന്താലയത്തിലേക്ക് അയയ്ക്കുകതന്നെ വേണം.

ഫാ. ആ— ഏതായാലും നാം കൂടി ആലോചിച്ചിട്ടുള്ള പോലെ അദ്ദേഹത്തെ ഭ്രാന്താലയത്തിലേക്ക് ഉപായം പ്രയോഗിച്ച് ആക്കുന്നതിലേക്കാണല്ലോ നാം പുറപ്പെട്ടിരിക്കുന്നത്. വണ്ടിയിൽ കയറിക്കഴിഞ്ഞാൽ പിന്നെ നാംതന്നെ പറയുന്നതായാലും നിറുത്താതെ ഓടിച്ചു ഭ്രാന്താലയത്തിൻെറ ഉമ്മറത്ത് എത്തണമെന്നു വണ്ടിക്കാരനോടു നിഷ്കർഷാപൂർവ്വം ചട്ടംകെട്ടീട്ടുണ്ടല്ലോ. പുള്ളി വണ്ടിയിൽ കയറിയാൽ കാര്യം സാധിച്ചു.

ഫാ. ജെ— അതിനു പ്രയാസമുണ്ടാകയില്ല. കുറേദൂരം ഒരു സവാരിക്കു ക്ഷണിച്ചാൽ അതു നിരസിക്കയില്ല.

ഫാ. ആ— ഭ്രാന്തുതന്നെ. ഏതായാലും പുള്ളി താമസിക്കേണ്ട സ്ഥലത്തുതന്നെ ഇന്നു കൊണ്ടുപോയാക്കിക്കളയാം.

ഫാ. ജെ— എന്നാൽ, വരുക. ഇതാ, അദ്ദേഹം......... തൻെറ മുറിയിൽ പുസ്തകപാരായണം ചെയ്തുകൊണ്ടിരിക്കുന്നു. നമുക്കു കടന്നുചെല്ലാം.

(പൂർവോക്തപ്രകാരം ഇരിക്കുന്ന ഫാദർ ബോസ്കോ പ്രത്യക്ഷപ്പെടുന്നു)

ബോ— (എഴുന്നേററു രണ്ടാൾക്കും കൈകൊടുത്തിട്ട്) ബ: അച്ചന്മാരേ, എൻെറ എളിയവസതിയിൽ നിങ്ങൾക്കു

സ്വാഗതം. ഇരിക്കാം. (രണ്ടാളും ഇരിക്കുന്നു)

ഫാ. ആ— ഫാദർ, നിങ്ങൾക്കു നല്ല സുഖമില്ലെന്നു തോന്നുന്നുവല്ലോ.

ബോ— ദൈവാനുഗ്രഹത്താൽ ഇപ്പോൾ എനിക്കു യാതൊരു സുഖക്കേടുമില്ല. എന്നാൽ, എന്റെ ഉദ്യമത്തിൽ അസൂയാലുക്കളായ ചിലർ എനിക്കു ചിത്തഭ്രമമാണെന്നുപോലും ധരിച്ചുവശായിട്ടുള്ളതായി എനിക്കറിയാം.

ഫാ. ജെ— നിങ്ങൾ ഇപ്പോഴും ഓററ്ററിയെക്കുറിച്ചു ചിന്തിക്കുന്നുണ്ടോ?

ബോ— സംശയമോ? ഞാൻ മുമ്പിലത്തേതിലും കൂടുതലായി ഇപ്പോഴാണു ചിന്തിക്കുന്നതു്. അടുത്തഭാവിയിൽ ഒരു വലിയ കെട്ടിടം, കളിസ്ഥലങ്ങൾ, സായാഹ്നക്ലാസ്സുകൾ, വർക്ക്ഷാപ്പുകൾ, ൧൦൦൦ കുട്ടികൾക്കു് ഉപയോഗിക്കത്തക്ക ഒരു പള്ളി എന്നിവ ഉണ്ടാകും. എന്നെ സഹായിക്കുന്നതിനു ധാരാളം വൈദികന്മാർ, ഉപദേശികൾ, അദ്ധ്യാപകന്മാർ, തൊഴില്ക്കാർ ആദിയായവരും കാണും.

ഫാ ആ— (ചിരിച്ചിട്ടു്) ആഹാ! അപ്പോൾ എല്ലാവരും കൂടെ ഒരു വലിയ സൈന്യം! അല്ലേ?

ബോ-- അതേ, അതുതന്നെ ഉചിതമായ വാക്കു്.

ഫാ. ജെ— അപ്പോൾ ഒരു സന്യാസസഭ സ്ഥാപിക്കുവാനാണോ ഉദ്ദേശം?

ബോ— നിങ്ങൾ വാസ്തവം ഗ്രഹിച്ചിരിക്കുന്നു.

ഫാ. ആ— സന്യാസികൾക്കു് ഏതുതരം വസ്ത്രമാണു നല്കാൻ പോകുന്നതു്.

ബോ— ഞാൻ അവരെ "സുകൃതം" എന്ന വസ്ത്രമാണു ധരിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്.

ഫാ. ജെ— "സുകൃതം"? അതു നല്ലതുതന്നെ. പക്ഷേ, അതുമാത്രം പോരല്ലോ.

ബോ— അങ്ങനെയെങ്കിൽ സാധാരണജോലിക്കാരെപ്പോലെ അവരും ഷർട്ടുധരിച്ചാൽ മതി. ജോലിചെയ്യുമ്പോഴും മററവസരങ്ങളിലും അതുതന്നെ മതിയാകും.

ഫാ· ആ— (ഫാ. ജെയിംസിനോട്) നാം സംശയിച്ചതുപോലെതന്നെ കാര്യം.

ഫാ· ജെ— (പുഞ്ചിരിതൂകീട്ട്) അതേ, അതേ, ഇപ്പോൾ തീർച്ചയായി.

ബോ— (സാശ്ചര്യം) എന്ത്! ഞാൻ എന്തെങ്കിലും ബാലിശമായി പറഞ്ഞുപോയോ? ഒരു യാഥാർത്ഥ്യത്തിനു കൂടുതൽ പ്രാധാന്യം നല്കണമെന്നേ എനിക്കുദ്ദേശമുള്ളു. അതായതു ദാരിദ്ര്യംകൂടാതെ ഒരു സന്യാസസഭയ്ക്കു പുരോഗതിയുണ്ടാകയില്ല. ദാരിദ്ര്യാവസ്ഥയ്ക്കു് ഏററം യോജിച്ചതു ഷർട്ടുതന്നെയാണ്. അതുകൊണ്ടാണ് ഇങ്ങനെ പറയുന്നതു്.

ഫാ. ആ— അതേ, അതേ, റവറണ്ട് ബോസ്കോ; മനസ്സിലായി.

ഫാ. ജെ— ഞങ്ങളുടെ സംശയം നിശ്ശേഷം നീങ്ങി. എന്നാൽ, ഞങ്ങളൊന്നിച്ച് അല്പം സവാരിചെയ്യുന്നതിൽ വിരോധമില്ലെന്നു വിശ്വസിക്കുന്നു. കുതിരവണ്ടി തയ്യാറുണ്ട്. എന്താ ഇറങ്ങരുതോ?

ബോ— നിങ്ങളുടെ ക്ഷണം എനിക്കു സന്തോഷപ്രദമത്രേ. അല്പം താമസിക്കണേ! എൻെറ തൊപ്പി ഒന്നെടുത്തുകൊള്ളട്ടെ. (പോയി)

ഫാ. ആ— (ഫാ. ജെയിംസിനോട്) നമ്മുടെ ശ്രമം ഫലിച്ചു. (വണ്ടിക്കാരനോടായി) വണ്ടിക്കാരൻ, എന്നാൽ പറഞ്ഞതുപോലെ ഭദ്രമായി ചെയ്യേണ്ടണം. ആളു കയറി കതകടച്ചുകഴിഞ്ഞാൽ ഞങ്ങൾതന്നെ നിലവിളിച്ചാൽപോലും വണ്ടി ഒരു സ്ഥലത്തും നിറുത്തരുത്.

(അണിയറയിൽ) അങ്ങനെതന്നെ. ആ കാര്യം ഭദ്രമായി ചെയ്യേക്കാം.

(ബോസ്കോ പ്രവേശിച്ച്) എന്നാൽ, പോകാം. (മൂന്നാളും കൂടെ വണ്ടിയുടെ അടുത്തുചെല്ലുന്നു)

ഫാ. ആ— ഫാദർ, കേറണം

ബോ— അങ്ങനെയല്ല. പ്രായംകൂടിയവർ ആദ്യം! നിങ്ങൾ രണ്ടാളുംതന്നെ ആദ്യം കേറണം.

(ഫാ. ആൻറിണിയും ഫാ. ജെയിംസും) ഇതാ, ഞങ്ങൾ കയറിക്കഴിഞ്ഞു.

ബോ— എന്നാൽ, ഞാൻ ഇതാ കതകടച്ചുകഴിഞ്ഞു. വണ്ടിക്കാരൻ, വേഗം ഭ്രാന്താലയത്തിലേക്ക്! എങ്ങും നിറുത്താതേ! ഉം.

(അണിയറയിൽ) "ഹെയ്ബക്ക് ഹെയ്."

"എടോ വണ്ടിക്കാരാ, നിറുത്തുക! ആൾ ഇനിയും കയറാനുണ്ട്· നിറുത്തു! വണ്ടി നിറുത്താനല്ലേ പറയുന്നത്.

"ഹെയ് ബക്ക് ഹെയ്"

(രണ്ടാളും ഉച്ചത്തിൽ) ദയവായി വണ്ടി നിറുത്തുക! സത്യമായി വണ്ടി നിറുത്തുക! വണ്ടിക്കാരാ! വണ്ടി നിറുത്തണേ!

"ഹെയ്ബക്ക് ഹെയ്"

ബോ— (നോക്കീട്ട്) അതേ, അവർ ഭ്രാന്താലയത്തിലേക്കും ഞാൻ എൻെറ വസതിയിലേക്കും പോകട്ടെ (പോയി).

ഭ്രാന്താലയം.

(രണ്ടു പരിചാരകന്മാർ പ്രത്യക്ഷപ്പെടുന്നു.)

ഠ-ാമൻ: (നോക്കീട്ട്) ഇതെന്താണ്. ഈ വണ്ടിയിൽ രണ്ടച്ചന്മാരുണ്ടല്ലോ. ഒരാളെ വണ്ടിയിൽ കൊണ്ടുവരുന്നുണ്ടെന്നല്ലേ ഡോക്ടർ പറഞ്ഞത്.

വ-ാമൻ: ശരിതന്നെ രണ്ടുപേരുണ്ട്. കാര്യം ആപത്തായെന്നു വരുമോ? ഒരു ഭ്രാന്തനു രണ്ടാളുവീതം ഇല്ലെങ്കിൽ ഒന്നും സാധിക്കയില്ല. രണ്ടുപേരെക്കൂടെ വിളിച്ചാലോ?

൧-ാമൻ: ഇനി അതിനൊന്നും സമയമില്ല. ഇതാ! അവരിങ്ങെത്തിപ്പോയി. പിടിയിൽ ഒതുങ്ങാതെവന്നാൽ ഗെയിററ് പെട്ടെന്ന് അടച്ചേക്കണം.

൨-ാമൻ: ഏതായാലും കുതറിപ്പോകാതെ സൂക്ഷിക്കണം: പിടിവിട്ടുപോയാൽ ചോറു പോയതുതന്നെ. വേണ്ടിവന്നാൽ ആലാത്തുകൂടെ ഉപയോഗിക്കണം.

൧-ാമൻ: മരണപ്പിടുത്തം പിടിക്കതന്നെ. സാക്ഷാൽ ഉള്ളതിന്റെ രണ്ടിരട്ടിയാണു ഭ്രാന്തന്മാർക്കുള്ള ശക്തിയെന്നുള്ള കാര്യത്തിൽ നാം അനുഭവസ്ഥരല്ലേ? ഇതാ, ഇറങ്ങിക്കഴിഞ്ഞു. പിടിച്ചോളിൻ!!

(രണ്ടാളും രണ്ടു വൈദികന്മാരെ കൂട്ടിക്കൊണ്ടുവരുന്നു)

ഫാ. ആ— ഞങ്ങളെ അവമാനിക്കരുതേ! വാസ്തവത്തിൽ ഞങ്ങൾ ഭ്രാന്തന്മാരല്ല. സാക്ഷാൽ ഭ്രാന്തൻ വന്നിട്ടില്ല. ഞങ്ങളെ വിടുക.

൨-ാം പരി— അതേ, അതേ, കൊടിയഭ്രാന്തിന്റെ ലക്ഷണം ഇങ്ങനെ പറയുന്നതുതന്നെയാണ്. ഉം നടക്കണം.

ഫാ. ജെ—സ്നേഹിതന്മാരേ, ഞങ്ങളിൽ ആൎക്കും ഭ്രാന്തില്ല. ഞങ്ങളെ വിട്ടേക്കണേ. സത്യമായി ഞങ്ങൾക്കു ഭ്രാന്തില്ല.

൧-ാം പരി— നിങ്ങൾക്കു ഭ്രാന്തില്ലെന്നോ? രണ്ടാളും ഉച്ചബ് ഭ്രാന്തന്മാരാണ്. ഞങ്ങൾ ഇതൊക്കെ കുറെ അധികം പരിചയിച്ചവരാണ്. ഉം നടക്കണം.

(ഡോക്ടർ പ്രവേശിക്കുന്നു)

൧-ാം പരി— സർ, ഈ ഭ്രാന്തന്മാർ അനുസരിക്കുന്നില്ല.

ഡോ—അല്ല, ഫാദർ അന്റണിയും ഫാദർ ജെയിംസും! എടോ! നിങ്ങൾ ഇവരെ വിടുക. ഞാൻ അവരെ പരിശോധിക്കട്ടെ

(അവർ മാറിനില്ക്കുന്നു)

(വൈദികന്മാർ ലജ്ജിതരായി തലകുനിച്ചു നില്ക്കുന്നു)

ഡോ— നിങ്ങൾ ഏതോ ഒരു വൈദികനു ഭ്രാന്താണെന്നു

പറഞ്ഞു കൂട്ടിക്കൊണ്ടുവരുവാൻ പോയവരല്ലേ? അദ്ദേഹത്തെ കാണുന്നില്ല. നിങ്ങൾതന്നെ ഭ്രാന്തന്മാരായി ഇവിടെ വന്നിരിക്കുന്നു. ഇതെന്തുകഥ?

ഫാ. ആ— സർ, വണ്ടിക്കാരൻെറ വിഡ്ഢിത്തംകൊണ്ടും ഞങ്ങൾ അയാൾക്കു കൊടുത്ത നിർദ്ദേശത്തിൻെറ ന്യൂനതനിമിത്തവും ഇങ്ങനെ സംഭവിച്ചുവെന്നു ചുരുക്കിപ്പറയാനേ നിവൃത്തിയുള്ളൂ. ഫാദർ ജോൺബോസ്കോയാണ് ഇവിടെ വന്നുചേരാനുള്ള ഭ്രാന്തൻ!

ഡോ— ശരി; എന്നാൽ, ഇതു ദൈവം തൻെറ പ്രാഭവത്തെ കാണിച്ചതാണ്. ഉത്തമനും പരിശുദ്ധനുമായ ആ വൈദികനിൽ നിങ്ങൾക്കു തോന്നിയ തെററിദ്ധാരണയ്ക്കു് ഒരു ശിക്ഷയായി ഇതു സംഭവിച്ചതായിരിക്കാം. ഏതായാലും നിങ്ങൾ പോയി അദ്ദേഹത്തോടു മാപ്പപേക്ഷിക്കുവിൻ. എന്നാൽ, പോകാം.

(ലജ്ജിതന്മാരായി വൈദികന്മാർ പോകുന്നു.)

(എല്ലാവരും പോയി).

## രംഗം ൧൪

ട്യൂറിനിൽ സെൻറ് ഫ്റാൻസിസ് സെയിൽസ് ഓററ്ററിയുടെ ഒരു മുറി.

(മമ്മാ മാർഗരററു ചില പഴയ ഉടുപ്പുകൾ നന്നാക്കിക്കൊണ്ടിരിക്കുന്നു.)

മാർഗ— (വിചാരം) എൻെറ വത്സൻ ഫാദർ ജോണിയുടെ സ്വപ്നം എത്ര അർത്ഥവത്തായി പരിണമിച്ചിരിക്കുന്നു! എത്രയോ വളരെ ചെറിയ തോതിലായിരുന്നു ഈ പ്രസ്ഥാനത്തിൻെറ ആരംഭം. എന്നാൽ, ഇപ്പോൾ ഇതു് ആയിരത്തി അഞ്ഞൂറിലധികം അനാഥബാലന്മാരുടെ അഭയസ്ഥാനമായിത്തീർന്നിട്ടുണ്ട്. ഇതിലേ അംഗങ്ങൾക്കു് ആവശ്യകമായ ഭക്ഷണം വിദ്യാ

ഭ്യാസം മുതലായവ നിർവ്ഹിക്കുന്നതിലേക്കാണെങ്കിൽ യാതൊരു മൂലധനവും ഇല്ല. ദൈവപരിപാലനത്തെ മാത്രം ആശ്രയിച്ച് എൻെറ മകൻ അവയെല്ലാം വളരെ ശ്രമപ്പെട്ടു നടത്തിപ്പോരുന്നു. ഓറട്ടറിയുടെ നിത്യനിദാനച്ചെലവുകൾ മിതമായി ചെയ്യുന്നതിൽ അദ്ദേഹത്തെ സഹായിക്കണം എന്നുള്ള അദ്ദേഹത്തിൻെറ അപേക്ഷയനുസരിച്ചു ഞാൻ കൂടെ ഇവിടെ താമസിച്ച് എന്നാൽ കഴിയുന്നതു ചെയ്യുന്നു.

(ടോമി എന്ന ബാലൻ പ്രവേശിച്ചു.)

ടോമി: മമ്മാ, ഞാൻ ഒരു കാര്യം പറയാനാണു വന്നത്.

മാർഗ—കുഞ്ഞേ, എന്താണത്? നിനക്കെന്തുവേണം?

ടോമി: എനിക്ക് ......... എനിക്ക്.........

മാർഗ— നിനക്കെന്തുവേണമെന്നു പറയണം?

ടോമി: എനിക്കേ— ഒരു കഷണം..........

മാർഗ— ഒരു കഷണം?—

ടോമി: റൊട്ടി തരുമോ?

മാർഗ—എന്തു? നീ അല്പം മുമ്പല്ലേ ഉച്ചഭക്ഷണം കഴിച്ചതു്.

ടോമി: അതേ മമ്മാ, പക്ഷേ, എന്തോ എനിക്കിന്ന് എന്തൊരു വിശപ്പ്! ഇതിനുമുമ്പു ഞാനിങ്ങനെ ചോദിച്ചിട്ടുണ്ടോ?

മാർഗ — സാധു! (എഴുന്നേററുപോയി ഒരപ്പം എടുത്തുകൊണ്ടുവന്നു കൊടുത്തിട്ട്) ഒരു കാര്യം ഞാൻ പറഞ്ഞേക്കാം. മററുള്ളവരോട് ഇക്കാര്യം പറയരുതു്. പറഞ്ഞാൽ അവരും ഓടിവന്നു എൻെറ ചുററുംകൂടി റൊട്ടി ആവശ്യപ്പെടും.

ടോമി: ഇല്ല മമ്മാ! അവരോട് ആരോടും ഞാൻ ഒരക്ഷരം മിണ്ടുകയില്ല.

മാർഗ— എന്നാൽ, ആരും കാണാതെ ഒരു സ്ഥലത്തുപോയിരുന്ന് ഇതു തിന്നുകൊള്ളുക!

ടോമി: (സസന്തോഷം) അങ്ങനെതന്നെ. ഒരു കഷണം

ചോദിച്ചപ്പോൾ ഒരു റൊട്ടി മുഴവൻതന്ന എന്റെ നല്ല മമ്മയുടെ കൈ ഞാൻ ഒന്നു മുത്തട്ടേ. (അപ്രകാരം ചെയ്യുന്നു.)

മാർഗ— അമ്പേ! കൊച്ചുമിടുക്കാ, കൊള്ളാം. അതിനുപകരം നിന്നെ ഞാൻ ഒന്നു ഉമ്മവയ്ക്കട്ടെ. (ആശ്ലേഷിച്ച ചുംബിക്കുന്നു.)

ടോമി: (റൊട്ടി കുറേശ്ശെ തിന്നുകൊണ്ടു പാടിത്തുള്ളുന്നു.)

(മാർഗരററു പോയി)

(മനവിയാളെന്നെ. എ. മ.)

പൊന്നു മമ്മാ തന്ന റൊട്ടിതിന്നു ഞാൻ
പരപമ്പിരി തുള്ളും.
തിന്നു ഞാൻ പരപമ്പിരി തുള്ളും
ചെന്നു വാങ്ങും പിന്നെയുമിതുപോൽ

(പൊന്നു മമ്മാ—)

(ഏതാനും ബാലന്മാർ പ്രവേശിച്ച)

ഫ-ാമൻ: ടോമീ! ടോമീ! താൻ എന്തെടോ തിന്നുന്നതു്? (ഓടിവന്നു ചുററും കൂടുന്നു)

ടോമി: റൊട്ടിയാണ്. കണ്ടോ? ഒരു വലിയ റൊട്ടി!

വ-ാമൻ: ഇതു തനിക്കെവിടന്നു കിട്ടി?

ടോമി: എനിക്കു മമ്മാ മാർഗരററു തന്നതാണ്. എന്നോട് എന്തു സ്നേഹമാണെന്നോ?

ന-ാമൻ: പിന്നില്ലേ? തന്നോടുതന്നെ സ്നേഹം! ഞങ്ങൾ ചോദിച്ചാൽ ഞങ്ങൾക്കും തരും.

ടോമി: നിങ്ങളാരും പോകണ്ടാ; കിട്ടുകയില്ല. വേണമെങ്കിൽ ഇതിൽനിന്നും ഞാൻ ഒരില്ലോളം തരാം.

ര-ാമൻ: നിന്റെ ഉച്ഛിഷ്ടം ഞങ്ങൾക്കു വേണ്ടാ. വരുവിൻ, നമുക്കും പോയി മമ്മയോടു വാങ്ങാം.

ടോമി: പോകണ്ടാ. കിട്ടുകില്ല. വേണമെങ്കിൽ എല്ലാവ

ക്കുംകൂടി ഇതിൽ പകുതി തന്നേക്കാം. ഓടിച്ചെന്നു മമ്മയെ ശല്യപ്പെടുത്തേണ്ടാ.

ഫ—ാമൻ: ഞങ്ങൾക്കു വേണ്ടാ. നിന്റെ കാര്യം കഴിഞ്ഞില്ലേ? ഞങ്ങളും ചെന്നുനോക്കട്ടെ.

ടോമി: ഓ, എന്നാലങ്ങോട്ടു ചെല്ല്!

(ബാലന്മാർ പോയി)

ടോമി: പൊന്നുമമ്മാ തന്ന റൊട്ടി.........

(എന്ന പാട്ടുപാടി തുള്ളിക്കൊണ്ടു റൊട്ടി തിന്നുന്നു)

(ബാലന്മാർ ഓരോ റൊട്ടിയുമായി പാടിക്കൊണ്ടു പ്രവേശിക്കുന്നു.)

(അയ്യാച്ചെറുപെൺ എ. മ.)

അയ്യയ്യാ! റൊട്ടി പൊന്നുമമ്മാ തന്നു ഞങ്ങൾക്കും<br>
ഇയ്യാളിതിനാൽ പൊങ്ങിടേണ്ടാ, ഞങ്ങളും മക്കൾ<br>
ഞങ്ങളും മക്കൾ. (എല്ലാവരുംകൂടി)<br>
ഒന്നാന്തരമീ റൊട്ടിതിന്നു തുള്ളുവിൻ കൂടി.<br>
എന്നാലിനിയാരോടുമേതും നാം പറയേണ്ടാ<br>
മമ്മായിനിയും നമ്മൾ മൂലമായ് കുഴങ്ങേണ്ടാ.<br>
ഇതു നാം പറയേണ്ടാ.

(എല്ലാവരും തുള്ളിച്ചാടി മറയുന്നു)

(മാർഗരററ്റു പ്രവേശിച്ച്)

ആ കൊച്ചു കള്ളൻ ടോമി ഇനിയിങ്ങോട്ടു വരട്ടെ. ആരോടും പറകയില്ലെന്നു പറഞ്ഞുപോയിട്ട് എത്രപേരാണ് ഇവിടെ റൊട്ടിവാങ്ങാൻ വന്നത്. ഇരിക്കട്ടെ. അവനെയൊന്നു പഠിപ്പിക്കണം. (ഉടുപ്പുകൾ തുന്നുന്നു.)

(ഫാദർ ജോൺ ബോസ്കോ വരുന്നു)

ബോ— എന്റെ അമ്മേ! അമ്മ ധരിച്ചിരിക്കുന്ന വസ്ത്രം എത്ര പഴയതാണ്. അമ്മയ്ക്കു് എന്റെ നേർക്കുള്ള സ്നേഹത്തെ

ക്കറിച്ചെങ്കിലും ഒരു പുതിയ ഉടുപ്പു വാങ്ങുക.

മാർഗ— കൊള്ളാം. ഈ വസ്ത്രം ഇനിയും ഉപയോഗിക്കാൻ കൊള്ളുകയില്ലെന്നാണോ വിചാരിക്കുന്നതു്? നോക്കുക! ഒരൊററ പാട്ടപോലും ഇതിൽ കാണുന്നുണ്ടോ?

ബോ—ഇതിൻെറ നിറം എന്തായിരുന്നു എന്നു് അറിവാൻ പോലും നിവൃത്തിയില്ലാത്തവിധം അത്രയ്ക്കു പഴയതായിപ്പോയിട്ടുണ്ടെന്നേ ഉള്ളൂ. എൻെറ മമ്മാ, തീരെ പാവപ്പെട്ട മനുഷ്യർക്കു് ഇതിനെക്കാഠം എത്രയോ നല്ല വസ്ത്രങ്ങളുണ്ടു്.

മാർഗ— ശരിതന്നെ. പക്ഷേ, നമുക്കു ധാരാളം ആവശ്യങ്ങഠം നിവ്ഹിക്കേണ്ടതായുള്ളപ്പോഠം ആവക അത്യാവശ്യങ്ങഠം കഴിഞ്ഞിട്ടാണല്ലോ ഇത്തരം ആവശ്യങ്ങഠം സാധിക്കേണ്ടതു്.

ബോ— ഒരു പുതിയ ഉടുപ്പുവാങ്ങുവാനാണല്ലോ കഴിഞ്ഞ ദിവസം ൨൦ ഫ്റാങ്കു ഞാൻ അങ്ങയെ ഏല്പിച്ചതു്.

മാർഗ— അതു ശരി. എന്നാൽ, നമ്മുടെ പീടികക്കാരനു സാമാനം വാങ്ങിയ വകയിൽ കൊടുക്കാനുണ്ടായിരുന്ന കടം ഞാൻ അതു കൊടുത്തു വീട്ടീട്ടുണ്ടു്. എന്നു മാത്രമല്ല, നമ്മുടെ ഓരോട്ടറിമക്കാം എൻെറ ചുററിലും വന്നുനിന്നു് അവരുടെ അത്യാവശ്യങ്ങഠം പലതും പറയും. ഒരാഠക്കു് ഒരു ടൈ, വേറൊരാഠക്കു ചെരിപ്പു്, മറെറാരുത്തനു ഷർട്ടു്, എന്തിനു് ഇത്തരം വിവിധാവശ്യങ്ങഠം ഒരു വലിയ കുടുംബത്തിലേ മാതാവിനെ ദരിദ്രയാക്കുമെന്നു് അറിഞ്ഞുകൂടേ?

ബോ— ഇനിയും ഇതൊന്നും എനിക്കു കേഠക്കണ്ടാ, എൻെറ മാനത്തെ ഓത്തെങ്കിലും അമ്മ ഒരു പുതിയ വസ്ത്രം വാങ്ങിയേ കഴിയൂ.

മാർഗ— അത്ര നിർബന്ധമെങ്കിൽ വാങ്ങാം. ഇപ്പോഠം അതിനു പണമുണ്ടോ?

ബോ— ഇതാ ൨൦ ഫ്റാങ്കുകൂടെ. അടുക്കളയിൽ പാചകജോലി ഇനിയെന്താണു തീരേണ്ടതു്? ഞാൻ അങ്ങോട്ടു പോകാം.

മാർഗ— അത്താഴത്തിനുള്ളവയെല്ലാം തയ്യാറായിട്ടുണ്ട്. ഇനി സൂപ്പിൽ വറയിടേണ്ടതുമാത്രമേ ഉള്ളൂ. അതു കുറെക്കൂടി കഴിഞ്ഞിട്ടുമതി.

ബോ— എന്നാൽ, ഞാൻ കുട്ടികളുടെ കളിസ്ഥലത്തേക്കു ചെല്ലട്ടെ. (പോയി)

(ടോമി പ്രവേശിച്ച്)

ടോമി: മമ്മാ, എനിക്കു കളിസ്ഥലത്തേക്കു പോകണം. എൻെറ ഉടുപ്പു നന്നാക്കിയെങ്കിൽ തരുക.

മാർഗ— കൊള്ളാം, നിന്നെ കാണാൻതന്നെയാണു ഞാൻ കാത്തിരുന്നതു്. നിനക്ക് ആ റൊട്ടി തന്നകാര്യം ആരോടും പറയരുതെന്നു പറഞ്ഞിട്ടു കണ്ടവരോടെല്ലാം പറഞ്ഞു ഇല്ലേ? എന്തുപേക്കാണു നീ കാരണം ഞാൻ റൊട്ടി കൊടുക്കേണ്ടിവന്നതു്! ഇനി നീ എൻെറ അടുക്കൽനിന്നു റൊട്ടിവാങ്ങിക്കയില്ല.

ടോമി: മമ്മാ, ദയവായി എന്നോടു ക്ഷമിക്കണേ! ഞാൻ റൊട്ടി തിന്നുന്നതുകണ്ട് അവർ എന്നോടു ചോദിച്ചു. ഒരു കള്ളം പറയുന്നതിന് എനിക്കു തോന്നിയില്ല. ഞാൻ സത്യംതന്നെ പറഞ്ഞു.

മാർഗ— (ആശ്ലേഷിച്ചുകൊണ്ട്) കൊള്ളാം കുഞ്ഞേ, നീ ശരിയായി പ്രവർത്തിച്ചു. ഒരിക്കലും കള്ളംപറയരുതു്. നല്ലകുട്ടി. ഇതാ! നിൻെറ ഷർട്ടു്. ഞാൻ ഇനി അടുക്കളയിലേക്കു ചെല്ലട്ടെ. (എല്ലാവരും പോയി)

രംഗം ൧൦

ഓററട്ടറി ദൈവാലയത്തിൻെറ അങ്കണം.

(ഫാദർ ബോസ്കോ പ്രവേശിച്ച്.)

ബോ—(വിചാരം)ഈ പട്ടണത്തിലും പരിസരപ്രദേശങ്ങളിലും അത്യുഗ്രമായി ബാധിച്ചിരുന്ന വിഷൂചികയുടെ ഭീകരന

ത്തനം ദൈവഗത്യാ ഏതാണ്ട് അവസാനിച്ചു എന്നു പറയാം. ത്യാഗസന്നദ്ധന്മാരായി ഓററ്ററിയംഗങ്ങൾ ഓരോ പ്രദേശത്തും പോയി അഹർന്നിശം കഷ്ടപ്പെട്ടു രോഗികൾക്കു നടത്തിയ പരിചരണം ഗവമ്മെൻറധികൃതന്മാർ ഇന്നും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടിരിക്കുന്നു. ആ മഹത്തായ സത്കൃത്യത്തിനു സംഭാവനയെന്നോണം ചില വിശിഷ്ടഫലങ്ങൾ, അതേ, സദ്ഗുണസമ്പന്നനായ 'ഡോമിനിക്കു സാവ്യോ'യെപ്പോലുള്ള സുകൃതികളായ ചെറുപ്പക്കാരെ, സവ്വകാരുണികൻ ഓററ്ററിക്കു പ്രദാനം ചെയ്തിരിക്കുന്നു. ഇവരിൽ സവ്വഥാ പ്രമുഖനായി വത്തിക്കുന്ന സാവ്യോ, സാക്ഷാൽ ശരീരമെടുത്ത ഒരു ദൈവദൂതൻതന്നെ. താന്തോന്നികളായ നിരവധി ചെറുപ്പക്കാരെ ഈ പരിമിതകാലത്തിന്നിടയിൽ സാവ്യോ തൻെറ സദുപദേശങ്ങളും സുകൃതാദർശങ്ങളുംകൊണ്ടു സദ്വൃത്തരാക്കീട്ടുണ്ട്. അത്ഭുതപ്രവത്തനവരങ്ങൾകൂടി പ്രാപിച്ചിട്ടുള്ള ആ കൊച്ചുപുണ്യവാൻ തൻെറ ഉത്കൃഷ്ടങ്ങളായ തപശ്ചയ്യകളാൽ ലോകത്തെ അത്ഭുതപരതന്ത്രമാക്കുന്നു. സമയം ഉച്ചകഴിഞ്ഞുവെങ്കിലും ഇതേവരെ സാവ്യോ പള്ളിയിൽനിന്നു വന്നിട്ടില്ല. പതിവനുസരിച്ചു വിശുദ്ധകർബാനയുടെ സന്നിധിയിൽ ധ്യാനനിരതനായി കഴിച്ചുകൂട്ടുകയായിരിക്കാം. (നോക്കീട്ട്) അതേ, ഞാൻ ഉദ്ദേശിച്ചതുപോലെതന്നെ. ഇതാ, ഭക്തിപാരവശ്യത്തോടുകൂടെ ആ ബാലൻ ഒരു കൈ മാറത്തും മററൊരു കൈ അടുത്തുള്ള അഴിയിലും പിടിച്ച്, സ്വൎഗ്ഗീയപാരവശ്യം അനുഭവിച്ചുകൊണ്ടു മുഴങ്കാലിൽ നില്ക്കുന്നു. ദിവ്യപ്രകാശത്താൽ ഉദ്ദീപ്തമായ ആ മുഖം സക്രാരിയെ ലക്ഷ്യമാക്കിയിരിക്കുന്നു. ഹാ! ഈ കാഴ്ച ആർക്കാണു ഭക്തിജനകമല്ലാത്തതു്? സമയം വളരെ അധികമായതുകൊണ്ട് അടുത്തുചെന്നു വിളിക്കാം. (അടുത്തുചെന്നിട്ട്) സാവ്യോ! സാവ്യോ! സാവ്യോ!

(സാവ്യോ നിശ്ചലനായിത്തന്നെ പൂവോക്തപ്രകാരം നില്ക്കുന്നു.)

ബോ— (തോളിൽ പിടിച്ചു കുലുക്കീട്ടു) സാവ്യോ!

സാവ്യോ—(ഏകാഗ്രതയിൽനിന്നു നിവൎത്തിച്ച്)ഉ–ം ഓ! കുർബാന കഴിഞ്ഞു ഇല്ലേ?(തിരിഞ്ഞുനോക്കി എഴുന്നേല്ക്കുന്നു.)

ബോ— എത്രയോ മുമ്പേതന്നെ കഴിഞ്ഞു. സമയം ഇപ്പോൾ ഉച്ചകഴിഞ്ഞു രണ്ടുമണിയായിട്ടുണ്ട്.

സാ— ഓഹോ! അങ്ങനെയോ? അച്ഛാ, ക്ലാസ്സിൽ ഹാജരാവാതെ നിയമലംഘനം ചെയ്ത എന്റെ അപരാധം ദയവായി ക്ഷമിക്കണേ!

ബോ— എന്റെ വത്സലസാവ്യോ, പോയി ഭക്ഷണം കഴിക്കുക.

സാ—ഞാൻ അതു ചെയ്തുകൊള്ളാം. എന്നാൽ, പിതാവേ, അങ്ങേ സാന്നിദ്ധ്യം ഒരു സ്ഥലത്ത് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. വേഗം പോകണേ!

ബോ— എവിടെയാണ്?

സാ— ട്യൂറിനിൽ ൧൪൦–ാം നമ്പർ ഹൎമ്മ്യത്തിന്റെ രണ്ടാം നിലയിൽ. വേഗം എത്തണം. ഞാൻകൂടെ വരാം. വേഗം വരണേ! എല്ലാം കരുതിക്കൊള്ളുക. വേഗം!

ബോ— അങ്ങനെതന്നെ.

(രണ്ടാളും ബദ്ധപ്പെട്ടു പോയി)

രംഗം ൧൩

(രണ്ടുഭാഗത്തു കല്ലുകൾ കൂട്ടിയിരിക്കുന്ന ഒരു വിജനപ്രദേശം.)

(സാവ്യോ പ്രവേശിക്കുന്നു)

സാ— (വിചാരം) മതവിദ്വേഷിയായിരുന്ന ഒരു ഉദ്യോഗസ്ഥൻ മരണശയ്യയിൽവച്ചു മാനസാന്തരപ്പെട്ടു സമാധാനനിദ്ര പ്രാപിക്കുവാൻ ഇടയായതു തികച്ചും ചാരിതാൎത്ഥ്യജനകംതന്നെ. എന്നാൽ, എന്റെ സതീൎത്ഥ്യന്മാരായ ആ പ്രഭുകുമാരന്മാരുടെ മാത്സൎയ്യം സൎവ്വഥാ എനിക്കു മൎമ്മഭേദകമായിരി

ക്കുന്നു. അവർ പരസ്പരം ദ്വന്ദ്വയുദ്ധത്തിനു ശപഥം ചെയ്തുകഴിഞ്ഞു. പ്രതികാരേച്ഛുക്കളായിരിക്കുന്ന അവരെ അതിൽനിന്നും നിവർത്തിപ്പിക്കുന്നതിലേക്കു യത്നിക്കതന്നെ. ഞാൻ അവരോടു പലവിധം സാന്ത്വനങ്ങൾ പറഞ്ഞുവെങ്കിലും അവരിൽ ആരുംതന്നെ അതു സ്വീകരിക്കുന്നില്ല. എന്നാൽ, തങ്ങളുടെ ശണ്ഠയ്ക്കു ഒരു തരത്തിലും വിഘ്നമാവാത്ത കാര്യം ചെയ്യാവുന്നതാണെന്നു് അവർ രണ്ടാളും എനിക്കു വാക്കുതന്നിട്ടുണ്ടു്. പരസ്പരം കല്ലേറു നടത്തി വിജയം തീരുമാനിക്കുവാൻ ഉദ്ദേശിക്കുന്ന അവരുടെ സമരരംഗമായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം ഇതാണല്ലോ. യുദ്ധത്തിനുള്ള സമയം ആസന്നമായി. ഇവിടെ അവർ വന്നുചേരുന്നതുവരെ പ്രാർത്ഥിക്കാം. (ഒരു വൃക്ഷത്തിനു മറഞ്ഞു മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.)

(വിൻസെൻറു്, പോൾ എന്നു പേരുള്ള രണ്ടു യുവാക്കന്മാർ പ്രവേശിക്കുന്നു.)

വിൻസെൻറ്: (കോപിച്ചുകൊണ്ടു്) എടാ, എടാ, മ്ലേച്ഛാ! നീയും ഞാനും പ്രബുവംശജന്മാരും സഹപാഠികളുമായിരിക്കേ, സതീർത്ഥ്യന്മാരായ നിരവധിപേരുടെ മദ്ധ്യത്തിൽവച്ച് എൻെറ വംശത്തേയും എന്നേയും നീ അധിക്ഷേപിച്ചതിനാൽ നിന്നെ ഞാൻ ദ്വന്ദ്വയുദ്ധത്തിനു ക്ഷണിച്ചു. ദുരഭിമാനിയായ നിൻെറ ആ ദുഷിച്ച തലച്ചോറു് ഒരേ ഒരു കല്ലുകൊണ്ടു ഞാൻ ഇന്നു പുറത്തേക്കു ചാടിക്കും. നിനക്കു ജീവനിൽ ലേശമെങ്കിലും കൊതിയുണ്ടെങ്കിൽ ഈ അവസരത്തിൽ, അതേ, ഈ അവസാനമണിക്കൂറിലെങ്കിലും എൻെറ കാലിൽ വീണു ക്ഷമാപണം ചെയ്താൽ നിനക്കു ഞാൻ മാപ്പുതരാം. എന്തുപറയുന്നു?

പോൾ— എടാ, പട്ടീ! ഞാൻ പറയുന്നതു കേൾക്കു! നീ ദുരഭിമാനംകൊണ്ടു വെറുതേ ചാകേണ്ടാ. ഹീനനായ നിന്നോടുപൊരുതുന്നതുതന്നെ എനിക്ക് അഭിമാനക്ഷയമാണ്. എൻെറ പൗരുഷം ഒന്നുകൊണ്ടുമാത്രമാണു നിന്നോടു യുദ്ധത്തിനുതന്നെ ഞാൻ മുതിർന്നതു്. പക്ഷേ, ഇപ്പോഴെങ്കിലും നിൻെറ കുലഹീനതാ

വും എൻെറ കുലീനത്വവും ഏററുപറഞ്ഞു ക്ഷമായാചനം ചെയ്യാൻ നിനക്കു സമ്മതമുള്ളപക്ഷം ജീവനുംകൊണ്ടു പോകാം. ഇല്ലെങ്കിൽ, ജന്മനാ ഹീനനായ നിൻെറ ശരീരം ഈ കാട്ടിൽ കിടന്നു പുഴുത്തു് അവസാനിക്കുകതന്നെ ചെയ്യും. എന്തു പറയുന്നു?

വിൻ— എടാ വിഡ്ഢി, മരത്തലയാ! നിൻെറ കുലീനതയുടെ കൊടുമ്പിരിക്കൊള്ളൽ കുചേഷ്ടകളുടേയും ദുർവൃത്തികളുടേയും കുമ്പാരമല്ലാതെ മറെറന്താണു്? അപഹരണം, കവർച്ച, സാധുക്കളോടുള്ള കൈയേററം എന്നിവയുടെ നീചനീചമായ പ്രവൎത്തനങ്ങളല്ലേ നിൻെറ വംശപാരമ്പര്യം? ഇവയേയാണോ നീ കുലീനത്വമായി അഭിമാനംകൊള്ളുന്നതു്? ദുഷ്ടസർപ്പത്തെ കല്ലെറിഞ്ഞുകൊല്ലുന്നതുപോലെ അണലിസ്സന്തതിയായ നിന്നേയും കല്ലെറിഞ്ഞുതന്നെയാണു കൊല്ലേണ്ടതു്. നീയും നിൻെറ പൂൎവന്മാരും അനുഷ്ഠിച്ചിട്ടുള്ള മഹാപാതകങ്ങളുടെ ഫലം നീയിപ്പോൾ അനുഭവിക്കാൻ പോകുന്നു. അതിേലക്കായി ദൈവം നിന്നെ ഇതാ, എൻെറ കൈയിൽ കൊണ്ടുവന്നു തന്നിരിക്കുന്നു. എടാ ദ്രോഹീ! ചെയ്തുപോയ അകൃത്യങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു മരിക്കാൻ ഒരുങ്ങിക്കൊള്ളുക. അതിനുവേണ്ട സമയം ഞാൻ അനുവദിക്കാം. എന്തു പറയുന്നു?

പോ— എടാ, നായേ! പൗരുഷമോ പ്രതാപമോ എന്തെന്നന്നറിഞ്ഞുകൂടാത്ത നിൻെറ കഥയില്ലാത്ത ജല്പനങ്ങൾക്കു മറുപടി പറയാൻതന്നെ ഞാൻ വിചാരിക്കുന്നില്ല. മഹാന്മാരായ എൻെറ പൂൎവികന്മാരെപ്പററി മൎയ്യാദകേടു പുലമ്പുന്ന നിന്നോടു പ്രവൃത്തികൊണ്ടു പ്രതികാരം ചെയ്വാനാണു ഞാൻ ഉദ്യമിക്കുന്നതു്. എടാ! മ്ലേച്ഛാ! നീ നിൻെറ സ്ഥാനത്തു നില്ക്കുക. ഇതാ! ഞാൻ പ്രവൃത്തി ആരംഭിക്കുവാൻ പോകുന്നു. (നിലയുറപ്പിച്ചിട്ടു കല്ലു കൈയിലെടുക്കുന്നു)

വിൻ— ഭേഷ്! ഇതാ! ഞാൻ സന്നദ്ധനായിരിക്കുന്നു. (മേൽപ്രകാരം കല്ലെടുക്കുന്നു).

(സാവ്യോ ബദ്ധപ്പെട്ടു രണ്ടുകൈകളും ഉയൎത്തീട്ടു പറഞ്ഞുകൊണ്ടു പ്രവേശിക്കുന്നു)

സാ—അരുതേ,മാന്യമിത്രങ്ങളേ! നിങ്ങളുടെ വിനീതസ്നേഹിതനായ സാവ്യോയോടു നിങ്ങൾ ചെയ്തിട്ടുള്ള വാഗ്ദാനം ഓർമ്മിക്കണേ!

വിൻ— സാവ്യോ, നിങ്ങളുടെ വാഗ്ദാനം നിങ്ങൾ വിസ്മരിക്കുന്നുവോ?

സാ— ഇല്ല; ഞാനതു വിസ്മരിച്ചിട്ടില്ല. നിങ്ങളുടെ ശണ്ഠയ്ക്കു വിഘാതം ഉണ്ടാക്കുകയില്ലെന്നല്ലേ?

പോ— പിന്നെ ഇതെന്താണ്? യുദ്ധാരംഭത്തിൽ മദ്ധ്യത്തിൽ വന്നുനിന്നാൽ അതിന്റെ അൎത്ഥമെന്തു്?

സാ— യുദ്ധം തുടങ്ങുന്നതിനുമുമ്പേ, യുദ്ധത്തിനു വിഘാതമാവാതെ ഈ എളിയ ശുശ്രൂഷിയുടെ അഭ്യൎത്ഥന കേൾക്കാവുന്നതാണെന്നു നിങ്ങൾ രണ്ടാളും സമ്മതിച്ചിട്ടുള്ളതിനെ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

വിൻ— ഉപദ്രവം! മുമ്പു പറഞ്ഞിട്ടുള്ള സാന്ത്വനം ഇനിയും ആവൎത്തിക്കാതെ വേഗം പറഞ്ഞവസാനിപ്പിക്കുക. ഈ കൃമിയോടുള്ള പ്രതികാരത്തിനായി എന്റെ രക്തം തിളയ്ക്കുന്നു.

പോ— എന്റെ സാവ്യോ, നിങ്ങളുടെ വേദോപദേശത്തിനും സുകൃതമുറകൾക്കും ഇവിടെ സ്ഥാനമില്ല. ഏതായാലും വേഗം പറഞ്ഞവസാനിപ്പിക്കുക. എന്തെല്ലാം പറഞ്ഞാലും ഇവന്റെ കഥ ഇന്നു ഞാൻ അവസാനിപ്പിക്കും.

സാ— (ഉടുപ്പിൽനിന്നും ക്രൂശിതരൂപം എടുത്തു് ഒരു കൈയിൽ ഉയൎത്തിപ്പിടിച്ചുകൊണ്ടു്) മാന്യ സ്നേഹിതന്മാരേ, എനിക്കു് അധികമൊന്നും പറയാനില്ല. നിങ്ങൾ രണ്ടാളും ദയവായി ഈ ക്രൂശിതരൂപത്തെ നോക്കിക്കൊണ്ടു് യേശുനാഥൻ നിഷ്കളങ്കനായിരുന്നിട്ടും തന്നെ പീഡിപ്പിക്കുന്നവരോടു ക്ഷമിച്ചുകൊണ്ടു മരിച്ചു. ഈ പാപിയാകട്ടെ പ്രതികാരം പ്രവ

ത്തിച്ചുകൊണ്ടു് അവിടുത്തെ ദ്രോഹിക്കുവാൻ പോകുന്നു'' എന്നു പറയുവിൻ.

(രണ്ടാളും ഇതികർത്തവ്യതാമൂഢന്മാരായി നില്ക്കുന്നു.)

സാ— പ്രഭുക്കളേ, അക്ഷരംപ്രതി പരമാർത്ഥമായ ഈ വാക്കുകൾ ഉച്ചരിക്കുന്നതിൽ നിങ്ങളുടെ യുദ്ധപരിപാടിക്കു വിഘാതം വരുന്നതല്ലെന്നുമാത്രമല്ല, എന്നോടു ചെയ്തിരുന്ന വാഗ്ദത്തം പൂർത്തിയാകുന്നതുമാണല്ലോ. (രണ്ടാളും നിശ്ശബ്ദമായി നില്ക്കുന്നു.)

ഈ ക്രൂശിതരൂപം നോക്കി ഇപ്രകാരം പറയുവിൻ. നിങ്ങൾക്കു സങ്കോചമെങ്കിൽ വേണ്ടാ. (വിൻസെൻറിനോടായി)

അസഹ്യമായ കോപത്താൽ അത്യധികം ക്ഷുബ്ധനായ വിൻസെൻറ് പ്രഭോ! ഇതാ, സാവ്യോ താങ്കളുടെ പാദത്തിൽ പ്രണമിച്ചുകൊണ്ടു് ഒരേ ഒരു കാര്യം അപേക്ഷിക്കുന്നു. താങ്കളുടെ ആദ്യത്തെ ഏറു് എന്നെത്തന്നെ എറിഞ്ഞു് താങ്കളുടെ കോപശാന്തിവരുത്തുകയും അങ്ങനെ എന്നോടു ചെയ്തിട്ടുള്ള വാഗ്ദത്തം പാലിക്കയും ചെയ്യണേ!

(പാദത്തിങ്കൽ മുട്ടുകുത്തുന്നു)

വിൻ - ഇല്ലയില്ല. അപ്രകാരം ഞാൻ ഒരിക്കലും ചെയ്കയില്ല; എന്നു മാത്രമല്ല, സാധുവായ നിങ്ങളെ മറെറാരുത്തൻ തൊടുന്നതിനുപോലും ഞാൻ സമ്മതിക്കയില്ല.

(സാവ്യോ എഴുന്നേററു് പോളിൻെറ അടുത്തുപോയി മുട്ടുകുത്തീട്ടു്)

സാ— പ്രഭോ, എന്നാൽ, താങ്കളെങ്കിലും അപ്രകാരം ചെയ്തു താങ്കളുടെ കോപശാന്തി വരുത്തുകയും എന്നോടുള്ള വാഗ്ദത്തം പാലിക്കയും ചെയ്വാൻ ദയയുണ്ടാകണേ!

പോ— ഒരിക്കലും നിങ്ങളെ ഞാൻ എറിയുകയില്ല; അന്യൻ നിങ്ങളെ ഒരുവിധത്തിലും ഉപദ്രവിക്കാൻ സമ്മതിക്കയുമില്ല. ഇതു സത്യം!

സാ— (എഴുന്നേററു സഗൽഗദം) ഹാ! ഒരു ദുർഭഗജീവിയായ എന്നെ ഉപദ്രവിക്കാൻ നിങ്ങൾക്കു മനസ്സുവരുന്നില്ലല്ലോ? എന്നാൽ, നമ്മുടെ ദിവ്യരക്ഷകൻ തൻെറ പരിശുദ്ധ രക്തംകൊണ്ടു നേടിയതും, നിങ്ങളിപ്പോൾ നശിപ്പിക്കുവാൻ പോകുന്നതുമായ നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുന്നതിനുവേണ്ടി ഒരു അവഹേളനം സഹിക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ലെന്നോ? ഇതു് എനിക്കു ദുർഗ്രഹമായിരിക്കുന്നു. എനിക്കു് ഏററവും സ്നേഹഭാജനങ്ങളായ നിങ്ങളുടെ ആത്മാക്കൾ നശിക്കുക എന്നതിനെ അപേക്ഷിച്ചു ഞാൻ മരിക്കുന്നതു് എനിക്കു് ആശ്വാസപ്രദമാകയാൽ എൻെറ കൃതാൎത്ഥതയ്ക്കുവേണ്ടിയെങ്കിലും നിങ്ങൾ ഇതു സമ്മതിക്കണേ. യേശുമിശിഹായിൽ സഹോദരന്മാരേ, നിങ്ങളുടെ രക്തച്ചൊരിച്ചിൽ കാണുന്നതിനുമുമ്പേ ഈ സമാധാനരാജൻെറ രാജ്യത്തേക്കു് എന്നെ നിങ്ങൾ യാത്രയാക്കണേ! നിങ്ങളുടെ ക്ഷേമശാന്തിക്കുവേണ്ടി ബലിയാവാൻ— അതേ, ഇപ്രകാരം ഒരു ത്യാഗം അനുഷ്ഠിക്കുന്നതിൽനിന്നുള്ള പുണ്യം സമ്പാദിപ്പാൻ നിങ്ങൾ എന്നെ അനുവദിക്കണേ! (ക്രൂശിതരൂപം നോക്കി) നാഥാ എൻെറ സ്വാമീ! ഈ രക്തച്ചൊരിച്ചൽ കാണ്മാൻ എനിക്കു ശക്തിയില്ല. ആ അത്യാഹിതത്തിനുമുമ്പായി എന്നെ അങ്ങേ രാജ്യത്തിൽ സ്വീകരിച്ചരുളേണമേ! (കണ്ണുനീർ തൂകുന്നു)

വിൻ— ഹാ! കറതീർന്ന സഹോദരസ്നേഹത്തിൻെറ അലതല്ലൽ! ഇതിനെ അതിലംഘിച്ചു പ്രതികാരേച്ഛയോ?

പോ— ഹാ! എൻെറ പ്രതികാരപ്രതിപത്തി പുണ്യവാനായ സാവ്യോയുടെ പ്രാൎത്ഥനയാൽ നിശ്ശേഷം നീങ്ങിയിരിക്കുന്നു.

വിൻ—അതേ,ഞാൻ ഇതിൽനിന്നു നിവൎത്തിച്ചിരിക്കുന്നു. ഇനിയും നാം പ്രശാന്തന്മാരായി വൎത്തിക്കുന്നില്ലെങ്കിൽ ദൈവം നമ്മെ വിടുമോ? ഈ ഉത്തമസുഹൃത്തിനെ ഇനിയും വേദനപ്പെടുത്താതെ നമ്മുടെ ശപഥം ഉപേക്ഷിക്കുകയാണു് ഉചിതം.

പോ— ഞാൻ നിങ്ങളോടു പൂൎണ്ണമായി യോജിക്കുന്നു. നാം

തമ്മിലുള്ള സൗഹാർദ്ദബന്ധത്തിന്റെ അച്ചാരമായി ഇതാ, ഞാൻ നിങ്ങൾക്കു ഹസ്തദാനം ചെയ്യുന്നു.

(രണ്ടാളും പരസ്പരം കൈകൊടുക്കുന്നു.)

വിൻ— സമാധാനത്തിന്റെ ദൈവദൂതനായ സാവ്യോ, നിങ്ങളോടു ഞങ്ങൾ ആജീവാനന്തം കടപ്പെട്ടവരാണ്. (ആശ്ലേഷിക്കുന്നു)

പോ— ഇനിയും ഇത്തരം ചപലവൃത്തികളാൽ ഉത്തമസുഹൃത്തായ നിങ്ങളെ സങ്കടപ്പെടുത്തുകയില്ലെന്നു ഞങ്ങൾ വാക്കുതരുന്നു.

(സാവ്യോയ്ക്കു ഹസ്തദാനം ചെയ്യുന്നു.)

വിൻ അതേ, നിശ്ചയമായും. (ഹസ്തദാനം)

സാ— ദൈവത്തിനു സ്വസ്തി. (ക്രൂശിതരൂപം ഉടുപ്പിനുള്ളിൽ നിക്ഷേപിക്കുന്നു). അതേ; ഒരു വലിയ അത്യാഹിതത്തിൽനിന്നു നാം മുക്തിനേടിയിരിക്കുന്നു. നാളെ നമുക്കൊന്നിച്ചു പാപസങ്കീർത്തനം ചെയ്തു ദിവ്യകാരുണ്യം കൈക്കൊള്ളണമെന്നുകൂടി എനിക്കൊരപേക്ഷയുണ്ടു്.

രണ്ടാളും— അങ്ങനെതന്നെ.

സാ— എന്നാൽ, ഇനി പോകാം.

(എല്ലാവരും പോയി)

## രംഗം ൧൨

(ഉല്ലസിച്ചുകൊണ്ടു കളിസ്ഥലത്തു നില്ക്കുന്ന ഏതാനും കുട്ടികളുടെ മദ്ധ്യത്തിൽ രണ്ടു് ആപ്പിൾപ്പഴങ്ങളുമായി ബോസ്കോ പ്രത്യക്ഷപ്പെടുന്നു.)

കുട്ടികൾ: പിതാവേ, എനിക്ക്! എനിക്ക്. (എന്നു പറഞ്ഞുകൊണ്ടു ചുററും കൂടുന്നു)

ബോ— (പഴങ്ങൾ രണ്ടുകൈയിലും ഉയർത്തിപ്പിടിച്ചിട്ട്)

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, നിങ്ങളിൽ സദാചാരത്തിലും പഠനത്തിലും ഏററവും സമർത്ഥന്മാരായി ഗണിക്കപ്പെടുന്ന രണ്ടാർക്ക് ഈ ആപ്പിൾ കൊടുക്കുവാനാണു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. അവർ ആരാണെന്നു നിങ്ങളുടെ മോണിററർ പറയട്ടെ.

ടോമി: ക്ലാസ്സിൽ സാധാരണ ഒന്നാമനാവുന്നതു ജറോം ഗിൽവാനിയാണ്. സദാചാരത്തിൽ ഗ്രിഗരിയോട് ഈ കൂട്ടത്തിൽ ആരും പോരാ.

ബോ— ശരി; അവർ രണ്ടാളും വരട്ടെ.

(രണ്ടുപേർ വരുന്നു. പഴം കൊടുക്കുന്നു.)

ബോ— ഇതാ, ഇതു രണ്ടും ഇപ്പോൾ ഞാൻ അവൎക്കു കൊടുക്കുന്നു. എന്നാൽ, മററുള്ളവർ ഇതിനാൽ നൈരാശ്യം ഭാവിക്കരുതു്. ഒരു മാസം കഴിഞ്ഞു നിങ്ങളുടെ ഈ സംഘത്തിനു നാലുസമ്മാനങ്ങളാണു നിശ്ചയിച്ചിരിക്കുന്നതു്. അതു കരസ്ഥമാക്കുവാൻ നിങ്ങളിൽ ഓരോരുത്തരും ഇന്നുമുതൽ പരിശ്രമിച്ചുകൊള്ളുക. സദാചാരത്തിൽ ഒന്നാമനാകുന്ന കുട്ടിക്ക് ഒരു പുതിയ ഉടുപ്പുകൂടി ഉണ്ടായിരിക്കും.

എല്ലാവരും: (സോത്സാഹം) അതു ഞാൻ വാങ്ങും. അതു ഞാൻ വാങ്ങും...

ഒരു കുട്ടി: റവറണ്ട് ഫാദർ ബോസ്കോ നീണാൾ ജയിക്കട്ടെ!

മററുള്ളവർ: ജയിക്കട്ടെ! ജയിക്കട്ടെ!

മറെറാരുത്തൻ: സലേഷ്യൻസംഘം നീണാൾ ജയിക്കട്ടെ!

മററു— ജയിക്കട്ടെ. ജയിക്കട്ടെ. ഹിപ് ഹിപ് ഹുറേ! (ഹസ്തതാഡനം)

(കൗണ്ടു ക്ലോപ്പിസ്, കൗണ്ടു ലൂയിസ്, കൗണ്ടു കൊളോഞ്ഞ എന്നീ പാർലിമെൻറംഗങ്ങൾ ഒരു ഭാഗത്തു പ്രവേശിച്ചു സകൗതുകം നോക്കിനില്ക്കുന്നു.)

ക്ളോ— ഹാ! എത്ര ഹൃദ്യമായ ഒരു കാഴ്ച!

കൊളോ—അതേ, ഹൃദയാവർജ്ജകംതന്നെ. സംശയമില്ല.

ളൂയിസ്: ഇപ്രകാരമുള്ള പല സ്ഥലങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ക്ളോ— വാസ്തവം; എങ്കിൽ, പാവപ്പെട്ടവരും വീടില്ലാത്തവരുമായ ഇത്രയേറെ കുട്ടികൾ തൊഴിലൊന്നുമില്ലാതെ തെരുവുകൾതോറും അലഞ്ഞുനടന്ന് അലസതയിൽ നേരംപോക്കുന്നതും അജ്ഞതയിലും ദുശ്ശീലങ്ങളിലും ആണ്ടുപോകുന്നതും കണ്ടു മനം വേകുന്നതിനു ദുർലഭമായി മാത്രമേ ഇടയാകുമായിരുന്നുള്ളു.

(ബോസ്കോ ആഗതന്മാരെ കണ്ടു തൊപ്പിയെടുത്ത് ആചരിക്കുന്നു. അവർ പ്രത്യുപചാരം അപ്രകാരംതന്നെ ചെയ്യുന്നു.)

ബോ— മാന്യരേ, ഞങ്ങളുടെ വിനോദരംഗത്തിൽ ആഗതന്മാരായ നിങ്ങളെ പരിചയപ്പെടുന്നതിൽ സന്തോഷമുണ്ട്.

ക്ളോ— ഞങ്ങൾ പാർലിമെൻറംഗങ്ങളാണ്. ഇദ്ദേഹം കൗണ്ടു കൊളോഞ്ഞ. ഇദ്ദേഹമാകട്ടെ കൗണ്ട് ളൂയിസ്. എൻെറ പേർ കൗണ്ട് ക്ലോപ്പിസ് എന്നു പറയും. ഇത്രയധികം കുട്ടികൾ നിർദ്ദോഷങ്ങളായ ഈവിധവിനോദങ്ങളിൽ ഏർപ്പെട്ട് ഈ സായാഹ്നം ചെലവഴിക്കുന്ന കാഴ്ചയിൽ ഞങ്ങൾ അത്ഭുതംകൊള്ളുകതന്നെ ചെയ്യുന്നു. ഞങ്ങൾക്കു നേരിട്ടു പരിചയമുള്ള ഒരു പൗരമുഖ്യൻ നിങ്ങളുടെ ഈ സ്ഥാപനത്തെ സഹായിക്കണമെന്നു ഗവമ്മെൻറിനെ ഉൽബോധിപ്പിച്ചിട്ടുണ്ട്. പത്രങ്ങൾ മുഖപ്രസംഗങ്ങൾകൊണ്ടും മററും അതിനെ പിന്താങ്ങുകയും ചെയ്യുന്നു. ഏതോ ഒരു ഡോൺബോസ്കോയുടെ പ്രയത്നത്തിൻെറ ഫലമാണിതു് എന്നു മാത്രം ഞങ്ങൾക്കറിയാം. അദ്ദേഹത്തെ ഞങ്ങൾക്കൊന്നു പരിചയപ്പെടുത്തിത്തന്നെങ്കിൽ നന്നായിരുന്നു.

ബോ— മാന്യസുഹൃത്തുക്കളേ, ഇനി കൂടുതൽ പരിചയപ്പെ

ടുത്തുവാൻ ഒന്നുമില്ല. ഞാൻതന്നെയാണു ഡോൺബോസ്കോ.

കൊ— നിങ്ങളുടെ പരിചയം സമ്പാദിക്കുന്നതിൽ ഞെങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങളെപ്പററി മുമ്പേതന്നെ ധാരാളം കേട്ടിട്ടുണ്ട്. നിങ്ങൾ എല്ലാവരുടേയും സംഭാഷണവിഷയമായിത്തീർന്നിരിക്കയാണ്.

ബോ— എൻെറ പ്രത്യേകയോഗ്യതയൊന്നുമല്ല ഇങ്ങനെയൊരു ജനസമ്മതിക്കും പ്രസിദ്ധിക്കും കാരണം. പ്രത്യുത, എൻെറ കുട്ടികളുടെ നാവാണ്.

ളൂ— അതേ, അവർതന്നെയാണ് ഇക്കാര്യത്തിൽ വിധിപ്രസ്താവിക്കുന്നതിനു പററിയവർ. "കുട്ടികളുടെ അധരങ്ങൾകൊണ്ടു നീ സ്തുതി പൂർത്തിയാക്കി" എന്നല്ലേ പ്രവാചകൻ പറയുന്നതു്.

ക്ളോ— നിങ്ങളുടെ പ്രവർത്തനത്തെസ്സംബന്ധിച്ച ശരിയായ വിവരങ്ങൾ ഗ്രഹിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു ഭരണസമിതിയിൽനിന്നു ഞങ്ങൾ നിയുക്തന്മാരായിരിക്കുകയാണ്.

ബോ— പ്രാമാണികന്മാരായ പലരുടേയും സന്ദർശനങ്ങൾകൊണ്ട് ഈ പാവപ്പെട്ട സ്ഥാപനം അനുഗ്രഹീതമായിട്ടുണ്ട്. എന്നാൽ, ഈ സന്ദർശനം ഏററം പ്രധാനമായ ഒന്നായി പരിഗണിക്കപ്പെടുമെന്നുള്ളതു തീർച്ചതന്നെ.

ക്ളോ— നിങ്ങളുടെ പ്രവർത്തനലക്ഷ്യമെന്താണ്?

ബോ— രത്നച്ചുരുക്കമായിപ്പറഞ്ഞാൽ, ഈ കുട്ടികളെ ഉത്തമപൗരന്മാരും നല്ല ക്രിസ്ത്യാനികളുമാക്കിത്തീർക്കുകതന്നെയാണ് എൻെറ പരമലക്ഷ്യം. ഇത്തരത്തിൽ വേറെ രണ്ടു സ്ഥാപനംകൂടി ആരംഭിച്ചിട്ടുണ്ടെന്നു നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് അതീവസന്തോഷമുണ്ട്. ഒന്നു വലന്തീനായിലും മറേറതു വഞ്ചിഗ്ലിയായിലുമാണു സ്ഥാപിച്ചിരിക്കുന്നതു്.

ക്ളോ— അതു സന്തോഷാവഹമായ ഒരു വാർത്തതന്നെ. ഈ ഓററ്ററിയിൽ എത്ര കുട്ടികൾ വരുന്നുണ്ട്.

ബോ— അഞ്ഞൂറിൽപ്പരമുണ്ട്. മററു രണ്ടുസ്ഥലത്തും ഇത്ര

യുംതന്നെ വരുന്നുണ്ട്.

കൊ— ഇതു് ഒരു മഹോത്സവനമാണെന്നുള്ളതിനു സംശയമില്ല. ഇതു ഗവർമ്മെൻറിനു വളരെ പ്രയോജനകരവുമാണ്.

ളൂ— ഈ പ്രവൎത്തനം ആരംഭിച്ചിട്ട് എത്രകാലമായി?

ബോ— ഫെബ്രുവരിമാസം ആരംഭം. നിരാശ്രയരായി നടക്കുന്ന ഈ കുട്ടികളിൽ അധികപങ്കും മര്യാദയും മെരുക്കവുമില്ലാത്തവരാണെങ്കിലും, ചീത്തക്കുട്ടികളല്ലെന്നും, എന്നാൽ, സ്വേച്ഛാനുസരണം വിട്ടാൽ ധൂൎത്തന്മാരും പട്ടകള്ളന്മാരും തെമ്മാടികളുമായിത്തീർന്ന് ഒടുവിൽ കാരാഗൃഹത്തിൽ ചെന്നുചേരുമെന്നും കണ്ടതിനാൽ പ്രസ്തുതവേല തുടങ്ങുന്നതിനു ഞാൻ നിർബന്ധിതനായി.

ക്ളാ— ഇപ്രകാരമുള്ള പ്രവൎത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക ഗവർമ്മെൻറിൻെറ കൎത്തവ്യമാണെന്നുള്ളതിനു പക്ഷാന്തരമില്ല. രാജകുടുംബവും ഭരണസമിതിയും നിങ്ങളുടെ സ്ഥാപനത്തിൽ ഔൽസുക്യം പ്രദർശിപ്പിക്കുന്നുണ്ടെന്നുള്ള വസ്തുത തീർച്ചയായും നിങ്ങൾക്കു സന്തോഷപ്രദമായിരിക്കുമല്ലോ. അവർ നിങ്ങളെ പലവിധത്തിലും സഹായിക്കുകതന്നെ ചെയ്യും.

കൊ— കുട്ടികളെ സദ്വൃത്തരാക്കുന്നതിനും ഇത്രയധികം പേരുടെ ഇടയിൽ ക്രമം പാലിക്കുന്നതിനും നിങ്ങൾ സ്വീകരിച്ചിരിക്കുന്ന മാൎഗ്ഗമെന്താണ്?

ബോ— മതതത്വപ്രബോധനവും സഹനത്തോടുകൂടിയുള്ള സ്നേഹവും മാത്രമാണ്. അതേ, ശിക്ഷയുടെ സ്ഥാനത്തു സ്നേഹം.

ളൂ— നിങ്ങളുടെ ശിക്ഷണരീതി പ്രശംസനീയംതന്നെ. ഇപ്രകാരമായാൽ ഇത്രയധികം പോലീസുകാരും ഉദ്യോഗസ്ഥന്മാരും ആവശ്യകമായിവരുകയില്ല.

(ജോസെഫ് വൻസിനോ എന്ന ബാലൻ ബോസ്കോയുടെ കൈയിൽ ഒരെഴുത്തുകൊണ്ടുവന്നു കൊടുക്കുന്നു. ബോസ്കോ എന്തോ ചെവിയിൽ മന്ത്രിച്ചതിൻെറശേഷം അവൻ പോകാൻ ഭാവിക്കുന്നു.)

ക്ലോ— കുട്ടീ, നിൻെറ പേരെന്താണ്?

വൻ— ജോസെഫ് വൻസീനോ.

ക്ലോ— ജന്മദേശമേതാണ്?

വൻ— വരേസെ.

ക്ലോ— നിനക്ക് എന്തെങ്കിലും തൊഴിൽ വശമുണ്ടോ?

വൻ— ഞാൻ ഇപ്പോൾ കൊത്തുപണി പഠിക്കുകയാണ്.

ക്ലോ— നിൻെറ മാതാപിതാക്കന്മാർ ജീവിച്ചിരിക്കുന്നോ?

വൻ— എൻെറ അപ്പൻ മരിച്ചുപോയി.

ക്ലോ— അമ്മയോ?

വൻ— (ശങ്കിച്ചു തലകുനിച്ചു നില്ക്കുന്നു.)

ക്ലോ — നിൻെറ അമ്മയുണ്ടോ?

വൻ— (സഗൽഗദം:) എൻെറ അമ്മ..... എൻെറ അമ്മ കാരാഗൃഹത്തിലാണ്. (പൊട്ടിക്കരയുന്നു. എല്ലാവരും സഹതാപത്തോടുകൂടി അല്പനേരം മൗനം അവലംബിക്കുന്നു.)

ക്ലോ— സാധു! കാര്യം അറിയാതെ നിൻെറ കൊച്ചുഹൃദയത്തെ ഞാൻ വ്രണപ്പെടുത്തിയല്ലോ? കുഞ്ഞേ! അപ്പോൾ നീ രാത്രികഴിച്ചുകൂട്ടുന്നതെവിടെയാണ്?

വൻ— ഇതുവരെ ഞങ്ങളുടെ മുതലാളിയുടെ വീട്ടിലായിരുന്നു. എന്നാൽ, ഇവിടെ ബോർഡിംഗുകുട്ടികളുടെ കൂട്ടത്തിൽ എന്നേയും സ്വീകരിക്കാമെന്നു ബോസ്കോ അച്ചൻ സദയം സമ്മതിച്ചിട്ടുണ്ട്.

ക്ലോ— (ബോസ്കോയുടെ നേർക്കു തിരിഞ്ഞ്) അപ്പോൾ

നി...ം ഓററ്റരിയോടൊന്നിച്ച് ഒരു ബോർഡിംഗ്സ്കൂൾകൂടെ നടത്തിപ്പോരുന്നുണ്ടോ?

ബോ— അതേ; ഭവനരഹിതന്മാരും തീരെ തിരസ്കൃതന്മാരുമായവരെ ഉദ്ദേശിച്ച് അതും വേണ്ടിവന്നു. ഇവിടെ ഉണ്ണുകയും ഉറങ്ങുകയും ചെയ്തതിനുശേഷം അവർ പട്ടണത്തിലേക്കു പോയി തൊഴിൽ അഭ്യസിക്കുന്നു.

ളൂ— ഇതു ക്രിസ്തീയപരസ്നേഹകൃത്യത്തിൻെറ ഒരത്ഭുതംതന്നെ.

ബോ— ബഹുമാന്യന്മാരായ നിങ്ങൾ ഇവിടെത്തന്നെ ഇപ്രകാരം നിന്നു കഴിച്ചുകൂട്ടുന്നതു ഞങ്ങളുടെ ഈ വിനീതസ്ഥാപനത്തിന് അഭിമാനക്ഷയമാണ്. അതിനാൽ അകത്തേക്കു കടന്നിരുന്ന് അല്പം വിശ്രമിക്കാമല്ലോ?

ക്ളോ— അതിനു വിരോധമില്ല. എന്നാൽ, ഇപ്പോഴാണ് ഒരുകാര്യം എൻെറ ഓർമ്മയിൽ വന്നതു്. സ്ഥാപനം മുഴവനും ഒന്നു ചുററിനടന്നു കാണണമല്ലോ.

ബോ— തീരെ പാവപ്പെട്ട ഞങ്ങളുടെ ഈ സ്ഥാപനത്തിൽ ആകർഷകമായി ഒന്നുംതന്നെ കാണുകയില്ല. ഇതാ, ഇതിലേ നടക്കാം. (എല്ലാവരും ചുററിനടക്കുന്നു).

ബോ— കുട്ടികളുടെ ശയ്യാഗൃഹമാണിതു്. ഇതിൻെറ അപ്പുറത്തുള്ളതാണു ക്ലാസ്സുമുറികൾ. (വീണ്ടും നടന്നിട്ട്) ഇതു് അടുക്കള. അവിടെ പാത്രങ്ങൾ കഴുകിക്കൊണ്ടിരിക്കുന്നതു് എൻെറ അമ്മയാണ്. ഞങ്ങളുടെ പാവപ്പെട്ട കുട്ടികളുടേയും അമ്മതന്നെ.

(മാർഗരററ് ഒരു ഭാഗത്തു പാത്രങ്ങൾ കഴുകിക്കൊണ്ടിരിക്കുന്നു. സന്ദർശകന്മാർ അടുത്തുചെല്ലുന്നു.)

ക്ളോ— അമ്മേ, വന്ദനം. (എല്ലാവരും തൊപ്പിയെടുത്തു ആചരിക്കുന്നു.) (ചിരിച്ചുകൊണ്ട്) നിങ്ങളെ കണ്ടാൽ ഒരു അമ്മയും വേലക്കാരിയുമാണെന്നു തോന്നും.

മാർഗ— (കഴുകിക്കൊണ്ടിരിക്കുന്ന ഒരു പാത്രം കൈയിൽ പിടച്ചുകൊണ്ട് എഴുന്നേററു പ്രത്യുപചാരം ചെയ്തിട്ട്) അതേ, സ്വർഗ്ഗത്തിൽ നമുക്കുള്ള സ്ഥലം സമ്പാദിക്കുന്നതിന് എല്ലാ ക്രുട്ടവും ചെയ്യാൻ തയ്യാറായിരിക്കണമല്ലോ.

ക്ളോ—നിങ്ങൾ കുട്ടികൾക്ക് എന്തെല്ലാം കൊടുക്കുന്നുണ്ട്?

മാർഗ— അപ്പവും ഒരു കറിയും സൂപ്പും മാത്രം കൊടുക്കുന്നതിനേ ഞങ്ങളുടെ ഇപ്പോഴത്തേ സാഹചര്യങ്ങൾ അനുവദിക്കുന്നുള്ളു.

ളു.— ഫാദർ ബോസ്കോയ്ക്കു് എത്രതരം ഭക്ഷണസാധനങ്ങൾ കൊടുക്കുന്നുണ്ട്?

മാർഗ — ഒരുതരം മാത്രം.

കൊ – എന്തു്? അതു തീരെ കുറവാണല്ലോ. അതു നിങ്ങൾ പ്രത്യേകമായി പാകം ചെയ്യുമായിരിക്കും അല്ലേ?

മാർഗ— ഒന്നുമില്ല. ഞായറാഴ്ചമുതൽ വ്യാഴാഴ്ചവരെ രാവിലേയും വൈകീട്ടും ഒരേതരംതന്നെ.

ക്ളോ— പിന്നെയെന്താണു ഞായറാഴ്ചമുതൽ ഞായറാഴ്ചവരെ അങ്ങനെ ആക്കാത്തതു്.

മാർഗ— വെള്ളി, ശനി ഈ ദിവസങ്ങളിൽ മാംസം വർജ്ജിക്കേണ്ടതുകൊണ്ടുതന്നെ.

ക്ളോ— നിങ്ങളെ ഈ ജോലിയിൽ സഹായിക്കുന്നതിന് ആരെങ്കിലുമുണ്ടോ?

മാർഗ— ഉണ്ട്. ഇന്നു് അയാൾ വേറൊരു ജോലിയിൽ ഏർപ്പെട്ടിരിക്കയാണു്.

ക്ളോ— അയാളെവിടെ?

മാർഗ— (പുഞ്ചിരിയോടെ) നല്ലൊരു പാചകനാണയാൾ (പൊട്ടിച്ചിരിച്ചുകൊണ്ട്) അതാ നില്ക്കുന്നു. (ബോസ്കോയെ ചൂണ്ടിക്കാണിക്കുന്നു.)

ക്ളോ— (കൈകൊട്ടുതിട്ട്) ഞാൻ നിങ്ങളെ അനുമോ

ദിക്കതന്നെ ചെയ്യുന്നു. നിങ്ങൾ യുവജനങ്ങൾക്കു മാതൃകാപരമായ പരിശീലനം നല്കുന്ന ഒരാളും നല്ല ഒരു സാഹിത്യകാരനുമാണെന്നു പണ്ടേ കേട്ടിരുന്നു. പക്ഷേ, നിങ്ങൾ പാചകവൃത്തിയിൽ വിദഗ്ധനാണെന്നുള്ള വസ്തുത ഇപ്പോൾമാത്രമാണറിയുന്നതു്. കൊള്ളാം, റവറണ്ടു് ഫാദർ! ഞാൻ മുഖസ്തുതി പറകയാണെന്നു വിചാരിക്കരുതു്. ഇവിടെ കണ്ടവയെല്ലാം. എന്നേയും എൻെറ സ്നേഹിതന്മാരേയും വിസ്മയഭരിതന്മാരാക്കിയിരിക്കുന്നു. കത്തോലിക്കരും ഈ രാജ്യത്തെ പൗരന്മാരും പാർലിമെൻറംഗങ്ങളുമെന്ന നിലകളിൽ ഞങ്ങൾ നിങ്ങളുടെ സ്തുത്യർഹമായ വേലയെ പ്രശംസിക്കയും അതിനു സകല ഭാവുകങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.

ബോ— ഞാൻ ഈ സ്ഥാപനത്തെസ്സംബന്ധിച്ച് ഒരു നിയമാവലി എഴുതിയുണ്ടാക്കുന്നുണ്ടു്. സലേഷ്യൻസമാജം എന്നാണു് ഇതിനു പേരുകൊടുത്തിരിക്കുന്നതു്. നിയമാവലി എഴുതിക്കഴിഞ്ഞാൽ അതു തിരുസ്സിംഹാസനത്തിൽ സമർപ്പിച്ചിട്ട് അവിടത്തെ അംഗീകരണം സമ്പാദിച്ചതിനുശേഷം പ്രവൎത്തനം കുറെക്കൂടി വിപുലമാക്കുവാനാണു് ഉദ്ദേശിക്കുന്നതു്.

ക്ളോ— കൊള്ളാം. ഈ സ്ഥാപനം രാജ്യമെങ്ങും വ്യാപിച്ച് അതിൻെറ സത്ഫലങ്ങളാൽ ലോകത്തെ അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങളുടെ സ്ഥാപനത്തിനു ഞങ്ങളുടെ സംഭാവനയായി തത്കാലം ഇതു സ്വീകരിക്കുക. (ഒരു പണക്കിഴി കൊടുക്കുന്നു.) ഭരണസമിതിയിൽനിന്നു ഗണ്യമായ ഒരു വേതനം നിങ്ങൾക്കു ലഭിക്കത്തക്കവിധം ഞങ്ങൾ പരിശ്രമിക്കുന്നതായിരിക്കും. എന്നാൽ ഇപ്പോൾ യാത്രപറയുന്നു. (എല്ലാവരും ഹസ്തദാനം ചെയ്യുന്നു.)

(എല്ലാവരും പോയി.)

ശുഭം.

Printed and published by Br. James for the 'S. H. League',
at the J. M. Press, Seminary, Alwaye.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00007161*
T62 AN26

*The Sacred Heart League,*
*St. Joseph's Apostolic Seminary,*
*Alwaye.*

# സുപ്രതീക്ഷാവിജയം

(നാടകം)

ഗ്രന്ഥകർത്താവ്,

കവി. വി. എസ്. അൻഡ്രൂ

അവർകൾ.

T62
An26

Indic Digital Archive Foundation
gpura.org